# FOCUS

വാല്യം : LIV ജനുവരി - ജൂൺ 2024 നം. I

## ഉള്ളടക്കം

പേജ് നമ്പർ

### നയജാലകം


| | | | | |
|---|---|---|---|---|
| 1 | നിയമവാഴ്ചയുടെ വിജയം നീതിയുടെയും [മാതൃഭൂമി, 9 ജനുവരി 2024] | - അഡ്വ. കാളീശ്വരം രാജ് | .. | 1-4 |
| 2 | Beleaguered Indian media:Quo Vadis? [The Hindu, 19th January 2024] | - Shashi Tharoor | .. | 5-8 |
| 3 | ഭൂതവും വർത്തമാനവും [മാതൃഭൂമി ആഴ്ചപതിപ്പ്, 21-27 ജനുവരി 2024] | - രാമചന്ദ്ര ഗുഹ | .. | 9-13 |
| 4 | Tax Cotribution by States needs to be revisited [The Hindu, 23rd January 2024] | - R. Srinivasan & S Raja Sethu Durai | .. | 14-17 |
| 5 | India's problem-different drugs, identical brand names [The Hindu, 25th January 2024] | - Dinesh C. Thakur & Prasanth Reddy T. | .. | 18-21 |
| 6 | Untapped Potential [Down to Earth, 16-31 January 2024] | - Mohit Sharma | .. | 22-26 |
| 7 | The road to a healthy democracy [The Hindu, 6th February 2024] | - Prathap C. Reddy | .. | 27-29 |
| 8 | a) അടിസ്ഥാന ക്രിമിനൽ നിയമങ്ങൾ മാറുമ്പോൾ [മാതൃഭൂമി, 8 ഫെബ്രുവരി 2024] | - വി. എസ്. സിജു | .. | 30-34 |
| | b) പോലീസ് കസ്റ്റഡി 90 ദിവസം വരെ [മാതൃഭൂമി, 9 ഫെബ്രുവരി 2024] | - വി. എസ്. സിജു | .. | 35-36 |
| | c) പോലീസ് കഷ്ടപ്പെടും [മാതൃഭൂമി, 10 ഫെബ്രുവരി 2024] | - വി. എസ്. സിജു | .. | 37-39 |
| | d) വിദ്യാർഥികൾ പുതിയ നിയമം പഠിക്കണം പഴയ നിയമം അറിയണം [മാതൃഭൂമി, 13 ഫെബ്രുവരി 2024] | - വി. എസ്. സിജു | .. | 40-42 |

| | | | | |
|---|---|---|---|---|
| | | | | പേജ് നമ്പർ |
| 9 | മനുഷ്യവന്യജീവി സംഘർഷം [മാതൃഭൂമി, 20 ഫെബ്രുവരി 2024] | - പ്രൊഫ. മാധവ് ഗാഡ്ഗിൽ & വിനോദ് പയ്യട | .. | 43-46 |
| 10 | Having panchayats as self-governing institution [The Hindu, 21st February 2024] | - P. P. Balan | .. | 47-50 |
| 11 | A vaccine that pevents six cancers [The Hindu, 5th March 2024] | - Hrishikesh Pai & Upendra S. Kinjawadekar | .. | 51-54 |
| 12 | എന്തുകൊണ്ട് പെൺമെമ്മോറിയൽ? [മാതൃഭൂമി ആഴ്ചപതിപ്പ്, 10-16 മാർച്ച് 2024] | - സാറാജോസഫ് | .. | 55-60 |
| 13 | ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്തുകൊണ്ട് പ്രായോഗികമല്ല [മാതൃഭൂമി, 14 മാർച്ച് 2024] | - ഡോ. ജി. ഗോപകുമാർ | .. | 61-63 |
| 14 | Follow the Chinese way on high tech [Down to Earth, 1-15 March 2024] | - Latha Jishnu | .. | 64-67 |
| 15 | An unequal fight [Frontline, 22th March 2024] | - C. P. Chandrasekhar | .. | 68-71 |
| 16 | The wrong way to fight inequality [The Hindu, 2nd May 2024] | - Prashanth Perumal J. | .. | 72-75 |
| 17 | An inheritance tax will help reduce inequality [The Hindu, 8th May 2024] | - Advait Moharir & Rajendran Narayanan | .. | 76-79 |
| 18 | ഇന്ത്യൻ രാഷ്ട്രീയം സമർത്ഥമായി തമസ്കരിച്ച ബി. ആർ. അംബേദ്ക്കറുടെ രണ്ടു പ്രഖ്യാപനങ്ങൾ ഓർമ്മപ്പെടുത്തുന്നത്..... [മലയാള മനോരമ, 10th മെയ് 2024] | - സക്കറിയ | .. | 80-82 |
| 19 | Protection from climate change part of right to life [Down to Earth, 1-15 May 2024] | - | .. | 83-85 |

പേജ് നമ്പർ


20 Era of Deprivation - Prabhat Patnaik .. 86-92
[Frontline, 17th May 2024]

21 കാട് കാലിയാക്കുന്ന യൂക്കാലിയും കൊന്നയും - ടി. പി. പത്മനാഭൻ .. 93-95
[മാതൃഭൂമി, 22 മെയ് 2024]

22 പണ്ഡിറ്റ് നെഹ്റു ജനാധിപത്യ ഭാഷയും വ്യാകരണവും - സുധാ മേനോൻ .. 96-99
[മാതൃഭൂമി, 27 മെയ് 2024]

23 Human dignity versus religious practices - P. Selvi .. 100-102
[The Hindu, 25th June 2024]

II പാർലമെന്ററി അവലോകനം

1. Emerging challenge to the Constitution - Suryapratim Roy .. 103-109
[Frontline, 12th January 2024]

2. I-T searches,a form of extra-Constitutional power - Suhrith Parthasarathy .. 110-113
[The Hindu, 4th January 2024]

3. Post Office Act,its unbridied powers of interception - R. K. Viji .. 114-117
[The Hindu, 22nd January 2024]

4. Downloading child pornography is an offence - R. K. Viji .. 118-121
[The Hindu, 8th February 2024]

*പേജ് നമ്പർ*


5. How women can be represented in politics - Vipul Anekant & Sanjay Kumar .. 122-124
[The Hindu, 12th February 2024]

6. E-evidence, new criminal law, its implimentation - R. K. Viji .. 125-128
[The Hindu, 1st March 2024]

7. Intra-group caste variances, equality and the court's gaze - Suhrith Parthasarathy .. 129-132
[The Hindu, 13th March 2024]

8. Living wills implimentation lags in India - Nihal Sahu .. 133-135
[The Hindu, 4th April 2024]

9. New data law, a barrier to journalistic free speech - Shshank Mohan .. 136-138
[The Hindu, 16th April 2024]

10. The trouble with SC's EVM verdict - Vasudevan Mukunth .. 139-141
[The Hindu, 2nd May 2024]

11. Critical times call for strong judicial adjudication - Kaleeswaram Raj .. 142-145
[The Hindu, 21st May 2024]

12. ജനാധിപത്യത്തിലെ സ്വാതന്ത്ര്യ നിക്ഷേധങ്ങൾ - വി. എൻ. ഹരിദാസ് .. 146-160
[മാതൃഭൂമി ആഴ്ചപതിപ്പ്, മെയ് 26-ജൂൺ 1 2024]

13. Arrest, agencies, and criminal courts - R. K. Viji .. 161-163
[The Hindu, 12th June 2024]

14. Parliament's changed bench srength spells more hope - V. K. Prasad .. 164-168
[The Hindu, 24th June 2024]

പേജ് നമ്പർ

III

## സവിശേഷ വിവരങ്ങൾ


| | | | | |
|---|---|---|---|---|
| **1.** | Comments invited on Draft Indian Stamp Bill, 2023 [PRS Legislative Reserch, January 2024] | - Tanvi Vipra | .. | 169-170 |
| 2. | Water (Prevention and Control of pollution) Amendment Bill, 2024 passed by parliament [PRS Legislative Reserch, February 2024] | - Tanvi Vipra | .. | 171-172 |
| 3. | Parliament passes Bill prohibiting the use of unfair means in public examinations [PRS Legislative Reserch, February 2024] | - Rutvik Upadhyaya | .. | 173-174 |
| 4. | Supreme Court strikes down immunity to legislators for accepting bribes for votes or speeches inside a legislature [PRS Legislative Reserch, March 2024] | - Rutvik Upadhyaya | .. | 175 |
| 5. | Amendment to Citizenship Rules notified [PRS Legislative Reserch, March 2024] | - Rutvik Upadhyaya | .. | 176-177 |
| 6. | Scheme to promote domestic manufacturing of electric vehicles notified [PRS Legislative Reserch, March 2024] | - Pratinav Damani | .. | 178 |
| 7. | Amendments to Plastic Waste Management Rules, 2016 notified [PRS Legislative Reserch, March 2024] | - Tanvi Vipra | .. | 179-180 |

പേജ് നമ്പർ

8. National Dam Sefety Authority releases regiulations on dam safety and surveillance [PRS Legislative Reserch, May 2024] - Arpitha Mallick .. 181-182

9. Cabinet approves scheme to enhance forensic infrastructure in India [PRS Legislative Reserch, June 2024] - Rutvik Upadhyaya .. 183

10. Draft guidlines on mining plans released for public feedback [PRS Legislative Reserch, June 2024] - Atri Prasad Rout .. 184

IV പുസ്തക പരിചയം

1. Historical Hindsight [Down to Earth, February 16-29 2024] - Sanjoy Hzarika .. 185-189

2. Chronicles of sundarbans [Down to Earth, April 16-30 2024] - Rajat Ghai .. 190-192

V പാർലമെന്ററി നടപടികൾ

1. Resume of Business of the Fourth and Ffth Session of Twelth Legislative Assembly of Manipur .. 193-222

# നിയമവാഴ്ചയുടെ വിജയം നീതിയുടെയും

അഡ്വ കാളീശ്വരം രാജ്

**നിയമത്തിനു മുന്നിലെ തുല്യതയും നിയമവാഴ്ചയും നീതിബോധവും നില നിൽക്കുന്ന നാട്ടിൽ മാത്രമേ ജനാധിപത്യം പുലരൂ എന്ന് വ്യക്തമാക്കുന്ന തിങ്കളാഴ്ചത്തെ വിധി ലിംഗനീതി സങ്കൽപങ്ങൾക്ക് മാത്രമല്ല ഒരു രാഷ്ട്രത്തിന്റെ നീതിബോധത്തിനും മുന്നോട്ടുള്ള പ്രയാണത്തിനും തന്നെയാണ് ഊർജം പകരുക**

ഗുജറാത്തിലെ നിഷ്ഠൂരവും ഭീകരവുമായ ബലാത്സംഗ-കൊലപാതകക്കേസുകളിലെ പ്രതികൾക്ക്, എട്ട് ജനുവരി 2024-ലെ സുപ്രീകോടതി വിധിയോടെ തിരിച്ച് ജയിലിലേക്കുതന്നെ പോകേണ്ടിവരുമെന്നുറപ്പായിക്കഴിഞ്ഞു. ഒട്ടേറെ നിയമതത്ത്വങ്ങൾ പ്രതിപാദിക്കുന്ന ജസ്റ്റിസ് നാഗരത്നയുടെ വിധി സവിശേഷമാകുത് നിയമതത്ത്വങ്ങളുടെ പേരിൽ എന്നതിനെക്കാൾ വിട്ടുവീഴ്ചയില്ലാത്ത നീതിബോധത്തിന്റെ പേരിലാണ്. 251 പേജുള്ള ഈ വിധി ഇന്ത്യയിലെ നിയമവാഴ്ചയുടെയും നീതിബോധത്തിന്റെയും നീതിന്യായപരമായ ധാർമികതയുടെയും ഏറ്റവും മികച്ച മാതൃകകളിലൊന്നായി നിലകൊള്ളും.

എല്ലാ വാദമുഖങ്ങളുടെയും വിശദമായ പരിശോധനയാണ് ഇക്കാര്യത്തിൽ സുപ്രീംകോടതി നടത്തിയത്. ഇര തന്നെ കോടതിയിലെത്തിയ സ്ഥിതിക്ക് ഇത്തരം കേസുകളിൽ പൊതുതാത്പര്യ വ്യവഹാരം നിലനിൽക്കുമോയെന്ന അക്കാദമിക് വിഷയം സുപ്രീം കോടതി പരിശോധിക്കാതെ മാറ്റിവെക്കുകയും ഉന്നയിക്കപ്പെട്ട വിഷയങ്ങളുടെ നിയമവും നീതിശാസ്ത്രവും സമഗ്രമായി വിലയിരുത്തുകയും ചെയ്തു. വർഗീയതയും വർഗീയ കലാപവും മനുഷ്യരെ എത്ര വലിയ കാപാലികരും കഠിന ഹൃദയരുമാക്കിത്തീർക്കുന്നുവെന്നതിന് തെളിവാണ് ഈ കേസുകളിൽ പ്രതികൾക്കെതിരേ തെളിയിക്കപ്പെട്ട കുറ്റകൃത്യങ്ങൾ. വിധിയുടെ 2(1) ഖണ്ഡിക ഇക്കാര്യം വ്യക്തമാക്കുന്നു. അവരെല്ലാവരും ശിക്ഷിക്കപ്പെട്ട് ജയിലിലായി. വർഷങ്ങളോളം ജയിലിൽ കിടന്ന അവരെ 2022 ആഗസ്റ്റ് 10-ന് ഗുജറാത്ത് സർക്കാർ മോചിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. ഈ ഉത്തരവിന്റെ സാധുതയാണ് സുപ്രിംകോടതി പരിശോധിച്ചത്.

ഗുജറാത്തിൽ നടന്നകുറ്റ കൃത്യങ്ങളുടെ വിചാരണയും വിധി പ്രഖ്യാപനവും മഹാരാഷ്ട്രയിലേക്ക് മാറ്റിയതുതന്നെ ശരിയായ, നീതി പൂർവകമായ വിചാരണ ഉറപ്പാക്കാൻ വേണ്ടിയായിരുന്നു. 2002 മാർച്ച് നാലിന് രജിസ്റ്റർ ചെയ്യപ്പെട്ട പ്രഥമവിവര റിപ്പോർട്ടിൽ തെളിവില്ലെന്ന്

പറഞ്ഞ് കേസ് അവസാനിപ്പിച്ചു കൊണ്ടുള്ളതായിരുന്നു 2003 മാർച്ച് 25-ന്റെ 'അന്വേഷണ'റിപ്പോർട്ട്. അത് ചോദ്യം ചെയ്തുകൊണ്ട് 20 വർഷം മുമ്പ് തുടങ്ങിയതാണ് ഇക്കാര്യത്തിൽ ഇരയുടെ നിയമയുദ്ധം. ചരിത്രത്തിൽത്തന്നെ ഏറെയൊന്നും സമാനതകളില്ലാത്ത നീതിക്കുവേണ്ടിയുള്ള പോരാട്ടമായിരുന്നു അത്. പുനരന്വേഷണത്തിനും മഹാരാഷ്ട്ര യിലേക്ക് മാറ്റിയ വിചാരണയ്ക്കും ശേഷം 2008-ൽ സെഷൻസ് ജഡ്ജി പതിനൊന്നു പ്രതികളെ ശിക്ഷിച്ചു. ശിക്ഷ ഉയർന്ന കോടതികൾ ശരിവെച്ചു. പിന്നീട്, ശിക്ഷിക്കപ്പെട്ട പ്രതികളെ ഗുജറാത്തിലെ ജയിലിലേക്ക് മാറ്റണമെന്ന് 2013 ഓഗസ്റ്റ് അഞ്ചിന് സുപ്രീംകോടതി ഉത്തരവിട്ടു.

അതിനിടെ 14 വർഷത്തിലേറെ യായി തടവിൽക്കിടക്കുന്ന പ്രതികളെ ഇനി വിട്ടയക്കണമെന്ന അപേക്ഷയുമായി ഒരു ഹർജി ഗുജറാത്ത് ഹൈക്കോടതി യിലാണ് ഫയൽ ചെയ്യപ്പെട്ടത്. ക്രിമിനൽ നടപടിക്രമത്തിലെ 432(7) വകുപ്പു പ്രകാരവും സുപ്രീകോടതിയുടെ ശ്രീഹരൻ കേസിലെ (2016) ഭരണഘടനാ ബെഞ്ചിന്റെ വിധിയനുസരിച്ചും ഇത്തരം ഹർജി പരിഗണിക്കാനുള്ള അധികാരം വിചാരണ നടന്നയിടത്തെ സർക്കാരിനാണ്; അഥവാ മഹാരാഷ്ട്രാ സർക്കാരിനാണ്. ഈ തത്ത്വങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട് സുപ്രീംകോടതിയിൽ നിന്നുതന്നെ പ്രതികൾ നേടിയെടുത്ത ആനുകൂല്യം തട്ടിപ്പുനടത്തി നേടിയതാണെന്ന് പ്രഖ്യാപിക്കുന്നതാണ് ജസ്റ്റിസ് നാഗരത്നയും ജസ്റ്റിസ് ഉജ്ജ്വൽഭുയാനും അടങ്ങിയ സുപ്രീംകോടതി ബെഞ്ചിന്റെ പുതിയ വിധി. ഇതാണ് പുതിയ വിധിയിലെ ഏറ്റവും ശക്തവും ശ്രദ്ധേയവുമായ ഭാഗം. അവ്യക്തവും നീതിരഹിതവുമായ ഗുജറാത്ത് സർക്കാരിന്റെ പഴയ ജയിൽനയവും അതിനൊപ്പം നിൽക്കുന്ന സംവിധാനങ്ങളെയും ഉപയോഗിച്ചു കൊണ്ട് ചുളുവിൽ പ്രതികളെ ജയിലിൽ നിന്ന് പുറത്തേക്കെടുക്കാനും അതിന് പരമോന്നത കോടതിയുടെ ഉത്തരവിന്റെ പിൻബലം ഉണ്ടാക്കാനുമുള്ള കുത്സിത നീക്കങ്ങളാണ് പിന്നീടുണ്ടായത്. ഈ ഉത്തരവ് സമ്പാദിച്ച രീതിയെ പൂർണമായും അനാവരണം ചെയ്യുന്ന താണ് തിങ്കളാഴ്ചത്തെ വിധി.

സുപ്രീംകോടതിയുടെ 2022-ലെ വിധി ഇത്തരം കേസുകളിൽ ഇരകളുടെ സുരക്ഷിതത്വവും താത്പര്യങ്ങളും പരിഗണിക്കണമെന്ന മുൻകാലവിധികൾ പരാമർശിക്കപ്പെട്ടിട്ടില്ല. ആ നിലയ്ക്കുള്ള ഉദ്യോഗസ്ഥതല ശിപാർശകളും അവഗണിക്കപ്പെട്ടു. എന്നാൽ, സാങ്കേതിക തയിലൂന്നിയ വാദങ്ങളെക്കൂടി പരിഗണിച്ചു കൊണ്ടുമാത്രമേ സുപ്രീകോടതിക്ക് മുൻകാലവിധി തെറ്റായിരുന്നുവെന്ന് പറയാൻ കഴിയുമായിരുന്നുള്ളൂ. അത് തികച്ചും ഫലപ്രദമായും സമഗ്രമായും നിർവഹിച്ചുവെന്നതാണ് തിങ്കളാഴ്ചത്തെ വിധിയെ സവിശേഷമാക്കുന്നത്. ഏറെയൊന്നും സമാനതകളില്ലാത്ത ഈ നീതിന്യായസമീപനത്തിന് പക്ഷേ, വസ്തുതകളുടെയും നിയമത്തിന്റെയും

യുക്തിയുടെയും പിൻബലമുണ്ടെന്നതാണ് ശ്രദ്ധേയമായ കാര്യം. ഒപ്പം, വിശദമായ പരിശോധനകളും വ്യക്തിപരമായ അന്വേഷണങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള, പ്രതികളെ 'മൊത്തത്തിൽ' പുറത്തുവിടുന്ന ഉത്തരവിന്റെ അസ്വീകാര്യതയും വ്യക്തമാക്കുന്നതാണ് സുപ്രീം കോടതിയുടെ പുതിയ വിധി.

ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരമില്ലാത്ത ഗുജറാത്ത് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ആ കാരണമൊന്നുകൊണ്ടു മാത്രം അസാധുവാണെന്ന് ജസ്റ്റിസ് നാഗരത്ന എഴുതിയതിന് മുൻകാലവിധികളുടെയും നിയമവ്യവസ്ഥകളുടെയും പിൻബലമുണ്ട്. ഇവയെ മറികടക്കാനായിരുന്നു പ്രതികളും നിർഭാഗ്യകരമെന്നു പറയട്ടെ സർക്കാരും ഗുജറാത്ത് സർക്കാരിനോട് വിഷയം പരിഗണിക്കാനാവശ്യപ്പെട്ട 2022-ലെ സുപ്രീംകോടതി വിധി ചൂണ്ടിക്കാണിച്ചത്. ഈ വാദം പരിശോധിക്കുന്ന പുതിയ വിധിയിലെ 35 മുതലുള്ള ഖണ്ഡികകളിലെ യുക്തിഭദ്രത പ്രശംസനീയമാണ്. തെറ്റിദ്ധരിപ്പിക്കുന്നതും വസ്തുതകൾ മറച്ചുവെക്കുന്നതുമായ ഹർജി വഴി നേടുന്ന വിധികൾ, അവ സുപ്രീം കോടതിയുടേതായാൽപ്പോലും നിലനിൽക്കില്ല എന്ന് ജസ്റ്റിസ് നാഗരത്ന എഴുതി. വിധിയുടെ 36(3)ഖണ്ഡികയിൽ 2022-ലെ സുപ്രീംകോടതി വിധിയിൽ പറഞ്ഞ കാര്യങ്ങളും 36(4) ഖണ്ഡികയിൽ പഴയ ഹർജിയിൽ മറച്ചുവെച്ച കാര്യങ്ങളും പരിശോധിക്കേണ്ടിയിരുന്ന പ്രസക്ത വസ്തുതകളും ഏതെല്ലാമാണെന്ന് ജസ്റ്റിസ് നാഗരത്ന എണ്ണമിട്ട് വ്യക്തമാക്കുന്നു. ഒരു പ്രതി നൽകിയ ഹർജി മുഴുവൻ പ്രതികൾക്കും അനുകൂലമായ സർക്കാർ ഉത്തരവിൽ കലാശിക്കുന്നതിലെ വൈചിത്രവും തിങ്കളാഴ്ചത്തെ വിധിയിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

വഞ്ചനയിലൂടെയും തട്ടിപ്പിലൂടെയും നേടിയെടുക്കുന്ന വിധികൾ അസാധുവാണെന്ന് വിധികൾ പരാമർശിക്കുന്ന കൂട്ടത്തിൽ, എസ്. പി. ചെങ്കൽവരയ നായിഡു (1993) മുതൻ രാംകുമാറും സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശും തമ്മിലുള്ള കേസിലെ വിധി (2022) വരെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. നിയമ വിദ്യാർഥികൾക്കുള്ള ഒരു പഠനവിഭവം കൂടിയാണ് ജസ്റ്റിസ് നാഗരത്നയുടെ വിധിയെന്നും പറഞ്ഞുകൊള്ളട്ടെ. ഓരോ പ്രതിയുടെയും പശ്ചാത്തലവും സ്വഭാവ സവിശേഷതകളും പ്രത്യേകമായി പരിശോധന നടത്തിയ ശേഷം മാത്രമേ ശിക്ഷിക്കപ്പെട്ടവരെ കാലാവധിക്കുമുമ്പ് ജയിലിൽനിന്ന് പുറത്തിറക്കിക്കൊണ്ട് ഉത്തരവിടാൻ കഴിയൂ എന്നും കോടതി വ്യക്തമാക്കി. ലക്ഷ്മൺ നസ്കാർ കേസിലെ മുൻകാലവിധി (2000) ഈ പശ്ചാത്തലത്തിൽ സുപ്രീംകോടതി പരാമർശിക്കുന്നുമുണ്ട്.

നിയമത്തിനു മുന്നിലെ തുല്യതയും നിയമവാഴ്ചയും നീതിബോധവും നിലനിൽക്കുന്ന നാട്ടിൽ മാത്രമേ ജനാധിപത്യം പുലരൂ എന്ന് വ്യക്തമാക്കുന്ന തിങ്കളാഴ്ചത്തെ വിധി ലിംഗനീതി സങ്കല്പങ്ങൾക്ക് മാത്രമല്ല, ഒരു രാഷ്ട്രീയത്തിന്റെ നീതി ബോധത്തിനും മുന്നോട്ടുള്ള പ്രയാണത്തിനും തന്നെയാണ് ഊർജം പകരുക. കലുഷിതമായ ഒരു രാഷ്ട്രീയ സാഹചര്യത്തിലും ഭൂരിപക്ഷവാദത്തിന്റെ കുത്തിപ്പാച്ചിലിനിടയിലും നീതിയുടെ സർഗഗോപുരങ്ങൾ ഉയർന്നു തന്നെ നിലകൊള്ളും.

നാസി ഭരണകാലത്ത് ജർമൻ ഭരണഘടനാ കോടതികൾ നടത്തിയ പല വിധിപ്രസ്താവങ്ങളും രാഷ്ട്രീയ വിധേയത്വത്തിന്റെ പേരിൽ ഉണ്ടായതാണെന്ന കാരണത്താൽ പിൽക്കാല ന്യായാധിപർ അംഗീകരിച്ചിരുന്നില്ല. എന്നാൽ, രാഷ്ട്രീയ സംവിധാനങ്ങളോടല്ല, ഭരണഘടനയോടാണ് തങ്ങളുടെ പ്രതിബദ്ധതയെന്ന നിലപാടാണ് തിങ്കളാഴ്ച സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധിന്യായത്തിന് വജ്രശോഭ പകരുന്നത്.

*(സുപ്രീം കോടതിയിലും കേരള ഹൈക്കോടതിയിലും അഭിഭാഷകനാണ് ലേഖകൻ)*

**മാതൃഭൂമി**
**9 ജനുവരി 2024.**

# Beleaguered Indian media: Quo Vadis?

Shashi Tharoor

> The Fourth Estate having slipped from its true place in a democracy is a serious concern and theres much to do set things right again

Since liberalisation in 1991, the audiovisual media has transformed itself. Economic growth, the freeing of broadcast media from government control and the Internet have all prompted an explosion in the quantity, if not quality, of media offerings. In the process, Indian journalism changed in style as well as substance. But this has not always been a "good thing".

Media now is driven by the "breaking news" culture and the search for the villain of the day: the news must be broken and so, it seems, must the person. Television news in India, with far too many channels competing 24/7 for the same sets of eyeballs and ratings points ("TRP's"), has long given up any pretence of providing a public service, with the "breaking news" story privileging sensation over substance. (Indian TV epitomises the old witticism about why television is called a 'medium': Because it is neither rare nor well done.) The Fourth Estate today serves simultaneously as witness, prosecutor, judge, jury and executioner. In ancient times, India put its accused through agnipariksha, a trial by fire; today, we put them through a trial by media.

Social media, with its culture of unverified "fact" and viral opinion, compounds the problem: it offers a ready platform for material that would not have passed editorial scrutiny. Sadly, matters are not much better in the print media, despite its ability to provide context, depth and analysis that television cannot.

However, print media has also been affected: journalists trying to keep up with the relentless 24x7 breaking news cycle, and the rise of social media, now feel pressed to publish without the traditional recourse to fact-checking.

The result is that our media, in its rush to air the story, has fallen prey to the inevitable rush to judgment: it has

become a willing accomplice of the motivated leak and the malicious allegation. Charges are reported uncritically, without editors asking even the most basic questions about their plausibility. The damage is done in a blaze of lurid headlines-and rectification, if it comes at all, comes too feebly and too late to undo the irreparable damage to innocent people's reputations.

The distinctions among fact, opinion and speculation, reportage and rumour, sourced information and unfounded allegation, which are drummed into journalism students' heads the world over, have blurred into irrelevance in today's Indian media.

This should be a matter of serious concern to all right thinking Indians, because free media are the lifeblood of our democracy. They provide the information that enables a free citizenry to make the choices of who governs them and how, and ensures that those who govern will remain accountable to those who put them there. It is the media's job to look critically at elected officials actions (or inaction), rather than at marginalia that have no impact on the public welfare.

Instead, the media's obsession with the superficial and the sensational trivialises public discourse, abdicates the watchdog responsibility that must be exercised by free media in a democracy, and serves as a weapon of mass distraction for the public from the real questions of accountability with which the governed must confront the government.

Despite these concerns and criticisms, I remain strongly wedded to a free press. I have always valued the evocative image of the canary in a cage being sent down a mine-shaft to see if there is enough oxygen at the bottom; if it comes back dead, or spluttering for air, you know it is not safe for miners to be sent down. The free press is like that canary; if it is choking or suffocated, that is a clear indication that society is no longer safe for the rest of us.

Government needs a free and professional media to keep it honest and efficient, to serve as both mirror (to society) and scalpel (to probe wrongdoing). If instead all we have is a blunt axe, society is not well served. The free press is both the mortar that binds together the bricks of our country's freedom, and the open window embedded in those bricks.

No Indian democrat would call for censorship, or for controls on the free press: it is bad enough that our current rulers have intimidated newspapers and blocked TV channels for publishing news that is prejudicial to government interests, as was the case three times in the past few years, arrest journalists under UAPA and deny them bail. What democrats want is not less journalism, but better journalism.

**How do we get there?**

First, we must engender a culture of fact-verification and accuracy that the industry currently appears to lack. Journalists should not feel pressed by their employers to "break the news", but empowered to hold stories until they are sure their facts and accusations are accurate. The rush to judgment on the basis of partial information must stop.

Second, we must insist on better journalistic training at accredited media institutes that emphasise values of accuracy, integrity and fairness in their students. These standards should extend to media organisations. When false claims or intentionally misleading statements are published or broadcast, TV and print news outlets should issue retractions with equal prominence.

Third, we must welcome different perspectives in our newsrooms and not allow them to become echo chambers forcing an opinion onto their viewers in the guise of "the nation wants to know". Newsrooms must be required to maintain a more diverse journalistic environment. Every story plugging a point of view must be required to provide some space for the alternative view, or for a refutation.

Fourth, journalists must welome comments and feedback from their viewers and readers, to generate both an environment of trust between the consumers and the media, and the feeling on the part of the public that they are not merely passive recipients of a point of view. The Hindu is one of the newspapers to have had a Readers Editor who serves as an Ombudsman for the newspaper and acknowledges mistakes of fact or emphasis in the newspaper's coverage. This helps drive a natural cycle of loyalty and engagement between the paper and its readers.

Fifth, the government must introduce laws and regulations that limit control of multiple news organisations by a single business or political entity, thereby encouraging an independent and robust press in the country. A powerful business interest, vulnerable to government pressure, will usually override ethical journalistic concerns. India is one of the few major countries where no restrictions currently exist when it comes to media ownership by its affluent citizens.

Finally, a single overseer for print and television news companies, as recommended by the Telecom Regulatory Authority of India and the parliamentary Committee on Information Technology when I chaired it, would help limit the power of corporate and political behemoths over our media and help promote media standards.

The best is yet to come. India's population is becoming more literate by the day, resulting in an ever-growing mass of media consumers. But they deserve a media that contributes to shaping an informed, educated and politically aware India, one ready to hold its governments accountable, its society safe and its people ready to push boundaries.

If India wishes to be taken seriously by the rest of the world as a responsible global player and a model 21st century democracy, we will have to take ourselves seriously and responsibly as well. Our media would be a good place to start.

*(Shashi Tharoor is third term MP for Thiruvananthapuram and the Sahitya Akademi Award winning author of 24 books, including The Battle of Belonging, Patriotissm, Nationalism and What it Means to be Indian and most recently, Ambedkar, A life)*

**The Hindu,**
**19 January 2024**

# ഭൂതവും വർത്തമാനവും

രാമചന്ദ്ര ഗുഹ

**എനിക്കറിയാവുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിൽവെച്ച് സാമൂഹിക സംഘടനകൾ ഏറ്റവും സജീവമായി പ്രവർത്തിക്കുന്നത് കേരളത്തിലാണ്. ഭരണകൂടങ്ങളിൽ നിന്നും രാഷ്ട്രീയപാർട്ടികളിൽ നിന്നും സ്വതന്ത്രമായാണ് ഇവയുടെ നിലനിൽപ്പ്. ശാസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം, പാരിസ്ഥിതികസുസ്ഥിരത എന്നീ മേഖലകളിലെല്ലാം ഇവർ ഗൗരവമായി ഇടപെടുന്നു. ബുദ്ധിജീവികളുടെയും ശാസ്ത്രജ്ഞരുടെയും പങ്കാളിത്തം ഈ സംഘടനകളുടെ പ്രവർത്തനങ്ങളെ സമ്പുഷ്ടിപ്പെടുത്തുന്നുമുണ്ട്. അക്കാദമിക് വിദഗ്ദധരും പൊതുസമൂഹവും തമ്മിൽ ഏറ്റവും സൃഷ്ടിപരമായ ആശയവിനിമയം നടക്കുന്ന സംസ്ഥാനവും കേരളം തന്നെ**

കഴിഞ്ഞ മുപ്പതുവർഷങ്ങൾക്കുള്ളിൽ രണ്ടുഡസൻ തവണയെങ്കിലും ഞാൻ കേരളം സന്ദർശിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങൾ ചർച്ചചെയ്യുന്ന ധാരാളം പൊതുയോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പൊതുസമൂഹത്തിന്റെ ചലനാത്മകതയും കരുത്തുമാണ് ഇവിടങ്ങളിലൊക്കെ എനിക്ക് അനുഭവപ്പെട്ട കാര്യം. ഏറ്റവുമൊടുവിൽ കേരളത്തിലെത്തിയത് കഴിഞ്ഞമാസമായിരുന്നു. സംസ്ഥാനത്തിന്റെ ഏറ്റവും തെക്കേയറ്റത്തെ മത്സ്യത്തൊഴിലാളിസമൂഹത്തെ പ്രതിനിധീകരിക്കുന്ന ജനകീയ സമര സമിതിയുടെ ക്ഷണം സ്വീകരിച്ചായിരുന്നു ഈ സന്ദർശനം. വിഴിഞ്ഞത്ത് നിർമിച്ചു കൊണ്ടിരിക്കുന്ന കൂറ്റൻ തുറമുഖത്തിനെതിരേ ഏതാനും വർഷങ്ങളായി സമരമുഖത്താണിവർ. വലിയ സമൃദ്ധി കൊണ്ടുത്തന്ന് 'ഇന്ത്യയിലെ സിങ്കപ്പൂരാകും' ഈ തുറമുഖമെന്ന് സംസ്ഥാനസർക്കാർ അവകാശപ്പെടുന്നു. എന്നാൽ, പ്രദേശവാസികൾ ഇത്തരം അവകാശവാദങ്ങൾ വിശ്വസിക്കുന്നില്ല. 'വിനാശകരമായ വികസനത്തിന്റെ' മകുടോദാഹരണമായാണ് അവരീ പദ്ധതിയെ കാണുന്നത്.

തുറമുഖപദ്ധതിയെക്കുറിച്ചും അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും പഠിക്കാൻ ജനകീയ സമരസമിതി ഒരു വിദഗ്ധസംഘത്തെ നിയോഗിച്ചു. അവർ പുറത്തിറക്കിയ റിപ്പോർട്ട് ഈ മേഖലയിലെ പഠനമാതൃകയായി കണക്കാക്കാവുന്നതാണ്. വ്യത്യസ്ത പഠനമേഖലകൾ ഒന്നിക്കുന്ന ഗവേഷണപ്രവർത്തനത്തിന്റെ മികച്ച ഉദാഹരണം കൂടിയാണിത്. പരിസ്ഥിതിശാസ്ത്രജ്ഞർ, ഭൗമശാസ്ത്രജ്ഞർ, കാലാവസ്ഥാ ശാസ്ത്ര,സാമൂഹിക ശാസ്ത്രജ്ഞർ, സാമ്പത്തികശാസ്ത്രജ്ഞർ എന്നിവരുടെയെല്ലാം വീക്ഷണങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. ഇവരുടെ അഭിപ്രായങ്ങൾക്ക് സാംഗത്യം നൽകുന്ന

തരത്തിലുള്ള വിശദമായ കണക്കുകളും പട്ടികകളുമെല്ലാം റിപ്പോർട്ടിലുണ്ട്. തുറമുഖനിർമാണം തുടങ്ങുന്നതിന് മുൻപും ശേഷവുമുള്ള ഫോട്ടോ ഗ്രാഫുകളും ചേർത്തിരിക്കുന്നു. മേഖലയിലെ സമസ്ത വിഷയങ്ങളെക്കുറിച്ചും നടത്തിയ ശാസ്ത്രീയപഠനങ്ങളും അഭിമുഖങ്ങളും സർവേകളും പൊതുജനങ്ങളുടെ അഭിപ്രായങ്ങളുംകൊണ്ട് സമ്പന്നമാണീ പഠനറിപ്പോർട്ട്.

കേരളത്തിലെ ഏറ്റവും മികച്ച, പൊതുജനതത്പരരായ ശാസ്ത്രജ്ഞർ തയ്യാറാക്കിയ ഈ റിപ്പോർട്ടിന്റെ തലക്കെട്ട് ഇങ്ങനെയാണ്: 'അവർ ബീച്ചസ്, അവർ സീ: ഹെറിറ്റേജ് ഓഫ് ഫിഷിങ് കമ്യൂണിറ്റീസ്, യൂസഫ്രക്ട് ഓഫ് ഓൾ സിറ്റിസൻസ്-ഇംപാക്ട് ഓഫ് ദ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ഓൺ ദ ബീച്ചസ്, കോസ്റ്റൽ സീ, ബയോഡൈവേഴ്സിറ്റി, ആൻഡ് ദ ലൈവ് ലിഹുഡ്സ് ഓഫ് ഫിഷിങ് കമ്യൂണിറ്റീസ് ഇൻ തിരുവനന്തപുരം ഡിസ്ട്രിക്ട്'. രാജ്യത്തെ അപൂർവം സർവകലാശാലകൾക്കേ ഇതുപോലൊരു ഗവേഷണ റിപ്പോർട്ട് തയ്യാറാക്കാനാവൂ. ഒരു സർക്കാർ വകുപ്പിനും ഇതുപോലൊന്ന് സാധിക്കുകയുമില്ല. വിഴിഞ്ഞം തുറമുഖം കേരളത്തിലെ ജനങ്ങൾക്ക് ഗുണത്തേക്കാൾ ദോഷമാണ് സമ്മാനിക്കുകയെന്ന് ഈ റിപ്പോർട്ടിലെ കണക്കുകളും വിവരങ്ങളും കൃത്യമായി നമുക്ക് പറഞ്ഞുതരുന്നു.

തുറമുഖനിർമാണം തുടങ്ങുന്നതിനു മുൻപ് കേരളത്തിലെ ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ മത്സ്യത്തൊഴിലാളി ഗ്രാമമായിരുന്നു വിഴിഞ്ഞം. 4500 മത്സ്യത്തൊഴിലാളികുടുംബങ്ങൾക്ക് ആശ്രയമായ ഈ കടലോരത്തുനിന്ന് ആയിരക്കണക്കിന് ബോട്ടുകൾ പ്രവർത്തിക്കുന്നു. കാലവർഷസമയത്ത് മറ്റ് തീരമേഖലകളിലെ മത്സ്യത്തൊഴിലാളികൾക്കും വിഴിഞ്ഞം സുരക്ഷിതമായ ഉപജീവനസാധ്യതയൊരുക്കി. സ്ഥിരതയുള്ളതും ലാഭകരവുമായ സ്വയം തൊഴിൽസാധ്യതയായതിനാൽ മത്സ്യത്തൊഴിലാളി സമൂഹത്തിലെ വിദ്യാസമ്പന്നരായ നിരവധി ചെറുപ്പക്കാർ മീൻപിടിത്തത്തിനിറങ്ങിയിരുന്നു. ആധുനികവും സാങ്കേതികവിദ്യയിലധിഷ്ഠിതവുമായ സങ്കേതങ്ങളുപയോഗിച്ച് മത്സ്യബന്ധനം നടത്തിയ ഈ ചെറുപ്പക്കാർ വിപണനത്തിനും നൂതനസംവിധാനങ്ങളൊരുക്കി. കടലും തീരവുമായി ആഴത്തിലുള്ള സാംസ്കാരികബന്ധമുണ്ട് ഇവർക്കെല്ലാം, റിപ്പോർട്ട് നിരീക്ഷിക്കുന്നു.

എന്തൊക്കെ വിവരങ്ങൾ മറച്ചുവെച്ചും വളച്ചൊടിച്ചുമാണ് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ (വി.ഐ.എസ്.എൽ.) സ്ഥാപകർ പാരിസ്ഥിതികാനുമതി നേടിയെടുത്തതെന്ന് ഈ റിപ്പോർട്ട് അക്കമിട്ടുപറയുന്നു. അവർ തയ്യാറാക്കിയ 'പാരിസ്ഥിതികാഘാത റിപ്പോർട്ടിൽ'പ്രദേശത്തെ ജൈവവൈവിധ്യത്തിനുണ്ടാകുന്ന തകർച്ചയും മത്സ്യത്തൊഴിലാളികുടുംബങ്ങൾക്കുണ്ടാകുന്ന നഷ്ടവും ചെറുതാക്കി കാണിച്ചു. വിനോദസഞ്ചാരമേഖലയിലുണ്ടാകുന്ന തിരിച്ചടി, തീരദേശമേഖലയിലെ മണ്ണൊലിപ്പ് കാരണമുണ്ടാകുന്ന പ്രത്യാഘാതം, പ്രദേശത്തെ കുന്നുകളും കടൽത്തീരങ്ങളും

എന്നന്നേക്കും നഷ്ടമാകുമെന്ന വസ്തുത എന്നിവയൊന്നും കമ്പനി തയ്യാറാക്കിയ പഠനറിപ്പോർട്ടിൽ കാര്യമായി പരാമർശി ക്കപ്പെട്ടതേയില്ല.

അദാനി ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള നിർദിഷ്ട വിഴിഞ്ഞം തുറമുഖം നാല് പ്രധാന മേഖലകളിൽ ഗുരുതരപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ശാസ്ത്രജ്ഞരുടെ പഠനറിപ്പോർട്ട് വിശദമായി നമുക്ക് പറഞ്ഞുതരുന്നു. സാമ്പത്തികമായി ചിന്തിക്കുമ്പോൾ ഏറെ വൈകിനീങ്ങുന്ന പദ്ധതിയുടെ മുതൽ മുടക്ക് ഇപ്പോൾത്തന്നെ നിശ്ചയിച്ചതിനെക്കാൾ വർധിച്ചിട്ടുണ്ട്. പദ്ധതിയിൽ നിന്നുള്ള നേട്ടങ്ങളുടെ കണക്ക് ഊതിവീർപ്പിച്ചതാണ്. സാമൂഹികമായി പരിശോധിക്കുമ്പോൾ ജനങ്ങൾക്കിടയിലെ അസമത്വം വർധിപ്പിക്കാനേ പദ്ധതി സഹായിക്കൂ. മത്സ്യത്തൊഴിലാളികൾ കുടിയൊഴിപ്പിക്കപ്പെടുന്നതോടെ സമ്പന്നരും അധ്വാനിക്കുന്നവരും തമ്മിലുള്ള സാമ്പത്തികവിടവ് കൂടുതൽ വലുതാകും. തീരദേശഗ്രാമങ്ങളിലെ സ്ത്രീകളുടെ ദുരിതം വർധിപ്പിക്കാനും പദ്ധതി കാരണമാകും. ജീവിക്കാനായി വീട്ടുജോലിക്ക് പോകുകയല്ലാതെ ഇവരുടെ മുൻപിൽ മറ്റുവഴികളൊന്നുമുണ്ടാകില്ല.

പരിസ്ഥിതിയെ സംബന്ധിച്ച്, കടൽത്തീരങ്ങളുടെയും സമുദ്ര സമ്പത്തിന്റെയും നാശം വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും. ജലസ്രോതസ്സുകളുടെ മലിനീകരണവും പ്രശ്നം സൃഷ്ടിക്കും. ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങൾ മത്സ്യത്തൊഴിലാളിസമൂഹങ്ങളുടെ ജീവനോപാധികളെയും ബാധിക്കും. അതീവദുർബലമാണ് കടലോരത്തെ ആവാസവ്യവസ്ഥ. ഇത്തരം വമ്പൻ പദ്ധതികൾ മേഖലയിൽ പരിഹരിക്കാനാവാത്ത തകരാറുകൾ സമ്മാനിക്കും. കാലാവസ്ഥാ മാറ്റത്തിന്റെ ഭീഷണി ഇപ്പോൾത്തന്നെ നമ്മുടെ തലയ്ക്കുമുകളിൽ നിൽക്കുന്നുണ്ട്. ചക്രവാതം പോലുള്ള പാരിസ്ഥിതികദുരന്തങ്ങൾ സംഭവിച്ചാൽ ഈ പ്രദേശത്ത് അത് കനത്ത നാശം വിതയ്ക്കും.

വിഴിഞ്ഞം പദ്ധതി നിലവിൽ വന്നാലുണ്ടാകുന്ന നഷ്ടത്തിന്റെ കണക്കും ശാസ്ത്രജ്ഞരുടെ റിപ്പോർട്ടിലുണ്ട്. മത്സ്യബന്ധനം, തീരസംരക്ഷണം, വിനോദസഞ്ചാരം, ജലത്തിന്റെ ഗുണമേന്മ, സാംസ്കാരികവും സൗന്ദര്യപരവുമായ മൂല്യത്തകർച്ച എന്നിവയെല്ലാമുൾപ്പെടെ വർഷാവർഷം 2027 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. ഈ കണക്കുമാത്രം മതി വിഴിഞ്ഞം പദ്ധതി കേരളത്തിന് സാമ്പത്തികമായി ഗുണംചെയ്യില്ലെന്ന് മനസ്സിലാക്കാൻ.

ഏറ്റവുമൊടുവിൽ രാഷ്ട്രീയമായി പരിശോധിക്കുമ്പോൾ അതീവ രഹസ്യാത്മകമായും ഒട്ടും സുതാര്യതയില്ലാതെയും ജനാധിപത്യവിരുദ്ധമായുമാണ് പദ്ധതി കൊണ്ടുവരുന്നതെന്ന് മനസ്സിലാക്കാം. ജനാധിപത്യതത്ത്വങ്ങളും രീതികളും അട്ടിമറിച്ചുകൊണ്ടുള്ള ഇത്തരമൊരു പദ്ധതിയുടെ ഉത്തര വാദിത്വത്തിൽനിന്ന് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിനും കേരളത്തിൽ മാറിമാറി വന്ന യു.ഡി.എഫ്. എൽ.ഡി.എഫ്. സർക്കാരുകൾക്കും ഒഴിയാനാവില്ല.

സാമൂഹികനീതിയും പാരിസ്ഥിതിക സന്തുലിതാവസ്ഥയും ജനാധിപത്യ ക്രമങ്ങളുംവെച്ച് പരിശോധിക്കുമ്പോഴും സാമ്പത്തികമായും വി.ഐ.എസ്.എൽ. പദ്ധതി കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങൾക്ക് ഗുണകരമാകില്ലെന്ന് ബോധ്യമാകുന്നു.

ഈ പദ്ധതിയെ എതിർക്കാൻ പ്രേരിപ്പിക്കുന്ന മറ്റുചില കാരണങ്ങൾ കൂടിയുണ്ട്. സൗന്ദര്യപരമായ മാനം ഉദാഹരണമായെടുക്കാം. എല്ലാ മനുഷ്യർക്കും സന്തോഷംപകരുന്നതും കലാ, കായിക മേളകൾക്ക് വേദിയൊരുക്കുന്നതുമായ നിരവധി കടൽത്തീരങ്ങൾ പദ്ധതി കാരണം ഇല്ലാതാകും, ദേശീയ സുരക്ഷ യെക്കുറിച്ചാലോചിക്കുമ്പോഴും പദ്ധതി എതിർക്കപ്പെടേണ്ടതുണ്ട്. രാജ്യത്തെ പതിമ്മൂന്നു തുറമുഖങ്ങളും എട്ടു വിമാനത്താവളങ്ങളും ഇപ്പോൾത്തന്നെ അദാനി ഗ്രൂപ്പിന്റെ കൈകളിലാണ്. രാജ്യത്തിനകത്തേക്കും പുറത്തേക്കുമുള്ള മാനുഷിക, വാണിജ്യ, വാഹന പോക്കുവരവിന്റെ നിയന്ത്രണം ഒരു കമ്പനിയിലേക്കു പോകുന്നത് രാജ്യസുരക്ഷക്കുഭീഷണിയാണ്.

തെറ്റായി വിഭാവനംചെയ്യപ്പെട്ട ഈ പദ്ധതി ഏറ്റവും കൂടുതൽ ദോഷം വരുത്തിവെയ്ക്കുന്ന മേഖലയെക്കുറിച്ച് റിപ്പോർട്ടിൽ പറയുന്നതിങ്ങനെ: “തലമുറകളായി കടലിനെ സ്വന്തമെന്ന പോലെ കാത്തുസംരക്ഷിക്കുന്നവരാണ് ഇവിടത്തെ ജനവിഭാഗങ്ങൾ. സുസ്ഥിര മത്സ്യബന്ധനത്തിൽ ഇവർക്കുള്ള അനുഭവസമ്പത്ത് കാരണമാണ് കേരള ത്തിന്റെ മത്സ്യസമ്പത്ത് നാളിതു വരെ കാത്തുസൂക്ഷിച്ചത്. കേരളീയർക്ക് ഏറ്റവുമിഷ്ടപ്പെട്ട മത്സ്യങ്ങൾ വിതരണം ചെയ്തുകൊണ്ട് ഭക്ഷ്യസുരക്ഷയ്ക്കും ഇവർ വലിയ സംഭാവനകളർപ്പിക്കുന്നു. മത്സ്യകയറ്റുമതിവഴി രാജ്യത്തിന് വലിയതോതിൽ വിദേശനാണ്യം നേടിക്കൊടുക്കാനും തീരമേഖലയ്ക്ക് സാധിക്കുന്നു. ഇവരുടെ പാരമ്പര്യ ഭക്ഷണശൈലിയും സാംസ്കാരിക സവിശേഷതകളുമെല്ലാം വിനോദ സഞ്ചാരികളെ ആകർഷിക്കാനും കാരണമാകുന്നുണ്ട്.”

റിപ്പോർട്ട് ഇങ്ങനെയൊരു നിരീക്ഷണം കൂടി നടത്തുന്നു: “കടപ്പുറമെന്നത് കടലും ഭൂമിയും കൂടിച്ചേരുന്ന മണൽ പ്രദേശങ്ങൾ മാത്രമല്ലെന്ന കാര്യം പ്രത്യേക മോർക്കണം. സ്വകാര്യ താത്പര്യ ങ്ങൾക്കു വേണ്ടിയോ അനുപാത രഹിതമായ അടിസ്ഥാന സൗകര്യ വികസനത്തിനോ, ഉത്പന്നം പോലെ അതിനെ പരിഗണിക്കരുത്. ജീവൻ നിലനിർത്താൻ പരിശ്രമിക്കുന്ന മത്സ്യ ത്തൊഴിലാളികളുടെ അടിസ്ഥാനാ വകാശവും പൈതൃക സ്വത്തുമാണ് കടപ്പുറങ്ങൾ. ഈ വിലപ്പെട്ട പ്രകൃതി സമ്പത്തിന്റെ ഗുണവശങ്ങൾ ആസ്വദിക്കാൻ ഈ രാജ്യത്തെ എല്ലാ പൗരൻമാർക്കും അവകാശമുണ്ട്.”

വെറും വിമർശനം മാത്രമല്ല ഈ റിപ്പോർട്ട് മുന്നോട്ടുവെയ്ക്കുന്നത്. പദ്ധതി കാരണമുണ്ടാകുന്ന സാമൂഹിക, പാരി സ്ഥിതിക പ്രത്യാഘാതങ്ങൾ കുറയ്ക്കാ നുള്ള സൃഷ്ടിപരമായ നിർദേശങ്ങളുടെ നിരതന്നെ റിപ്പോർട്ടിലുണ്ട്. ‘വികസനം മുടക്കാനുള്ള ത്വര’തങ്ങൾക്കില്ലെന്ന് റിപ്പോർട്ട്

തയ്യാറാക്കിയവർ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. “സാമൂഹികവും പാരിസ്ഥിതികവുമായി സുസ്ഥിരത പുലർത്തുന്ന വികസന മാതൃക കൾക്കുമാത്രമേ കേരളത്തിൽ സാധ്യത യുള്ളൂ എന്ന വസ്തുത ഓർമിപ്പിക്കാ നാണ്” തങ്ങൾ ശ്രമിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു: “എല്ലാ പാരിസ്ഥിതിക സുരക്ഷാസംവിധാനങ്ങളെയും അട്ടിമറിച്ചുകൊണ്ടുള്ള വമ്പൻ പദ്ധതിയാണ് ഞങ്ങൾക്കുമുൻപിൽ വരുന്നത്. ലാഭേച്ഛ മാത്രമുള്ള കോർപ്പറേറ്റ് താത്പര്യങ്ങളാണ് അതിനെ നയിക്കുന്നത്. ദുർബലമായ ആവാസവ്യവസ്ഥയെക്കുറിച്ചോ നഷ്ടമാകുന്ന പരമ്പരാഗത തൊഴിൽ സാഹചര്യങ്ങളെക്കുറിച്ചോ അവർ ഓർക്കുന്നതേയില്ല. സ്വന്തം ഖജനാവിൽ നിന്നെടുക്കുന്നതിനു പുറമേ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വൻതോതിൽ കടമെടുത്താണ് കേരളസർക്കാർ ഇതിനുവേണ്ട പണം കണ്ടെത്തുന്നത്. മത്സ്യത്തൊഴിലാളിസമൂഹത്തിന്റെയും സാധാരണക്കാരുടെ സുസ്ഥിര ജീവിത സ്വപ്നങ്ങളെയും പണയംവെച്ചുകൊണ്ടാണ് ഈ പണം സമാഹരിക്കപ്പെടുക .”

കേരളത്തിലെ ശാസ്ത്രജ്ഞർ തയ്യാറാക്കിയ ഈ പഠനറിപ്പോർട്ട് https://www. vizhinjamtheeram.org/reports/ എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്ത് വായിക്കാം. ഈ കുറിപ്പിന്റെ വായനക്കാർ അങ്ങനെ ചെയ്യണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള വസ്തുതകളുടെ ആഴവും അവർ മുന്നോട്ടുവെയ്ക്കുന്ന വാദങ്ങളും ശക്തിയും കണ്ട് നിങ്ങൾ അദ്ഭുത പ്പെടുമെന്ന കാര്യം എനിക്കുറപ്പാണ്. പൊതുജനങ്ങളോടുചെയ്യുന്ന ഏറ്റവും വലിയ സേവനമാണ് ഈ റിപ്പോർട്ട്. കേരളത്തിലെ ജനങ്ങൾക്കുമാത്രമല്ല ജനാധിപത്യ ചിന്താഗതിക്കാരായ എല്ലാ ഇന്ത്യക്കാർക്കും ഇതിന്റെ ഗുണം ലഭിക്കും. വളച്ചൊടിച്ച അവകാശവാദങ്ങൾ നടത്തുന്ന കോർപ്പറേറ്റ് കമ്പനി കളെക്കുറിച്ചും അതിന് ഒത്താശ ചെയ്തുകൊടുക്കുന്ന രാഷ്ട്രീയ സംവിധാനങ്ങളെക്കുറിച്ചും ജാഗ്രത പാലിക്കാൻ ഈ റിപ്പോർട്ട് നമ്മളെ പഠിപ്പിക്കും.

**മാതൃഭൂമി ആഴ്ചപതിപ്പ്**
**9 ജനുവരി 2024.**

# Tax contribution by States needs to be revised

R. Srinivasan & S. Raja Sethu Durai

The tax contribution of each state is a good measure of efficiency, and the GST regime creates an opportunity for its inclusion in the distribution formula

The Finance Commission's important job is to recommend a distribution formula specifying each State's share in the part of the Union tax revenue assigned to States. Such distribution formulas have a few weighted determinants. Since the I$^{st}$ Finance Commission, some States have been arguing that their contributions to the Union tax revenue have been higher than others and, therefore, they rightfully have higher shares in the Union tax revenue. In the first eight Finance Commissions, tax contribution with very little weight was a determinant in the distribution formula. Since the 10$^{th}$ Finance Commission, this tax contribution was dropped from the distribution formula. Here, we argue that tax contribution by each State is a good measure of efficiency, and the Goods and Services Tax (GST) regime creates an opportunity for its inclusion in the distribution formula.

## Equity, efficiency in tax revenue transfers

Two important tasks of the Finance Commissions are (i) to recommend the proportion of the Union tax revenues to be assigned to States and (ii) to recommend the share of each State in the assigned tax revenue. Till 2000, that is, the 10$^{th}$ Finance Commission, the States' share was restricted only to personal income tax and Union excise duties and after that, all the Central tax revenues were pooled, and States' shares were decided. With reference to the second task, the Finance Commission devises a distribution formula to arrive at a share for each State, and it is based on the principles of equity and efficiency. Equity stipulates that the revenue-scarce States and States with higher expenditures get larger shares of Union tax revenue than others. Efficiency is to reward the States that are efficient

in collecting revenue and rationalising spending. The trade-off between equity and efficiency is normative and remains dynamic in successive Finance Commission recommendations.

States from which large volumes of income tax revenue have been collected argued to consider and assign a higher weight to 'tax collection' as an indicator of tax contribution. The origin of income is essential to estimate States' contributions to income tax revenue, which is difficult to identify, as a person may pay income tax from one State though the income earning is from other States. Successive Finance Commissions have assigned 10% to 20% weight to income tax revenue collection/ assessment in the distribution formula for income tax revenue because collection is not a good indicator of contribution. In the case of Union excise duties, the value of taxable products consumed in a State is essential to decide its contribution. Due to the unavailability of proper consumption statistics, contribution was never a determinant in the distribution formula for Union excise duties.

We should note that tax contribution is an efficiency indicator because a State's level of development and economic structure decides its tax contribution. However, Finance Commissions had assigned only 10% to 20% weight to this efficiency indicator. Population, a chief indicator of the expenditure needs of the State, was given 80% to 90% weight in the first seven Finance Commissions as far as income tax distribution was concerned. In the case of distributing revenue from Union excise duties, the entire distribution was based on population or other indicators of expenditure needs such as area, per capita income, proportion of Scheduled Caste/Scheduled Tribe population, and some indicators of social and physical infrastructure needs. Since the 10$^{th}$ Finance Commission, the Commission has recommended a single distribution formula for both income tax and Union excise duties. Thus, the Finance Commissions have always favoured assigning more than 75% weight to equity indicators.

Since 2000, the formula for the distribution of pooled Central tax revenues included tax effort and fiscal discipline as efficiency indicators with a weight of around 15%. Tax effort is broadly defined as the ratio of own revenue of a State to its Gross Domestic Product. Fiscal discipline is the proportion of own revenue to the revenue expenditure of a State. In the

15th Finance Commission, the distribution formula had tax effort with a weight of 2.5%, and demographic performance, an indicator of efficiency in population control, was given a weight of 12.5%. The remaining 85% weight was distributed among equity indicators of per capita income, population as per the 2011 Census instead of the conventional 1971 Census, area, forest cover, etc.

**Tax contribution in distribution formula**

Even though some States have been arguing for increasing the weightage for efficiency indicators such as tax effort and fiscal discipline, these indicators have received lower weights as they are unstable. The tax effort is affected by discretionary tax policies and unexpected changes in actual tax bases. The fiscal discipline is affected by contractual payments such as salaries, pensions, and interest payments, as well as the tied-grant-induced expenditures of States. An objective measure of tax contribution by States, given the stability in tax structure, should be a good indicator of efficiency and be assigned a larger weight. GST satisfies this criterion.

GST is a consumption-based destination that is equally divided between the State and Central governments. In other words, the State GST accrual (inclusive of Integrated GST settlement) to a State should be the same as the Central GST accrual to the Union government from that State. Therefore, accurately estimating the tax contribution from a State to the Union exchequer is feasible under GST. Since GST a unified tax system, the calculations by these authors show that there is not much of a variation in the tax efforts of States. However, the absolute amount of GST revenue generated from each State would differ by the size and structure of States economies, and this marks the importance of the inclusion of this tax contribution as an efficiency indicator in the distribution formula. A State's GST contribution is not affected by discretionary tax policies of the State; it only reflects the accurate tax base of the State that is being exploited for the national good.

In addition to GST, petroleum consumption is also an indicator of tax contribution to the national exchequer. The Union excise duty and sales tax on petroleum products are outside GST. The cascading tax burden of these two taxes in addition to the burden of customs duty on petroleum imports falls on the final consumers of

petroleum products in a State. Just like GST, the relative shares of petroleum consumption vary across States, but such shares are stable over time for every State. Therefore, the relative share of a State's petroleum consumption reflects the relative contribution of the State to the national exchequer in the category of Union excise duties and customs duties on petroleum products.

Including the relative GST contribution and petroleum consumption of a State in the distribution formula is irresistible for yet another reason, that is, both these two ratios indicate the relative differences in the incomes (both personal and corporate) accrued to the residents of a State because consumption is a function of income. The share of CGST and Union excise duty is about 30% of States' share in Central tax revenue in 2021-22 and the similar ratio for personal and corporate income taxes is 64%.

Thus, the two relative contributions, namely GST revenue and petroleum consumption, of States are fair and accurate measures of State contributions to the national exchequer and good measure of efficiency. There is a persuasive case for the 16th Finance Commission, recently constituted by the Union government, to debate and include these ratios as a measure of efficiency with a weightage of at least 33% in the distribution formula.

*(R. Srinivasan is a member, State Planning Commission.*

*S. Raja Sethu Durai is Professor of Economics, University of Hyderabad)*

**The Hindu**

**23, January 2024**

# India's problem-different drugs, identical brand name

Dinesh C. Thakur & Prashant Reddy T.

It is a case of deadly similarity which the medical community has been complaining about for many years, to no avail.

Recently, Oncologist Dr. Vincent Rajkumar expressed his shock on social media over the fact that two different drugs, treating entirely different conditions, had identical brand names-'Linamac'. While the drug bearing the name 'Linamac 5' is used to treat multiple myeloma, which is a type of cancer, the other drug bearing the name 'Linamac' is a drug used to treat diabetes. The consequences of confusion between these medications at the pharmacy can be serious for patients.

**An old problem**

The use of identical trade names for drugs with different active ingredients is an old problem in India, and the medical community has been complaining about the issue for several decades. The most popular example cited by doctors is that of the brand name Medzole, which is used by four different companies to sell four different active ingredients treating entirely different medical conditions. The first company uses 'Medzol' to sell a drug containing Midazolam which is used as a sedative. The second company uses the name 'Medzole-DSR' to sell a combination of domperidone and pantoprazole which is used to treat stomach acidity. A third company uses the name 'Medzole 400' for a formulation containing albendazole that is used in deworming treatment for children. A fourth company uses 'Medzole 200' for a formulation containing Itraconazole, which is a powerful antifungal drug used to treat diseases such as "black fungus".

The use of identical trade names is only one part of the problem. The more wide-ranging problem is the use of similar trade names which are phonetically and visually similar. For example, while one company uses the brand 'Medpol' to sell paracetamol, a second company uses the brand

'Medrol' to sell a corticosteroid and a third company uses 'Metrozole' to sell an antibiotic. These names sound phonetically similar to 'Medzole' and also similar to each other, with only a letter or two substituted.

It is not always that different companies use identical or similar names to sell different active ingredients. Sometimes, the same company will harvest a successful brand name for one formulation to promote a second formulation. For example, the company that uses the brand name 'I-Pill' to sell an emergency contraceptive (ECP) containing Levonorgestrel uses the brand name 'i-Pill Daily' as a daily contraceptive pill containing Levonorgestrel and Ethinylestradiol. An ECP is ued after sexual intercourse to prevent fertilisation, while a daily contraceptive is used to prevent ovulation and fertilisation. These are not interchangeable, and any confusion at the pharmacy can cause unwanted pregnancies.

The use of such identical or similar names is especially worrying in a country such as India for two reasons. First, the packaging of all drugs in India bears the name and prescription advice in the English language, a language spoken by less than 10% of the population. Second, Indian pharmacies are poorly regulated. Not only do many pharmacies in India routinely dispense drugs without prescriptions, but several also do not comply with the legal requirement to operate only with trained pharmacists who are registered with the Pharmacy Council of India. These factors already increase the possibility of errors in dispensing drugs. Add to this deadly combination, identical or similar sounding brand names of drugs, and the possibility of prescription errors increases even further.

**Judiciary's recommendation**

The problem of similar or identical trade names for drugs has been known for several decades. The Supreme Court of India (in Cadila Health Care Ltd. vs Cadila Pharmaceuticals Ltd., 2001) and the Parliamentary Standing Committee on

Health and Family Welfare in its 59th report (2012) urged the Ministry of Health to put in place processes to prevent the use of names for drugs that are confusingly similar. After all, even the Registrar of Companies and the Office of Registrar of Newspapers for India have systems in place to ensure that no two companies or publications have identical or similar names.

Regrettably, the recommendations of the Court and Parliament were ignored by the Ministry of Health, until in 2019 when Justice Pratibha M. Singh of the Delhi High Court, a former intellectual property lawyer, hauled up the Drugs Controller General of India (DCGI) in yet another case of pharmaceutical trademark infringement that landed on her docket. Pharmaceutical companies regularly litigate against each other under trademark law in courts across India over same or similar sounding trademarks.

Under Justice Singh's watch, the Ministry of Health brought in the Drugs and Cosmetics (Thirteenth Amendment) Rules, 2009. These rules put in place a flimsy system that required pharmaceutical companies to provide an "undertaking" to State drug controllers, along with their applications for manufacturing licences, that the brand name of the drug for which they were seeking a manufacturing licence was unlikely to cause "confusion or deception in the market". To this end, the rules required pharmaceutical companies to carry out a search for similar names "...in trademarks registry, central database for brand name or trade name of drugs maintained by Central Drugs Standard Control Organisation (CDSCO), literature and reference books on details of drug formulations in India, and internet".

This framework was pointless for two reasons. First, self-certification just does not work in India, as evident from the fact that many drugs in India continue to have confusingly similar names. Second, even if a company wanted to comply with the new rule, there is no database in India of all pharmaceutical brand names. The CDSCO would first have to build such a database by collecting data from the 36 different drug controllers in each State and Union Territory.

**No data in India**

As a country, India has no data on prescription errors. And for the Ministry of Health, the absence of data is the absence of a problem. Once the Ministry of Health accepts that there is a problem, it can start the reform process by replicating mechanisms such as those that exist in the United States and Europe. Both jurisdictions have specific divisions within their drug regulators to examine the names of drugs on a number of factors to avoid confusion in order to minimise prescription errors. There is not an iota of political will within the Drug Regulation Section of the Ministry of Health to undertake similar reforms in India.

*[Dinesh Thakur and Prashant Reddy T. are the co-authors of The truth Pill: The Myth of Drug Regulation in India (2022)]*

**The Hindu,**
**25 January 2024**

# Untapped Potential

Mohit Sharma

*India's two-decade journey with Geographical indication tags has shown limited outcome and there is an urgent need to simplify the registration processes to ensure that the protection mechanism helps producer communities*

GEOGRAPHICAL INDICATION (GI) is a form of certification that recognises unique products based on their origin, which is often attributed to agro-climatic variations and traditional cultivation practices. This certification is also extended to non-agricultural products, such as handicrafts, based on human skills, materials and resources available in certain areas that make the product unique. Consumers prefer genuine products, and GI provides the assurance of authenticity while also promoting community development.

Trade reforms, legal protection and consumer acceptance are necessary to commercialise local products and gain premium prices in domestic and international markets. Empirical evidence from many developing and developed countries shows that GI helps economic enhancement at the producer's level. But this is not true to the same extent in India, perhaps due to flaws in the GI registration system and market inefficiencies. Therefore, India's journey of over two decades-the Geographical Indications of Goods (Registration and Protection) Rules was enacted in 1999- with GI has had limited outcomes and requires more popularisation to achieve its full economic potential. This article seeks to provide a perspective on the efforts and attention towards Gl from national and international lenses and draw policymakers' attention to this issue.

**India vis a vis world**

Compared to other nations, India lags in Gl registration. Till December 2023, Intellectual Property India received just 1167 applications, of which only 547 products have been registered, as per the Gl Registry. This means the applicaton acceptance ratio is only about 46 per cent, which indicates that regulations are quite strict. It took over a decade for the famous Alphonso mango to receive GI registration due to disputes over geography.

Germany leads in GI registrations, with 15566 registered products, followed by China (7247), as per 2020 data with the World Intellectual Property Organization (see ‘Prime indicators’). Globally, wines and spirits comprise 51.8 per cent of registered Gls, followed by agricultural products and foodstuffs at 29.9 percent. In India, handicraft (about 45 per cent) and agriculture (about 30 per cent) comprise the majority of the Gl products.

At the level of the World Trade Organization (WTO), Gl is governed under the Agreement on Trade Related Aspects of Intellectual Property Rights (TRIPS). Article 22 (1) of TRIPS defines Gls as “indications which identify a good as originating in the territory of a member, or a region or locality in that territory, where a given quality, reputation or other characteristic of the good is essentially attributable to its geographic origin”. In many EU nations, GI is classified in two basic categories-Protected GI (PGI) and Protected Destination of Origin (PDO). India only has the PGI category.

Since India’s GI Act was framed more than two decades ago, it is time to amend it, along with the GI application forms and application processing time. This should be accompanied with suitable institutional development. There is also a need to help producers benefit after the registration process since they are often clueless on how to proceed after getting a Gl tag.

The definition of "producers" also lacks clarity, which results in the involvement of intermediaries who share the benefits that should go only to the producers. Health, social wellbeing and welfare policies for artisans and labourers in the non farm sector have also not received required attention from the policymakers. The government should bolster support to the GI workers in this regard.

**A Sector Ignored**

Since its inception, there has been significant controversy among the WTO member countries on accepting Gl as an intellectual property. There have been disputes on various Gl products, such as Darjeeling tea and Basmati rice, which were claimed by one country as their property and legally challenged by another. The reason is that though WIPO promotes and develops intellectual property rights, Gls receive limited attention compared to patents, trademark and copyrights. An analysis of WTO's annual reports published over the past 22 years shows that the multilateral organisation's focus has been majorly on maintaining a national register for GIs, with little attention on promoting Gls or bilateral agreements. There is an urgent need to promote GIs among participating nations, securing farmer and consumer interests, with discussion on subsidies and free trade agreements. Special trade agreements can facilitate GI trade between countries.

**Academic Attention**

Though academic attention on GI has not been enough across nations, a recent push is evident. Bibliographic assessment through literature review of academic research, with results analysed through software, shows that a total of 138 articles could fall under Gl research since 2017. These are related to producers (48.5 per cent) consumers (44.2 per cent), marketers (5 per cent) and entrepreneurs (2 per cent).

An analysis of publication trends over the past two decades reveals that the number of publications was below 15 from 2002 to 2016. However, there

has been a recent increase, with 29 articles published in 2020. The highest number of articles published (35) was in 2021.

Analysis of country-wise publication trend shows clear dominance by European countries like Italy (48), Spain (28) and France (20). India has had very limited publications, numbering about seven.

**How to Popularise GI**

The government should incentivise Gls at the initial juncture-at the producers' level-to boost the numbers. Emphasis should also be on amendment of laws to clearly dictate exclusion of "non-producers" from benefiting from Gls, and ensure direct benefits to producers. It is also important to use technology, focus on skill-building and digital literacy among GI producers, manufacturers and labourers to ensure they can keep pace with modern trends and consumers requirement.

The government's One District One Product scheme should be integrated with Gls through the involvement of food producer organisations. Promotion of GI based products requires special emphasis on marketing and branding, which can be resolved to a certain extent by developing market outlet schemes. This can be integrated with the existing schemes to establish exclusive *gramin haats* (rural markets). These platforms would also be centres of tourist attraction and provide easy purchase option of GI products to visitors.

But the foremost thing is establishment of testing laboratories at such markets to ensure that consumers have faith in the quality of these products. The National Agriculture Market-eNAM-an online trading platform for agricultural commodities in India, must carry a separate tab for Gl-based products to provide an easy interface to all buyers and sellers.

There has been a rise in the number of startups in recent years, which should be aligned with the

Sustainable Development Goals (SDGs). Connecting Gls with such startups and linking their performance with that of SDGs will ensure that they contribute to social development, while also provide attention to GI products.

Government agencies, trade and producer associations should integrate to organise more exhibitions for popularisation of GI-based products with the use of various types of media. India's embassies should also promote Gl-based product to encourage growth in the foreign market. The government should make efforts to ensure that the international tariff regime for GI products is favourable to our products. Developing nations can also make a case for special attention to Gl products in the global market at WTO. The "vocal for local" initiative can also be enhanced by accelerating GI protection.

Gl is a powerful tool for protecting traditional knowledge, culture and can boost socio-economic development. However, there is a need to increase income of producers by establishing pre- and post- registration Gl-promotion mechanisms. More commodities should be brought under the Gl umbrella. Subsidies for growers and promotion at national and international fairs are necessary. State-level attention from stakeholders is also crucial to protect producers' and consumers' interests.

*(Mohit Sharma is an assistant professor at the School of Agribusiness and Rural Management, Dr Rajendra Prasad Central Agricultural University, Pusa, Samastipur, Bihar)*

**Down to Earth**
**16-31 January 2024**

# The road to a healthy democracy

Prathap C. Reddy

It is in the realm of healthcare that we find foundation for a healthier more resilient and productive Society

The prospect of elevating India to the status of a developed nation by 2047, the 100th year of its Independence, is captivating. This vision of a 'Viksit Bharat' (Developed India) has never been as achievable as it is today. Today, India is taking a quantum leap in every sector. There has been a massive expansion in social and economic infrastructure, a boost to entrepreneurship, rural transformation, and a manifold increase in the number of universities and colleges. Chandrayaan has set a new milestone in science and technology and our digital public infrastructure, from Aadhaar to UPI, is the envy of the world.

This does not just narrate a story of self-reliance but also showcases to the world what India can do. The Viksit Bharat Mission embodies the spirit of progress and development, aiming to transform our nation into a powerhouse of innovation, economic strength, and social prosperity. Central to this mission is the well-being of our citizens and identifying ways to bring health equity for all. It is in the realm of healthcare that we find the foundation for a healthier, more resilient, and productive society. Over the past two decades, we have emerged as a hub of medical innovation and talent. The explosive evolution of Indian healthcare is a testament to the transformative role the sector can play in our quest for a developed nation and the time to expand its contributions is now.

## Advantage and challenge

India's biggest advantage is its demographic dividend. With a population of over 1.4 billion, India is one of the youngest nations with a median age of 29 years. This is an enormous opportunity, likely to last till 2047. Using this dividend well, we can propel India into a Viksit Bharat. Having said that, if this population is not healthy, we are potentially looking at reduced productivity

and a substantially high economic burden. India bears the dubious distinction of being the diabetes capital with 101 million diabetics and 136 million with prediabetes. Cardiovascular diseases top the mortality charts, and cancer incidence is projected to rise by 57.5% by 2040. Trends over the past decade also indicate a reduction in the average age of people impacted by chronic diseases. It is important to prioritise preventive healthcare to avoid the onset of chronic diseases and equip every individual with knowledge and action they need to stay one step ahead of it. With technological innovations, scientific research, and a growing understanding of risk factors, preventive healthcare has touched new possibilities. Based on their family history, current lifestyle, genomics data and more, today an individual has the power to know what they are possibly at risk for well in advance and take the steps to reverse its onset. Artificial Intelligence (AI), too, is playing a transformative role in preventive healthcare, from risk stratification, early detection, to creation of personalised prevention plans with targeted behaviour interventions. We need to work towards ensuring every individual has access to necessary preventive care tools that gives them control of their own health. Healthcare professionals, too, should advocate for preventive measures and encourage timely interventions and modifications to their patients at every juncture.

**Leading the world by example**

India's healthcare sector is at the cusp of transformation, potentially giving rise to a new healthcare model for the world to follow. We have already proven our clinical excellence and prowess with success rates that surpass global benchmarks. We are pioneers in redefining healthcare delivery, with the patient at the absolute centre. The effective integration of Al and Machine Learning (ML) is further fuelling the emergence of these new care models that take care to the patient, enhance their access to services, and ensure a step change in quality of care. Instead of merely expanding hospital capacity, healthcare providers in this new model are expanding patient touch points, ranging from neighbourhood facilities and clinics to every individual's mobile device and wearable. While this will help boost access and reduce the cost of care for every Indian, it also sets an example for the world to follow in the type of health care service every individual deserves.

India is also globally famed for a world class healthcare infrastructure and incredible clinical talent that delivers the best in clinical outcomes at scale and at a fraction of the global cost - approximately one-tenth. This establishes India's healthcare industry as a global leader in infrastructure, technology, specialist doctors, and nursing professionals. With patients from over 145 countries choosing India for their treatments, we have emerged as a medical value travel hub, particularly in the highly specialised areas of oncology, cardiology, orthopaedics, transplants, and robotic surgeries. A significant milestone has also been the introduction of Proton Beam Therapy technology, making India a regional leader in cancer treatment. Medical value travel can play a strategic role is creating employment, earning foreign exchange, and bolstering India's position in the global competency scale.

India stands at a pivotal moment in its healthcare journey. By re-imagining our healthcare model, we can position ourselves as the global destination for medical value travel, a powerhouse in Al-driven healthcare solutions, and a leader in combating non-communicable diseases. For this to be truly India's century, every individual and institution in the country should resolve to make India's progress their priority.

*(Prathap C. Reddy is founder and chairman, Apollo Hospitals Group)*

**The Hindu,**
**6 February 2024**

# അടിസ്ഥാന ക്രിമിനൽ നിയമങ്ങൾ മാറുമ്പോൾ

വി.എസ്. സിജു

**ഒരു രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക സാംസ്കാരിക ഭൂമികയുമായി ഇഴചേർന്നതാണ് ആ രാജ്യത്തു നടക്കുന്ന കുറ്റകൃത്യങ്ങൾ. അവ തടയാനുള്ള ക്രിമിനൽ നിയമങ്ങൾക്കും അതേ ഭൂമികയുമായി ഇഴയടുപ്പമുണ്ടാകണം എന്നതിൽ സംശയമില്ല. കൊളോണിയൽ ഭരണത്തിന്റെ ശേഷിപ്പായ ഇന്ത്യൻ ക്രിമിനൽ നിയമത്തിന്റെ സ്വദേശിവത്കരണത്തിന് അതിനാൽതന്നെ ഏറെ മാനങ്ങളുണ്ട്. ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ക്രിമിനൽ നിയമങ്ങൾ മാറുമ്പോൾ ബാധിക്കുക ജനങ്ങളെയാകെയാണ്. പ്രായോഗിക വെല്ലുവിളികൾ നേരിടുക പ്രധാനമായും നിയമവിദ്യാർത്ഥികൾ മുതൽ ന്യായാധിപർവരെയുള്ളവരാണ്. അതിനെക്കുറിച്ചൊരു അന്വേഷണം.**

രാജ്യത്തെ അടിസ്ഥാന ക്രിമിനൽ നിയമങ്ങളായ ഇന്ത്യൻ പീനൽ കോഡും (ഐ.പി.സി.), കോഡ് ഓഫ് ക്രിമിനൽ പ്രൊസീജറും (സിആർ.പി.സി.) ഇന്ത്യൻ എവിഡൻസ് ആക്ടും (തെളിവുനിയമം) ഭാരതീയ ന്യായ സംഹിതയ്ക്കും (ബി.എൻ.എസ്.), ഭാരതീയ നാഗരിക സുരക്ഷാ സംഹിതയ്ക്കും (ബി.എൻ.എസ്.എസ്.), ഭാരതീയ സാക്ഷ്യ സംഹിതയ്ക്കും (ബി.എസ്.എസ്.) വഴിമാറാൻ കേന്ദ്രസർക്കാരിന്റെ വിജ്ഞാപനം മാത്രം മതി. ഡൽഹി നാഷണൽ ലോ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. രൺബിർസിങ് ചെയർമാനായ കമ്മിറ്റിയാണ് ഒരു നുറ്റാണ്ടിലേറെ പഴക്കമുള്ള ഇന്ത്യൻ ക്രിമിനൽനിയമങ്ങൾ പരിഷ്കരിച്ച് ഹിന്ദിപ്പേരുകളിൽ പുതിയ നിയമങ്ങൾ അവതരിപ്പിച്ചത്. ഡോ. ജി.എസ്. ബാജ്പേയി (രജിസ്ട്രാർ, എൻ.എൽ.യു., ഡൽഹി), ഡോ. ബാൽരാജ് ചൗഹാൻ (വൈസ് ചാൻസലർ, ഡി.എൻ.എൽ.യു., ജബൽപുർ), മഹേഷ് ജേഠ്മലാനി (സീനിയർ അഡ്വക്കേറ്റ്), ജി.പി. തരേജ (മുൻ ജില്ലാ സെഷൻസ് ജഡ്ജി, ഡൽഹി) എന്നിവരായിരുന്നു കമ്മിറ്റിയിലെ മറ്റംഗങ്ങൾ.

ഓഗസ്റ്റ് 12-ന് ആഭ്യന്തരമന്ത്രി അമിത്ഷാ പുതിയ ബില്ലുകളുടെ കരട് പാർലമെന്റിൽ അവതരിപ്പിച്ചു. അപാകങ്ങൾ പരിശോധിച്ച് തിരുത്താൻ ബില്ലുകൾ പിന്നീട് എം. പി. ബ്രിജ്ലാലിന്റെ നേതൃത്വത്തിലുള്ള പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ പരിഗണനയ്ക്കുവിട്ടു. പുതിയ നിയമത്തെക്കുറിച്ച് നിയമകമ്മിഷന്റെ അഭിപ്രായം ആരായുന്നതുപോലും അതിനുശേഷ മായിരുന്നു.

ഡിസംബർ 13-ന് നിയമം പുതുക്കി അവതരിപ്പിച്ചു. ഡിസംബർ 25-ന് ക്രിസ്മസ് ദിനത്തിൽ രാഷ്ട്രപതി

പുതിയനിയമങ്ങൾക്ക് അംഗീകാരം നൽകി. നിയമം നടപ്പാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഏതു നിമിഷവും പ്രതീക്ഷിക്കാം. പുതിയ നിയമത്തിന് ഹിന്ദിപ്പേരുകൾ ഒഴിവാക്കണം എന്ന തടക്കമുള്ള ചർച്ചകൾ നിയമ കമ്മിഷനിൽ ഉയർന്നിരുന്നു. ഐ.പി.സി. 2024 എന്നാക്കിയാൽ പോരേ എന്ന നിർദേശവും ഉന്നയിക്കപ്പെട്ടു. പക്ഷേ അതൊന്നും അംഗീകരിക്കപ്പെട്ടില്ല.

**മനുസ്മൃതിയോളം പഴക്കമുള്ള പാരമ്പര്യം**

കൈയേറ്റം മുതൽ ബലാത്കാരംവരെയുള്ള പ്രവൃത്തികൾ മനുസ്മൃതിയിലും കുറ്റകൃത്യമായിട്ടാണ് ഇന്ത്യയിൽ/ഭാരതത്തിൽ കണക്കാക്കിയിരുന്നത്. യൂറോപ്യൻ അധിനിവേശകാലത്ത് മുസ്ലീം ക്രിമിനൽ നിയമമായിരുന്നു രാജ്യത്തുണ്ടായിരുന്നത്. പക്ഷേ, രാജ്യത്ത് ആകമാനമായ ഒരു ഏകീകൃതനിയമം ഉണ്ടായിരുന്നില്ല.

ബ്രിട്ടന്റെ കോളനിവാഴ്ചക്കാലത്ത് 1835-ലാണ് ആദ്യമായി രാജ്യത്ത് നിയമ കമ്മീഷൻ നിലവിൽ വന്നത്. ടി.ബി. മെക്കാളെ പ്രഭുവായിരുന്നു ചെയർമാൻ. 1837-ൽ കമ്മീഷൻ ഐ.പി.സി.യുടെ കരട് കൈമാറി. 1860 ഒക്ടോബർ ആറിനാണ് ഐ.പി.സി.ക്ക് ഗവർണർ ജനറലിന്റെ അനുമതി ലഭിച്ച് ഇന്ത്യയിലൊട്ടാകെ ബാധകമായ നിയമമായിമാറുന്നത്.

ഇതിനു തുടർച്ചയായി ക്രിമിനൽ നടപടിച്ചട്ടങ്ങൾക്ക് ആദ്യം രൂപം നൽകുന്നത് 1882-ലാണ്. 1898-ൽ ഇതിൽ ഭേദഗതി കൊണ്ടുവന്നു. പിന്നീട് 41-ാം നിയമകമ്മീഷൻ റിപ്പോർട്ടുപ്രകാരം 1973-ൽ വീണ്ടും നിയമം ഭേദഗതി ചെയ്ത് അവതരിപ്പിച്ചു. 1872-ലാണ് തെളിവു നിയമം നിലവിൽവന്നത്.

ഈ നിയമങ്ങൾക്കുപകരമായി പുതിയ നിയമങ്ങൾ നിലവിൽ വന്നത് ബാധിക്കുക അടിസ്ഥാന നീതിനിർവഹണത്തെ മാത്രമല്ല.

**പഴയ നിയമങ്ങൾ ഒറ്റയടിക്ക് ഇല്ലാതാകില്ല**

നിയമവിദ്യാർഥി മുതൽ നീതി നിർവഹണത്തിനായി നിയോഗിക്കുന്ന ഏറ്റവും താഴെത്തട്ടിലുള്ള പോലീസുദ്യോഗസ്ഥനെവരെയാണ് ക്രിമിനൽ നിയമത്തിന്റെ മാറ്റം ബാധിക്കുക. പുതിയ നിയമം നിലവിൽവന്നാലും വരുന്ന 25 വർഷത്തിലധികം ഇന്ത്യൻ ശിക്ഷാനിയമവും (ഐ.പി.സി.) ക്രിമിനൽ നടപടിച്ചട്ടങ്ങളും (സി.ആർ.പി.സി.) തെളിവുനിയമവും കോടതിവ്യവഹാരങ്ങളുടെ ഭാഗമായിരിക്കും. നിലവിലെ കേസുകളിലെ വിചാരണയും അപ്പീലുമൊക്കെ പരിഗണിച്ചു തീർപ്പാക്കാൻ കുറഞ്ഞത് അത്രത്തോളം സമയം വേണ്ടിവരും. പുതിയ ക്രിമിനൽനിയമങ്ങൾക്ക് മുൻകാല പ്രാബല്യം ഉണ്ടാകില്ല. അതിനാൽത്തന്നെ

നിലവിലെ കേസുകളുടെ തുടർ നടപടികളെല്ലാം നിലവിലെ നിയമങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള ക്രിമിനൽ നിയമങ്ങൾ മാറുമ്പോഴുള്ള പ്രായോഗിക പ്രശ്നങ്ങൾ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ യോഗത്തിൽ കേരളത്തിന്റെ പ്രതിനിധി അഡ്വ. എൻ. മനോജ്കുമാർ ഉന്നയിക്കുകയുണ്ടായി. എന്നാൽ, ചർച്ചചെയ്യാൻപോലും തയ്യാറാകാതെ പുതിയ നിയമത്തെ സ്വാഗതം ചെയ്യുകയാണുണ്ടായതെന്ന് അദ്ദേഹം പറയുന്നു.

**പുതിയ നിയമത്തിലേക്ക് തിടുക്കത്തിൽ**

കോളനിവാഴ്ചയുടെ ശേഷിപ്പായ ക്രിമിനൽ നിയമങ്ങൾക്കു പകരമായി മണ്ണിന്റെ മണമുള്ള നിയമം എന്നാണ് പുതിയ നിയമത്തെക്കുറിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അഭിപ്രായപ്പെട്ടത്. അധിനിവേശതാത്പര്യങ്ങൾ സംരക്ഷിക്കുന്ന നിയമത്തിന് മാറ്റം വേണമെന്നതിന് പൊതുവിൽ അംഗീകാരമുണ്ടെങ്കിലും പാർലമെന്റിൽ വിശദമായി ചർച്ച ചെയ്യാതെ പുതിയ നിയമത്തിന് അംഗീകാരം നൽകിയതിൽ തിടുക്കമുണ്ടായി എന്ന അഭിപ്രായം ശക്തമാണ്. നിലവിലെ നിയമത്തിന്റെ പോരായ്മകളാണ് നിയമം പരിഷ്കരിക്കുന്നതിനുള്ള പ്രധാന കാരണങ്ങളായി ആഭ്യന്തര സെക്രട്ടറി ചൂണ്ടിക്കാട്ടിയത്. അതിനെ ഇങ്ങനെ ചുരുക്കാം.

- നിലവിലെ നിയമ സംവിധാനത്തിന്റെ സങ്കീർണത.
- കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ
- കുറ്റവാളിയാണെന്ന് കണ്ടെത്തുന്നതിലെ കുറവ്.
- വളരെ കുറഞ്ഞ പിഴ 10 രൂപ മുതൽ 500 രൂപ വരെ
- ജയിലിലെ വിചാരണത്തടവുകാരുടെ പെരുപ്പം
- നിയമ സംവിധാനത്തിൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള തടസ്സം
- അന്വേഷണത്തിനുള്ള കാലതാമസം, സങ്കീർണമായ അന്വേഷണം, കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം
- ഫൊറൻസിക് തെളിവുകൾ ഉപയോഗിക്കാനുള്ള ബുദ്ധിമുട്ടുകൾ

**ചർച്ചകൾ 2019-ൽ തുടങ്ങി**

ഐ.പി.സി.ക്കു പകരമായ ഭരതീയ ന്യായ സംഹിത (ബി.എൻ.എസ്.) തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ 2019 സെപ്റ്റംബറിൽ തുടങ്ങിയിരുന്നു. ഗവർണർമാർ, മുഖ്യമന്ത്രിമാർ, കേന്ദ്രഭരണ പ്രദേശത്തെ ഭരണാധികാരികൾ എന്നിവരിൽ നിന്നൊക്കെ നിർദേശങ്ങൾ തേടി. സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ഹൈക്കോടതി ചീഫ് ജസ്റ്റിസുമാർ, ബാർ കൗൺസിലുകൾ,

നിയമസർവകലാശാലകൾ, പാർലമെന്റ് അംഗങ്ങൾ എന്നിവരിൽ നിന്നൊക്കെ അഭിപ്രായങ്ങൾതേടി. ഇതിന്റെ തുടർച്ചയായിട്ടാണ് 2020 മാർച്ചിൽ ഡൽഹി നാഷണൽ ലോ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ചെയർമാനായ കമ്മിറ്റിക്ക് രൂപം നൽകിയത്. സി.ബി.ഐ. അടക്കമുള്ള അന്വേഷണ ഏജൻസികളുടെ അഭിപ്രായം ഈ കമ്മിറ്റി ആരാഞ്ഞു. നാഷണൽ ലോ യൂണിവേഴ്സിറ്റി കമ്മിറ്റി 2022 ഫെബ്രുവരിയിൽ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് കൈമാറി.

3,200 നിർദേശങ്ങളാണ് കമ്മിറ്റിക്കു ലഭിച്ചത്. ഇതു വിശദമായി പരിശോധിച്ച കേന്ദ്ര ആഭ്യന്തരമന്ത്രാലയം ഇതിനു തുടർച്ചയായി മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ തയ്യാറാക്കി പാർലമെന്റിൽ അവതരിപ്പിക്കുകയായിരുന്നു. നാലുവർഷം നീണ്ട വിശദമായ ചർച്ചകളുടെ തുടർച്ചയായിരുന്നു അതെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. ജനങ്ങളോട് ചേർന്നുനിൽക്കുന്നതാണ് പുതിയ നിയമങ്ങളെന്നും സർക്കാർ അവകാശപ്പെടുന്നു. പ്രധാന മാറ്റങ്ങൾ ഇങ്ങനെ

ഐ.പി.സി.യിൽ 511 വകുപ്പുകൾ ഉണ്ടായിരുന്നപ്പോൾ ബി.എൻ.എസ്-ൽ 356 വകുപ്പുകളേ ഉള്ളൂ. കൊലപാതകത്തിനും രാജ്യത്തിനെതിരായ കുറ്റകൃത്യത്തിനും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങൾക്കും പുതിയ നിയമത്തിൽ മുൻഗണന നൽകി. അതോടെ, വകുപ്പുകളും പുനഃക്രമീകരിച്ചു.

**ചില ശ്രദ്ധേയമായ മാറ്റങ്ങൾ ഇങ്ങനെ**

- മൊബൈൽ പിടിച്ചുപറിച്ചാൽ പ്രത്യേക വകുപ്പ് -304
- കള്ളുകുടിച്ച് പ്രശ്നം ഉണ്ടാക്കുന്നതു പോലുള്ള കേസുകളിൽ സാമൂഹിക സേവനം (വകുപ്പ് 4 എഫ്)
- കുറ്റകൃത്യത്തിനായി കുട്ടികളെ ഉപയോഗിക്കുന്നതിനെതിരേ പ്രത്യേക വകുപ്പ് (വകുപ്പ് 93)
- അപകടശേഷം വാഹനം നിർത്താതെ പോകുന്ന കേസുകളിൽ പ്രത്യേകവകുപ്പ്- 104(2)
- ഭീകരപ്രവർത്തനത്തിനായി പ്രത്യേക വകുപ്പ് - 111
- രാജ്യത്തിന്റെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവയ്ക്കു നേരെയുള്ള കുറ്റകൃത്യം തടയുന്നതിനായി പ്രത്യേക വകുപ്പ് -150

**ഒഴിവാക്കിയ ശ്രദ്ധേയ വകുപ്പുകൾ**

- പ്രകൃതിവിരുദ്ധ ലൈംഗിക ബന്ധം- വകുപ്പ് 377.

- വ്യഭിചാരം-വകുപ്പ് 497.
- രാജ്യദ്രോഹക്കുറ്റംവകുപ്പ്-124 എ

ഇത്തരം മാറ്റങ്ങൾക്കപ്പുറം അടിസ്ഥാന വകുപ്പുകളിലും മാറ്റമുണ്ട്. ഉദാഹരണത്തിന് ഐ.പി.സി.യിൽ കൊലപാതക കത്തിനുള്ള ശിക്ഷാ വകുപ്പ് 302 ആണ്. എന്നാൽ, ബി.എൻ.എസ്-ൽ കൊലപാ തകത്തിനുള്ള ശിക്ഷാ വകുപ്പ് 103-ലാണ്. അടിസ്ഥാന പരമായ ഇത്തരം മാറ്റങ്ങൾ കോടതിനടപടികളെ സാരമായി ബാധിക്കുമെന്ന് മുതിർന്ന അഭിഭാഷകർ അടക്കം പറയുന്നു.

**മാതൃഭൂമി**

**8 ഫെബ്രുവരി 2024.**

ഊഊഊഊ

# പോലീസ് കസ്റ്റഡി 90 ദിവസം വരെ

## സ്ഥാപിതമായ വ്യാഖ്യാനങ്ങൾ ചോദ്യം ചെയ്യപ്പെടും

വി. എസ്. സിജു

പുതിയ ക്രിമിനൽ നിയമത്തിലെ ഏറ്റവും ശ്രദ്ധേയമായ മാറ്റങ്ങളിലൊന്ന് പോലീസ് കസ്റ്റഡി 90 ദിവസം വരെ നീട്ടാം എന്നതാണ്. ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലെ (ബി.എൻ.എസ്.എസ്.) വകുപ്പ് 187-ലാണ് പോലീസ് കസ്റ്റഡി 90 ദിവസംവരെയാക്കാമെന്നു പറയുന്നത്. വ്യക്തിസ്വാതന്ത്ര്യത്തെത്തന്നെ ബാധിക്കുന്നതും പോലീസ് ദുരുപയോഗം ചെയ്യാൻ ഏറെ സാധ്യതയുള്ളതുമാണ് ഈ വകുപ്പെന്ന വിമർശനം ഇതിനോടകം ഉയർന്നിട്ടുണ്ട്.

ഇതടക്കമുള്ള വ്യവസ്ഥകൾ കോടതി നടപടികളെ സാരമായി ബന്ധിക്കുമെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ ജനറലും മുതിർന്ന ക്രിമിനൽ അഭിഭാഷകനുമായ ടി.എ. ഷാജി അഭിപ്രായപ്പെട്ടു.

പോലീസ് കസ്റ്റഡിതന്നെ ഉദാഹരണമായി എടുക്കാം. നിലവിൽ ഒരാളെ അറസ്റ്റ് ചെയ്താൽ പരമാവധി 15 ദിവസമാണ് പോലീസ് കസ്റ്റഡിയിൽ വിടുന്നത്. സി.ആർ.പി.സി. വകുപ്പ് 167-ലാണ് ഇതിനെക്കുറിച്ച് പറയുന്നത്.

ഇക്കാര്യത്തിൽ വ്യക്തതവരുത്തി സുപ്രീംകോടതിയുടെയടക്കം സുപ്രധാനമായ ഉത്തരവുകളുണ്ട്. എന്നാൽ, പുതിയ നിയമം നിലവിൽവരുന്നതോടെ പോലീസ് കസ്റ്റഡി അടക്കമുള്ള വിഷയങ്ങളിൽ സുപ്രീംകോടതി സുപ്രധാന ഉത്തരവുകളിലൂടെ പുറപ്പെടുവിച്ച നിർദ്ദേശങ്ങളൊക്കെ ബാധകമല്ലാതാകും.

### ആദ്യം മുതൽ വീണ്ടും തുടങ്ങേണ്ടി വരും

ഓരോ കോടതിവ്യവഹാരവും മുമ്പേയുള്ള തീരുമാനങ്ങളുടെ തുടർച്ചയാണ്. നിയമപുസ്തകത്തിൽ പറയുന്നതിനപ്പുറം അവയ്ക്ക് കോടതികൾ നൽകിയിരിക്കുന്ന വ്യാഖ്യാനങ്ങൾകൂടി കണക്കിലെടുത്താണ് തുടർതീരുമാനങ്ങളുണ്ടാകുന്നത്. പുതിയ നിയമം വരുമ്പോൾ ഇത്തരത്തിൽ സ്ഥാപിതമായ വ്യാഖ്യാനങ്ങൾ (സെറ്റിൽഡ് പൊസിഷൻ) ചോദ്യംചെയ്യപ്പെടാം. അതോടെ ഓരോ വകുപ്പിന്റെയും കാര്യത്തിൽ തീർപ്പുണ്ടാക്കാനുള്ള തർക്കങ്ങൾ വീണ്ടും സുപ്രീം കോടതിയിൽവരെ എത്താം. വ്യവഹാരങ്ങളിൽ തീർപ്പുണ്ടാകാനുള്ള കാലതാമസത്തിന് അതു കാരണമാകുമെന്ന് സുപ്രീംകോടതി അഭിഭാഷകനായ എം.ആർ. അഭിലാഷ് അഭിപ്രായപ്പെട്ടു. നിയമം എന്നത് അടിസ്ഥാനപരമായി അതിന് ഉപയോഗിച്ചിരിക്കുന്ന ഭാഷയുമായി ബന്ധപ്പെട്ടതാണ്. ഭാഷയിലെ ചെറിയമാറ്റംപോലും പുതിയ വ്യാഖ്യാനങ്ങൾക്കിടയാക്കും. അതൊക്കെ തർക്കമായി മാറുമെന്നും നിയമവിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

**അഭിഭാഷകർക്ക് ആര് പരിശീലനം നൽകും.**

നിയമത്തിൽ വകുപ്പുകളിലടക്കം വരുത്തിയ മാറ്റങ്ങൾ വരുന്ന അഞ്ചുവർഷത്തേക്കെങ്കിലും അഭിഭാഷകർക്കടക്കം വെല്ലുവിളിയായിരിക്കുമെന്ന് ഹൈക്കോടതി അഭിഭാഷകനായ ടി. സഞ്ജയ് പറഞ്ഞു. ഐ.പി.സി.യിലെയും സി.ആർ.പി.സി.യിലെയും പ്രധാന വകുപ്പുകളൊക്കെ അഭിഭാഷകർക്ക് മന:പാഠമാണ്. എന്നാൽ പുതിയ നിയമത്തിൽ വകുപ്പുകളൊക്കെ മാറിയിട്ടുണ്ട്. അതു പഠിച്ചെടുക്കാൻ സമയമെടുക്കും. നിലവിലെ നിയമവും പുതിയനിയമവും തമ്മിലുള്ളതാരതമ്യ പഠനവും അനിവാര്യമാണ്. ന്യായാധിപർക്കും പോലീസ് ഉദ്യോഗസ്ഥർക്കുമൊക്കെ സർക്കാർതലത്തിൽത്തന്നെ പരിശീലനം ലഭിക്കും. അഭിഭാഷകർക്ക് അത്തരം പരിശീലനം നൽകാൻ നിലവിൽ സംവിധാനങ്ങളില്ല-അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

**ബി.എൻ.എസ്-ൽ ഇടംനേടി ഭീകരപ്രവർത്തനം**

പുതിയ നിയമത്തിൽ നിർണ്ണായകമായ ചില മാറ്റങ്ങളുണ്ട്. ഭീകരപ്രവർത്തനം, സംഘടിതകുറ്റകൃത്യം എന്നിവ ബി.എൻ.എസിന്റെ പരിധിയിലും വന്നു എന്നത് അതിലൊന്നാണ്. നിലവിൽ ഇവ പ്രത്യേക നിയമത്തിന്റെ പരിധിയിലായിരുന്നു. പുതിയ നിയമത്തിൽ വകുപ്പ് 113-ലാണ് ഭീകരപ്രവർത്തനം വരുന്നത്. ഇത്തരമൊരു വകുപ്പ് ഐ.പി.സി.-യിൽ ഉണ്ടായിരുന്നില്ല. സംഘടിത കുറ്റകൃത്യം പുതിയ നിയമത്തിൽ വകുപ്പ് 111-ലാണ് വരുന്നത്. ഐ.പി.സി.-യിൽ ഇതിന് പ്രത്യേക വകുപ്പുണ്ടായിരുന്നില്ല.

സ്വവർഗാനുരാഗത്തെ ക്രിമിനൽക്കുറ്റമാക്കുന്ന ഐ.പി.സി.-യിലെ വകുപ്പ് 377 പുതിയ നിയമത്തിൽ പൂർണമായി ഒഴിവാക്കിയിട്ടുണ്ട്. 2018-ലെ സുപ്രീംകോടതി ഉത്തരവടക്കം കണക്കിലെടുത്താണിതെന്നാണു വിലയിരുത്തുന്നത്. എന്നാൽ വകുപ്പ് പൂർണ്ണമായി ഒഴിവാക്കിയത് ഉഭയസമ്മതപ്രകാരമല്ലാത്ത ഇത്തരം ബന്ധങ്ങൾക്കെതിരേ നടപടി സ്വീകരിക്കുന്നതിന് തടസ്സമാകുമെന്നും വിമർശനമുണ്ട്. സുപ്രീം കോടതി ഈ വകുപ്പ് പൂർണമായി ഒഴിവാക്കുകയായിരുന്നില്ല.

വ്യഭിചാരത്തിനെതിരെ ഐ.പി.സി. യിലെ വകുപ്പ് 497 ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചിരുന്നു. ഈ വ്യവസ്ഥ പുതിയ നിയമത്തിൽ ഉൾപ്പെട്ടിട്ടില്ല.

**മാതൃഭൂമി**
**9 ഫെബ്രുവരി 2024.**

ഝഝഝഝഝ

# പോലീസ് കഷ്ടപ്പെടും

## പഠിച്ചത് മറക്കാനും പാടില്ല പുതിയത് പഠിക്കുകയും വേണം

വി. എസ്. സിജു

അടി കൈകൊണ്ടാണെങ്കിൽ വകുപ്പ് 323 ആണ്. തടഞ്ഞുനിർത്തിയാണ് അടിയെങ്കിൽ വകുപ്പ് 341 വരും.... എല്ലുപൊട്ടിയാൽ വകുപ്പ് 324 ആണ്, പല്ലുപോയാൽ 326. സ്ത്രീകൾക്കെതിരേയുള്ള അതിക്രമമെങ്കിൽ വകുപ്പ് 354, കൊലപാതകശ്രമമാണെങ്കിൽ വകുപ്പ് 307, ഏതു പോലീസുദ്യോഗസ്ഥനോടും ഉറക്കത്തിൽ ചോദിച്ചാലും തെറ്റിക്കാതെ പറയും ഐ.പി.സി.യിലെ ഇത്തരം വകുപ്പുകൾ. അവർക്കത് തൊഴിലിന്റെ മാത്രമല്ല ജീവിതത്തിന്റെ തന്നെ ഭാഗമാണ്. സി.ആർ.പി.സി.-യിലെ വകുപ്പുകളെക്കുറിച്ചുമുണ്ട് ആ ധാരണം പുതിയ ക്രിമിനൽ നിയമം നിലവിൽവരുന്നതോടെ സാധാരണ പോലീസുദ്യോഗസ്ഥരടക്കമുള്ളവരുടെ ഈ താളമാണ് തെറ്റുക. പുതിയ വകുപ്പുകളൊക്കെ കഷ്ടപ്പെട്ട് പഠിക്കേണ്ടിവരും അവർ.

സർവീസ് കാലാവധി കഴിയുന്നതിന്റെ പടിവാതിൽക്കൽ നിൽക്കുന്ന ഉദ്യോഗസ്ഥരായിരിക്കും ഏറെ കഷ്ടപ്പെടേണ്ടിവരുക. ഏതായാലും പോലീസുദ്യോഗസ്ഥർക്കായി സർക്കാർ തലത്തിൽ പരിശീലനമുണ്ടാവും.

**പോലീസിനെ സജ്ജമാക്കുകയാണ് വെല്ലുവിളി**

2023 മാർച്ചിലെ കണക്കുപ്രകാരം രാജ്യത്താകമാനം 17535 പോലീസ് സ്റ്റേഷനുകളാണുള്ളത്. കേരളത്തിലുള്ളത് 564 പോലീസ് സ്റ്റേഷനുകളാണ്. 20 ലക്ഷത്തിലധികം പോലീസ് ഉദ്യോഗസ്ഥർ രാജ്യത്തുണ്ട്. കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം 57000-ലധികം വരും. ക്രിമിനൽ നിയമത്തെക്കുറിച്ചുള്ള പ്രാഥമികമായ അറിവാണ് പോലീസ് സേനയുടെ കരുത്ത്. പുതിയ ക്രിമിനൽ നിയമം നിലവിൽ വരുമ്പോൾ ഇവരെ സജ്ജമാക്കുക എന്നതായിരിക്കും ഏറ്റവും വലിയ വെല്ലുവിളി.

പോലീസ് ഉദ്യോഗസ്ഥർ, അന്വേഷണ ഉദ്യോഗസ്ഥർ,ഫോറൻസിക് വിദഗ്ധർ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി 3000 ഓഫീസർമാരടങ്ങിയ ടീമിന് ദേശീയതലത്തിൽ രൂപം നൽകുമെന്നാണ് റിപ്പോർട്ട്. രാജ്യത്തെ വിവിധ സോണുകളായി തിരിച്ചായിരിക്കും പരിശീലനം.

**സംസ്ഥാനത്ത് പരിശീലനം തുടങ്ങുക വിജ്ഞാപനശേഷം**

സംസ്ഥാനത്ത് പരിശീലന നടപടികൾ ഇതുവരെ തുടങ്ങിയിട്ടില്ല. കേന്ദ്ര സർക്കാർ നിയമം വിജ്ഞാപനം ചെയ്ത ശേഷമായിരിക്കും അതിനുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിക്കുക. നിയമം വിജ്ഞാപനം ചെയ്താലും നടപ്പാക്കുന്നത് ഘട്ടം ഘട്ടമായിരിക്കും എന്നാണ് സർക്കാർ കണക്കാക്കുന്നത്. പുതിയ നിയമം വരുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ തിടുക്കത്തിൽ മറികടക്കാൻ കഴിയുന്നതല്ല എന്നാണ് ഈ കണക്കുകൂട്ടലിന്റെ അടിസ്ഥാനം.

പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ഓഫീസിന്റെ മേൽനോട്ടത്തിലായിരിക്കും പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക. ഇക്കാര്യത്തിൽ ഇതുവരെ നിർദ്ദേശങ്ങളൊന്നും സർക്കാർ നൽകിയിട്ടില്ലെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ടി. എ. ഷാജി പറഞ്ഞു.

**കേസെടുക്കാൻ പ്രാഥമികാന്വേഷണം**

പുതിയ നിയമത്തിനനുസരിച്ച് പോലീസിനെ സജ്ജമാക്കുക എന്നതാണ് ഏറ്റവുംവലിയ വെല്ലുവിളിയെന്ന് മുൻ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ടി. അസഫ് അലി പറഞ്ഞു. സി.ആർ.പി.സി. ക്കുപകരമായുള്ള ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലൊക്കെ നിർണായകമായ മാറ്റങ്ങളുണ്ട്. സിആർപിസി. 154-ാം വകുപ്പ് പറയുന്നത് കോടതിയുടെ അനുമതിയില്ലാതെത്തന്നെ കേസെടുക്കാവുന്ന കുറ്റകൃത്യത്തെക്കുറിച്ച് (കൊഗ്നിസിബിൾ ഒഫൻസ്) വിവരം കിട്ടിയാൽ എഫ്.ഐ.ആർ. ഉടൻ രജിസ്റ്റർ ചെയ്യണമെന്നാണ്. വൈവാഹിക വിഷയങ്ങൾ, അഴിമതിനിരോധന നിയമം തുടങ്ങിയവയുമായി ബന്ധപ്പെട്ട കേസുകളിൽ മാത്രമാണ് പ്രാഥമികാന്വേഷണത്തിന് സി.ആർ.പി.സി.-യിൽ നിർദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ പുതിയ നിയമത്തിലെ വകുപ്പ് 173-ൽ പറയുന്നത് മൂന്നു കൊല്ലംമുതൽ ഏഴുകൊല്ലംവരെ ശിക്ഷകിട്ടുന്ന കേസുകളെ സംബന്ധിച്ച് വിവരംകിട്ടിയാൻ പ്രാഥമികാന്വേഷണം നടത്തി കേസിൽ കഴമ്പുണ്ടെന്നുകണ്ടാലേ എഫ്.ഐ.ആർ. രജിസ്റ്റർചെയ്യാവു എന്നാണ്. നിയമത്തിലെ ഇത്തരം മാറ്റങ്ങളെക്കുറിച്ച് ഏറ്റവും താഴെത്തട്ടിലുള്ള പോലീസുദ്യോഗസ്ഥർക്കടക്കമാണ് പരിശീലനം നൽകേണ്ടിവരുന്നത്. ചെറുതല്ല ഈ വെല്ലുവിളിയെന്ന് പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത, മുൻ സംസ്ഥാന പോലീസ് മേധാവികളിലൊരാൾ പറഞ്ഞു. വിവരംലഭിച്ചാൽ കോടതിയുടെ അനുമതിയില്ലാതെ കേസടുക്കേണ്ട സംഭവങ്ങളിൽ എഫ്. ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ്

പ്രാഥമികാന്വേഷണം നടത്തണമെന്ന നിർദ്ദേശംതന്നെ ഇരകളുടെ താൽപര്യങ്ങൾക്ക് എതിരായതും പോലീസിന് അമിതാധികാരം നൽകുന്നതുമാണെന്ന് അഡ്വ. അസഫ് അലി ചൂണ്ടിക്കാട്ടുന്നു.

**അന്വേഷണവും തെളിവുശേഖരണവും: തർക്കങ്ങൾ ഉയരും**

പുതിയനിയമം നിലവിൽ വരുന്നതോടെ അന്വേഷണവും തെളിവുശേഖരണവുമൊക്കെ ഏതു നിയമപ്രകാരമായിരിക്കും എന്ന കാര്യത്തിൽ വലിയ തർക്കങ്ങൾക്കു കാരണമാകുമെന്ന് ഹൈക്കോടതി അഭിഭാഷകനായ അഡ്വ. രഞ്ജിത് മാരാർ പറഞ്ഞു. കുറ്റവും ശിക്ഷയും എന്തായിരിക്കും എന്നതിൽ പുതിയ നിയമത്തിന് മുൻകാലപ്രാബല്യം ഇല്ലാത്തതിനാൽ തർക്കം ഉണ്ടാകില്ല. എന്നാൽ അന്വേഷണം തെളിവുശേഖരണം എന്നിവയടക്കമുള്ള നടപടിക്രമങ്ങളിൽ തർക്കം ഉയർന്നുവരും. അത്തരം തർക്കങ്ങൾ സുപ്രീംകോടതി വരെ എത്തുകയും ചെയ്യും. ഇതൊക്കെ പോലീസിനും വെല്ലുവിളിയായിമാറും.

ഭർത്തൃബലാത്സംഗവുമായി ബന്ധപ്പെട്ട് ഐ.പി.സി -യുടെ വകുപ്പ് 375 പറയുന്നത്. 16 വയസ്സിനുമുകളിലാണ് യുവതിയുടെ പ്രായമെങ്കിൽ കേസ് നിലനിൽക്കില്ലെന്നാണ്. എന്നാൽ പുതിയ നിയമത്തിൽ ഇത് 18 വയസ്സായി. നിയമത്തിലെ ഇത്തരം മാറ്റങ്ങൾ അന്വേഷണ ഉദ്യോഗസ്ഥർക്കടക്കം മനസ്സിലാക്കാൻ സമയം വേണ്ടിവരും-അഡ്വ. രഞ്ജിത് മാരാർ ചൂണ്ടിക്കാട്ടുന്നു.

**മാതൃഭൂമി**
**10 ഫെബ്രുവരി 2024.**

 øøøøøø

# വിദ്യാർഥികൾ പുതിയ നിയമം പഠിക്കണം പഴയ നിയമം അറിയണം

വി. എസ്. സിജു

പുതിയ ക്രിമിനൽ നിയമങ്ങൾ സിലബസിൽ ഉൾപ്പെടുത്താനായി വിദ്യാഭ്യാസ മന്ത്രാലയവുമായി ആലോചിച്ച് നടപടി സ്വീകരിക്കാൻ നിയമമന്ത്രാലയത്തിന് കേന്ദ്ര സർക്കാർ ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്. അടുത്ത അക്കാദമിക് വർഷം മുതൽ പുതിയ ക്രിമിനൽനിയമങ്ങളായിരിക്കും രാജ്യത്തെ നിയമവിദ്യാർത്ഥികൾ പഠിക്കുക. കുറ്റകൃത്യങ്ങൾ അടിസ്ഥാനപരമായി രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക ഘടകങ്ങളുമായി ബന്ധപ്പെട്ടാണു കിടക്കുന്നത്. അതിനാൽത്തന്നെ ക്രിമിനൽ നിയമങ്ങളിൽ നിയമവിദ്യാർത്ഥികൾക്ക് ആഴത്തിലുള്ള അറിവ് അനിവാര്യമാണ്.

ഐ.പി.സി. കുറ്റവും ശിക്ഷയും എന്താണെന്ന് വിശദീകരിക്കുമ്പോൾ സി.ആർ.പി.സി.യും തെളിവുനിയമവും കേസന്വേഷണത്തിലും തെളിവുശേഖരണത്തിലും പാലിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചാണ് വിശദീകരിക്കുന്നത്. നിലവിലെ നിയമങ്ങൾമാറി പുതിയ ക്രിമിനൽനിയമങ്ങൾ വരുമ്പോൾ രണ്ടു നിയമങ്ങളെക്കുറിച്ചും അറിയുക എന്നതായിരിക്കും നിയമവിദ്യാർത്ഥികൾ നേരിടുന്ന വലിയ വെല്ലുവിളിയെന്ന് എറണാകുളം സർക്കാർ ലോ കോളേജിലെ റിട്ട. പ്രൊഫസർ ഡോ. എസ്. എസ്. ഗിരിശങ്കർ പറഞ്ഞു.

### നിലവിലെ വിദ്യാർത്ഥികൾ എന്തു പഠിക്കും

അഞ്ചുവർഷവും മൂന്നുവർഷവും നീളുന്ന നിയമപഠനമാണ് രാജ്യത്ത് നിലവിലുള്ളത്. ഇതിൽ ഐ.പി.സി.യും സിആർ.പി.സിയും തെളിവു നിയമവുമൊക്കെ ആദ്യവർഷങ്ങളിൽത്തന്നെ വിദ്യാർഥികൾ പഠിക്കും. അതായത്, അടുത്ത വർഷം നിയമപഠനം പൂർത്തിയാക്കി ഇറങ്ങുന്ന വിദ്യാർഥികൾ പഠിച്ച ക്രിമിനൽനിയമങ്ങളൊക്കെ അവർ കോടതിയിൽ പ്രാക്ടീസിനായി എത്തുമ്പോൾ കാലഹരണപ്പെട്ടേക്കും. പ്രാക്ടീസിന്റെ ആദ്യകാലത്ത് പുതിയ നിയമങ്ങളും വകുപ്പുകളും പഠിക്കുക എന്ന വെല്ലുവിളികൂടിയാകും അവരെ കാത്തിരിക്കുന്നത്.

### പഠിക്കേണ്ടാ, പക്ഷേ ധാരണവേണം

വരുംവർഷങ്ങളിൽ നിയമപഠനത്തിന് ചേരുന്നവരെയും വെല്ലുവിളി കാത്തിരിപ്പുണ്ട്. പുതിയ നിയമങ്ങൾ സിലബസിൽ ഉൾപ്പെടുത്തിയാൽപ്പിന്നെ പഴയ നിയമം പഠിക്കേണ്ട കാര്യമില്ല. പക്ഷേ, പുതിയ

നിയമങ്ങൾ നിലവിൽ വരുന്നതുവരെ കേസുകൾ രജിസ്റ്റർചെയ്യുക പഴയ നിയമ പ്രകാരമായിരിക്കും. ഈ കേസുകളു ടെയും നിലവിൽ കോടതിയിലുള്ള കേസു കളുടെയും വിചാരണയൊക്കെ നടക്കുക നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തി ലായിരിക്കും. ഈ കേസുകളിലൊക്കെ യുള്ള അപ്പീലുകൾ ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമെത്തി അന്തിമതീരു മാനമാകുമ്പോഴേക്ക് കാൽനൂറ്റാണ്ടോളമാകും. പുതിയ നിയമം മാത്രം പഠിച്ചാൽ നിയമവിദ്യാർഥികൾക്ക് മികച്ച അഭിഭാഷകരോ ന്യായാധിപരോ ആയിത്തീരാനാകില്ല.

1973-ൽ പുതിയ സി.ആർ.പി.സി. നിലവിൽവന്നപ്പോഴും സമാനമായ പ്രശ്നമുണ്ടായിരുന്നുവെന്ന് ഓർക്കുന്നു, ജസ്റ്റിസ് വി. ചിദംബരേഷ്. അന്ന് വിദ്യാർത്ഥികൾ പഠിച്ചത് പുതിയ സി.ആർ.പി.സി.യായിരുന്നു. അത് വലിയ പ്രശ്നങ്ങളുണ്ടാക്കിയില്ല. എന്നാൽ അഭി ഭാഷകർക്കും ന്യായാധിപർക്കും സി.ആർ. പി.സി.യിലെ മാറ്റം വെല്ലുവിളിയാ യിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

**വേണ്ടത് താരതമ്യം ചെയ്തുള്ള പഠനം**

മൂന്നുനിയമങ്ങളും അതിലെ വകുപ്പുകളും മാറിയത് നിയമവിദ്യാർഥി കളടക്കമുള്ളവർക്ക് ബുദ്ധിമുട്ടാവു മെന്നതിൽ സംശയമില്ലെന്ന് ഡോ. എസ്. എസ്. ഗിരിശങ്കർ പറഞ്ഞു. നിയമ പഠനത്തെയല്ല, അതിനുശേഷം പ്രാക്ടീസ് ആരംഭിക്കുമ്പോഴായിരിക്കും പ്രശ്നങ്ങളു ണ്ടാകുക. രണ്ടുനിയമത്തെയും താരതമ്യം ചെയ്തുള്ള പഠനത്തിലൂടെ ഇതിനെ മറിക ടക്കാനാകുമെന്നും അദ്ദേഹം കൂട്ടി ച്ചേർക്കുന്നു.

രണ്ടുനിയമങ്ങളും താരതമ്യം ചെയ്തുള്ള പുസ്തകങ്ങളൊക്കെ ഇതി നോടകം പുറത്തിറങ്ങിയിട്ടുണ്ട്. എങ്കിലും ക്രിമിനൽനിയമത്തിൽ ഇത്തരമൊരുമാറ്റം ലോകത്തുതന്നെ ആദ്യമായതിനാൽ അതു ണ്ടാക്കുന്ന പ്രായോഗികബുദ്ധിമുട്ടുകൾ കണ്ടറിയേണ്ടതുണ്ടെന്ന് നിയമവിദ്യാർത്ഥി കളും അധ്യാപകരും പറയുന്നു.

ക്രിമിനൽനിയമം പരിഷ്കരിക്കാനായി മുൻകാലങ്ങളിൽ രൂപവത്കരിക്കപ്പെട്ട കമ്മിറ്റികൾ പലപ്പോഴും മുതിർന്ന സുപ്രീം കോടതി ജഡ്ജിമാരുടെ നേതൃ ത്വത്തിലായിരുന്നു. എന്നാൽ അക്കാദമിക് മേഖലയിലുള്ളവർക്കായിരുന്നു ഡോ. രൺബീർ സിങ് ചെയർമാനായ സമിതി യിൽ മുൻഗണന. അതിനാൽത്തന്നെ പ്രായോഗികപ്രശ്നങ്ങൾ ഏറെയൊന്നും ചർച്ചചെയ്തതായി കരുതാനാകില്ലെന്ന് പേരുവെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത, ഉന്നതചുമതലവഹിക്കുന്ന നിയമവിദഗ്ദ്ധൻ പറഞ്ഞു.

രണ്ടുനിയമങ്ങൾ ഒരേ സാമൂഹിക ഭൂമികയിൽ പ്രവർത്തിക്കുന്നതിന്റെ ആശ യകുഴപ്പം വിദ്യാർത്ഥികൾക്കടക്കം തീർച്ച

യായും ഉണ്ടാകുമെന്ന് സുപ്രീം കോടതി അഭിഭാഷകനായ എ. ആർ. അഭിലാഷ് പറഞ്ഞു. വകുപ്പുകൾ മാറുന്നതൊക്കെ ഇതിന് കാരണമാകും. എന്നാൽ ചെറിയൊരു ജാഗ്രതയിൽ ഇത് മറികടക്കാനാകും. പീനൽ നിയമത്തിന്റെ വലുപ്പം കുറച്ചതൊക്കെ ഇതിന് സഹായകമാകും. ചില വകുപ്പുകളുടെ ഭരണഘടനാസാധുത ചോദ്യം ചെയ്തുള്ള വലിയ നിയമപോരാട്ടങ്ങൾക്കും സാധ്യതയുണ്ട്.

രണ്ടുനിയമങ്ങൾ കാൽനൂറ്റാണ്ടോളം സമാന്തരമായി രാജ്യത്ത് പ്രവർത്തന സജ്ജമായിരിക്കും. അതിനാൽത്തന്നെ സിലബസിൽ പുതിയ നിയമമായിരിക്കുമെങ്കിലും രണ്ടുനിയമങ്ങളും പഠിക്കേണ്ടിവരും. താരതമ്യം ചെയ്തുള്ള പഠനത്തിലൂടെ വിദ്യാർഥികൾക്ക് ഈ വെല്ലുവിളി മറികടക്കാനാകുമെന്നും എം.ആർ. അഭിലാഷ് പറയുന്നു.

**മാതൃഭൂമി**
**13 ഫെബ്രുവരി 2024**

ഝഝഝഝഝ

# മനുഷ്യ-വന്യജീവിസംഘർഷം
# വന്യമൃഗങ്ങൾ പെരുകുന്നത് തടയണം

പ്രൊഫ. മാധവ് ഗാഡ്ഗിൽ, & വിനോദ് പയ്യട

മനുഷ്യ-വന്യജീവി സംഘർഷം കാരണം ഇന്ന് രാജ്യത്ത് ആയിരക്കണക്കിനു മനുഷ്യർ കൊല്ലപ്പെടുന്നു. കൃഷി നശിപ്പിക്കപ്പെടുന്നു. രാജ്യത്ത് ഒരുപക്ഷേ, ആദ്യമായിരിക്കണം ഒരു രാഷ്ട്രീയ നേതാവ് 1972-ലെ വന്യജീവി സംരക്ഷണ നിയമാണ് കർഷകരുടെ ദുരിതങ്ങൾക്കു കാരണമെന്ന് പറഞ്ഞത്. ഇക്കഴിഞ്ഞ ഡിസംബർ ഏഴിന് കർണാടക നിയമസഭയിൽ സംസാരിക്കവേ എം.എൽ.എ. അർഗ ഗ്യാനേന്ദ്ര, കർഷകർ, കാട്ടുപന്നികളിൽ നിന്നും കുരങ്ങന്മാരിൽ നിന്നും കരടികളിൽ നിന്നും ഗുരുതരമായ പീഡനങ്ങൾ നേരിടുകയാണെന്നും കാട്ടുപന്നികളെ വേട്ടയാടി അതിന്റെ മാംസം കഴിക്കാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടു.

### പെരുകുന്ന മൃഗങ്ങൾ ഇല്ലാത്ത കണക്കുകൾ

മനുഷ്യ-വന്യജീവി സംഘർഷം ഗുരുതരമായിക്കൊണ്ടിരിക്കുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. നിർഭാഗ്യകരമെന്നു പറയട്ടെ നമുക്ക് വന്യജീവികളുടെ എണ്ണത്തെക്കുറിച്ച് കൃത്യമായ ധാരണയില്ല. 50 വർഷംമുമ്പ് ബന്ദിപ്പുരിൽ ജീവിവർഗങ്ങളുടെ ജനസംഖ്യാ വളർച്ചയിലുള്ള താത്പര്യം മുൻനിർത്തി ഒരു ഗവേഷണം തുടങ്ങി. സ്വാഭാവികമായും ഇക്കാര്യത്തിൽ വിവരങ്ങൾ തേടിയപ്പോൾ നിരാശയായിരുന്നു ഫലം. വനംവകുപ്പ് വന്യജീവികളുടെ എണ്ണത്തെക്കുറിച്ച് ഒരു വിവരവും ശേഖരിച്ചിട്ടില്ലെന്നു മനസ്സിലായി.

ആനകളുടെ കാര്യത്തിലായിരുന്നു പ്രത്യേക താത്പര്യമെന്നതിനാൽ ആനകളുടെ കണക്കെടുപ്പ് കാര്യക്ഷമമായി നടത്താൻ തീരുമാനിച്ചു. ഗവേഷകനായിരുന്ന രാമൻ സുകുമാറായിരുന്നു സഹായി. നീലഗിരി മുതൽ ബെംഗളൂരുവരെയുള്ള മലയോര മേഖലകളിലെ മനുഷ്യനും ആനയും തമ്മിലുള്ള സംഘർഷങ്ങളെക്കുറിച്ചും ആനകളുടെ എണ്ണത്തെക്കുറിച്ചുമുള്ള സമഗ്രമായ വിവരങ്ങൾ അദ്ദേഹം ശേഖരിച്ചിരുന്നു. 40 വർഷത്തോളമെടുത്ത അദ്ദേഹത്തിന്റെ ഗവേഷണത്തിന്റെ ഫലമായി ഇന്ത്യയിലെ ആനകളെക്കുറിച്ചും ആനകളുടെ ചരിത്രത്തെ ക്കുറിച്ചുമുള്ള വിശ്വസനീയമായ വിവരങ്ങൾ ഇന്നു ലഭ്യമാണ്. സുകുമാറിന്റെ കണക്കുപ്രകാരം ഓരോ വർഷവും 600-ഓളം മനുഷ്യർ ആനകളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നു. മറ്റുമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കണക്കുകൂടി വരുമ്പോൾ തീർച്ചയായും എണ്ണം ആയിരം കടക്കും.

### എണ്ണം കൂടിയാൽ മാർഗം വേട്ട

മനുഷ്യൻ അറുപതിനായിരം വർഷംമുമ്പാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെത്തിയത്. അതിനു ശേഷമാണ് ആനകൾ എത്തിയത് അക്കാലം മുതൽ മനുഷ്യൻ ഭക്ഷണത്തിനും മറ്റുമായി ആനകളെ വേട്ടയാടിപ്പോന്നിട്ടുണ്ട്. രണ്ടായിരം വർഷംമുമ്പ് കൗടില്യൻ എഴുതിയ അർത്ഥശാസ്ത്രത്തിൽ കൃഷി നശിപ്പിക്കുന്ന

ആനകളെ വേട്ടയാടണമെന്ന് അനുശാസിക്കുന്നുണ്ട്. അടുത്തകാലംവരെ നാഗാലാൻഡിൽ മാംസത്തിനും തുകലുത്പന്നങ്ങൾക്കുമായി ആനകളെ വേട്ടയാടിയിരുന്നു. കാട്ടാനകളുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽ ഇപ്പോഴും ആനകളെ വേട്ടയാടുന്നുണ്ട്. മനുഷ്യന്റെ മൂന്നുലക്ഷം വർഷത്തെ ചരിത്രത്തിൽ മനുഷ്യന്റെ മുഖ്യ ഭക്ഷ്യയിരയായിരുന്നു ആനകൾ. ആനവേട്ട പൂർണമായും നിലച്ചാൽ അവയുടെ സംഖ്യ തീർച്ചയായും സ്ഫോടനാത്മകമാകും.

**പെരുകാൻ വിടരുത്**

വന്യമൃഗങ്ങളുടെ സംഖ്യ എപ്രകാരമാണ് നിയന്ത്രിക്കപ്പെടുക? പരിസ്ഥിതി ശാസ്ത്രം പറയുന്നത് ഭക്ഷണത്തിനുള്ള വേട്ട, രോഗം, ഭക്ഷണത്തിന്റെയോ പ്രജനന സ്ഥലങ്ങളുടെയോ ദൗർലഭ്യത, പ്രകൃതി ദുരന്തങ്ങൾ എന്നിവകാരണമുള്ള സംഖ്യാ നിയന്ത്രണങ്ങളില്ലെങ്കിൽ മൃഗങ്ങളുടെ എണ്ണം അനുക്രമമായി വർദ്ധിച്ചുകൊണ്ടിരിക്കുമെന്നാണ്. 19 മാസം ഗർഭകാലമുള്ള ആനയെപ്പോലുള്ള വലിയ ജീവികൾ, ഒരു നിയന്ത്രണവുമില്ലാതെ പെരുകിയാൽ ഒന്നിനു മുകളിൽ ഒന്ന് എന്ന നിലയിൽ അടുക്കിവച്ചാൽ 750 വർഷംകൊണ്ട് ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ള ദൂരത്തിന്റെ 1/6 ഭാഗത്തോളം എത്തുമെന്ന രസകരമായ ഒരുകണക്ക് ചാൾസ് ഡാർവിൻ അവതരിപ്പിച്ചിരുന്നു. സുകുമാറിന്റെ പഠനമനുസരിച്ച് 1980-നുശേഷം ഇന്ത്യയിൽ ആനകളുടെ എണ്ണം ഇരട്ടിയായിട്ടുണ്ട്.

**വെടിവെക്കാൻ വനംവകുപ്പ് തയ്യാറാവണം**

കാടിറങ്ങിവരുന്ന ആനകളെയും കടുവകളെയും നേരിടുന്നത് റേഡിയോ കോളർ നിരീക്ഷണത്തിൽ ഒതുക്കാമെന്ന് വനംവകുപ്പ് ചിന്തിക്കുന്നതായാണു തോന്നുന്നത്. വയനാട്ടിൽ പ്രത്യക്ഷപ്പെട്ട മോഴയാന വനംവകുപ്പിന്റെ നിരിക്ഷണത്തിലുണ്ടായിരുന്നതായാണ് പുറത്തുവന്ന വാർത്തകൾ. കാട്ടുപന്നിപോലെയുള്ള ചെറുക്ഷുദ്രജീവികളെ സ്വയംരക്ഷയ്ക്കായി നേരിടാൻ സാധാരണ ജനങ്ങൾക്ക് കഴിയുമെങ്കിലും ആന, കടുവ, പുലി തുടങ്ങിയ വന്യജീവികളെ നേരിടുന്നതിന് വനംവകുപ്പിന് ഉത്തരവാദിത്വമുണ്ട്. വന്യജീവി സംരക്ഷണ നിയമത്തിലെ 11(2) വകുപ്പ് (വെടിവെച്ചുകൊല്ലുകയോ വെടിവെച്ചു പരിക്കേൽപ്പിക്കുകയോ ചെയ്യുക) പ്രയോഗിക്കാൻ വനംവകുപ്പിന് അതിൻറെ ബ്യൂറോക്രാറ്റിക് സംവിധാനം കാരണം കഴിയുന്നില്ല. പ്രസ്തുത വകുപ്പ് പ്രയോഗിക്കുന്നതിനും അതിന് അധികാരമുള്ള ഉദ്യോഗസ്ഥനെ വയനാട്ടിൽ നിയമിക്കുന്നതിനും ഇനിയും മടിച്ചാൽ ജനങ്ങൾ വനത്തിനും പരിസ്ഥിതിക്കും എതിരായിത്തിരിയുന്ന നിലവരും.

**മൃഗങ്ങൾ കാടിറങ്ങാതിരിക്കാൻ**

വന്യമൃഗങ്ങൾക്ക് അവയ്ക്ക് എളുപ്പത്തിൽ ലഭിക്കുന്നതരത്തിൽ സ്വാദിഷ്ടവും പോഷകഗുണമുള്ളതുമായ ഭക്ഷണം കാട്ടിനുള്ളിലോ ബഫർ

സോണിലോ ഉറപ്പാക്കുന്നതിന് വനത്തിനോടു ചേർന്ന് വസിക്കുന്ന ആദിവാസികളെയും കർഷകരെയും തക്കതായ വേതനം കൊടുത്തുകൊണ്ട് ഏർപ്പാടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം, വന്യമൃഗങ്ങൾ കാടിറങ്ങുന്നത് വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലുമുള്ള ക്വാറികളും തദ്ദേശീയമല്ലാത്തതും ഭക്ഷ്യേതരവുമായ മരങ്ങൾ വെച്ചുപിടിപ്പിച്ചതു കാരണമാണ്. വനംവകുപ്പ് തന്നെയാണ് ഇതിലെ പ്രധാന പ്രതി. സാധാരണ ജനങ്ങൾക്കെതിരേ അധികാര പ്രയോഗം നടത്തുന്നവർ ക്വാറികൾക്കും കാടിന്റെ സ്വാഭാവികത തകർക്കുന്നതിനും കൂട്ടുനിൽക്കുന്നു. കേന്ദ്രീകൃതമായ വനപരിപാലന വ്യവസ്ഥയ്ക്ക് ബദലായി ജനങ്ങളുടെ കൈയിൽ പ്രയോഗിക്കാനായി ലഭിച്ചതാണ് ജൈവവൈവിധ്യ നിയമം. എന്നാൽ, ഈ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനു പകരം അതിന്റെ അന്തഃസത്തയ്ക്കെതിരായ ചട്ടങ്ങൾ കൊണ്ടു വന്ന് അതിനെ ദുർബലപ്പെടുത്താനാണ് സർക്കാരുകൾ ശ്രമിക്കുന്നത്.

ഇതൊക്കെ കാണിക്കുന്നത് സമഗ്രവും പുതിയതുമായ സമീപനം സ്വീകരിക്കേണ്ട സമയം അതിക്രമിച്ചിട്ടുണ്ടെന്നാണ്.

**നമുക്ക് എന്തുചെയ്യാൻ കഴിയും?**

നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നതാണ് ചോദ്യം. സ്വീഡനിലും നോർവേയിലും ഉള്ളതുപോലെ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു വികേന്ദ്രീകൃത പരിപാലനവ്യവസ്ഥ നമുക്കും നടപ്പാക്കാം. ഇന്ത്യയിലെ ജൈവ വൈവിധ്യനിയമം അനുശാസിക്കുന്നതു പോലെ ജനങ്ങൾക്ക് അതിനുള്ള വേതനം നൽകാം.

കേരളത്തിലും ഭക്ഷണത്തിനുള്ള നായാട്ടുണ്ടായിരുന്നു. കാട്ടുപന്നികൾ ആദിവാസിസമൂഹങ്ങളുടെ പോഷകസമൃദ്ധമായ ഭക്ഷണമാണ്. അവരുടെ അനുഷ്ഠാനങ്ങളിലും പാട്ടുകളിലും പന്നിവേട്ട ഒരു സാംസ്കാരിക അടയാളമായി സ്ഥാനം പിടിച്ചിട്ടുണ്ട്. പ്രകൃതിവിഭവം എന്നനിലയിൽ ഭക്ഷണത്തിനായി നായാടുമ്പോൾ തന്നെ അവയെ സംരക്ഷിക്കുക എന്നതായിരുന്നു ലോകം മുഴുവനുമുള്ള പാരമ്പര്യരീതി. ഈ രീതിയിൽ വന്യജീവികളുടെ സംഖ്യ സന്തുലിതമായി നിലനിർത്തപ്പെടുകയും ചെയ്തിരുന്നു. 1972-ലെ നിയമം വന്നതിനുശേഷം സംരക്ഷണം മാത്രമാണ് നടക്കുന്നത്. 1972-ലെ വന്യ ജീവി സംരക്ഷണനിയമത്തിലെ സംരക്ഷണ പ്പട്ടികയിൽ കാട്ടുപന്നി, മുള്ളൻപന്നി തുടങ്ങിയ വംശനാശ ഭീഷണി നേരിട്ടിട്ടില്ലാത്ത ജീവികളെ ഉൾപ്പെടുത്തിയത് കർഷകർക്ക് തിരിച്ചടിയാണ്. കൃഷി നശിപ്പിക്കുകയും മനുഷ്യ ഇടങ്ങളിലേക്ക് അതിക്രമിച്ചെ ത്തുകയും ചെയ്യുന്ന കാട്ടുപന്നി പോലുള്ള പെറ്റുപെരുകുന്ന വന്യജീവികളെയും ഭക്ഷണമാക്കാൻ അനുവദിക്കണം. വന്യജീവിസംരക്ഷണ നിയമപ്രകാരം വന്യജീവികൾ സർക്കാരിന്റെ സ്വത്താണ്. ഈ നിലയിൽ ഇവയുടെ മാംസം ജനങ്ങൾക്ക് വിലനൽകിയാണെങ്കിലും വിട്ടുകൊടുക്കേണ്ടതാണ്.

**കാര്യങ്ങളെ പുതിയരീതിയിൽ കാണണം**

കേരളത്തിൽ ഈയിടെയായി ആനകളുടെ ആക്രമണങ്ങൾ വർധിച്ചിട്ടുണ്ട്. വനത്തിനുള്ളിൽ ലഭ്യമായ ഭക്ഷണത്തിൽ സംതൃപ്തരല്ലാത്തതിനാലാണ് കൂടുതൽ സ്വാദുള്ളതും പോഷകമൂല്യമുള്ളതുമായവ തേടി ആനകൾ കൃഷിയിടങ്ങളിലേക്കെത്തുന്നത്. ഉയർന്നമൂല്യമുള്ള ഭക്ഷണം കുറഞ്ഞസമയത്തിനുള്ളിലും അധികം അധ്വാനമില്ലാതെയും ലഭിക്കുന്നതാണ് ജീവികൾ തിരഞ്ഞെടുക്കുക. നിലവിലെ സ്ഥിതി തുടരുകയാണെങ്കിൽ അവസ്ഥ കൂടുതൽ ദുഷ്കരമാവും. അതുകൊണ്ടുതന്നെ കാര്യങ്ങളെ പുതിയരീതിയിൽ കാണേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ സ്വീഡന്റെയും നോർവേയുടെയും അനുഭവങ്ങൾ പരിശോധിക്കാവുന്നതാണ്. ശാസ്ത്രം പറയുന്നതുപോലെ വന്യജീവികളും പുനരുപയോഗിക്കാവുന്ന വിഭവമാണെന്ന് ഈ രാജ്യങ്ങൾ വിശ്വസിക്കുന്നു. അവർക്ക് പ്രാദേശിക ഭരണസമിതികളെയും ജനങ്ങളെയും പങ്കാളികളാക്കിക്കൊണ്ടുള്ള വന്യജീവി പരിപാലന വ്യവസ്ഥയുണ്ട്. അവരുടെ നിയമം ഇപ്രകാരമാണ്.

1. വന്യ ജീവികൾ ആരുടെയും സ്വകാര്യസ്വത്തല്ല.

2. വന്യ ജീവികളുടെ മാസം സംസ്കാരത്തിന്റെ പ്രധാന ഭാഗമാണ്. അതു പൊതുചന്തയിൽ വിൽക്കാവുന്നതുമാണ്.

3. പ്രതിരോധത്തിന് വേണ്ടിയോ സ്വത്ത് സംരക്ഷിക്കുന്നതിനു വേണ്ടിയോ ഒരാൾക്ക് വന്യജീവികളെ കൊല്ലാം.

അവിടെ ഇപ്പോഴും മ്ലാവുകളും കലമാനുകളും സമൃദ്ധമായുണ്ട്. അതേസമയം അനുമതിപത്രത്തോടുകൂടി വേട്ടയാടുന്ന ഇവയുടെ മാംസങ്ങൾ പലവീടുകളിലും ശീതീകരണിയിൽ നിറച്ചുവെച്ചതായും കാണാം.

ഈ രാജ്യങ്ങൾ പരിസ്ഥിതി സംരക്ഷണത്തിലും സന്തോഷ സൂചികയിലും ലോകത്തിൽ പ്രഥമസ്ഥാനങ്ങളിലാണ്. ഇന്ത്യയാകട്ടെ രണ്ടു കാര്യത്തിലും ഏറ്റവും താഴെയും.

**മാതൃഭൂമി**
**20 ഫെബ്രുവരി 2024.**

ൠൠൠ

# Having panchayats as self-governing institutions

P. P. Balan

> There is a need to educate elected representation and the public on the significance and the need for Panchayats to be able to survive on their own resourses.

Three decades have passed since the 73rd and 74th Constitutional Amendments Acts came into effect, which envisaged that local bodies in India would function as institutions of local self government. As a follow up, the Ministry of Panchayati Raj was constituted in 2004 to strengthen rural local governments.

When it comes to analysing the status of devolution, it is evident that some States have forged ahead while many lag behind. The commitment of State governments towards decentralisation has been vital in making panchayati raj institutions an effective local governance mechanism at the grass-roots level.

The constitutional amendment has set forth specific details on fiscal devolution which includes the generation of own revenues. Emanating from the Central Act, various States Panchayati Raj Acts have made provisions for taxation and collection. Based on the provisions of these Acts, panchayats have made efforts to generate their own resources to the maximum extent. Participatory planning and budgeting were the end result of such interventions by the Ministry.

That "Panchayats earn only 1% of the revenue through taxes", with the rest being raised as grants from the State and Centre was highlighted in a 'Datapoint' . It specifically points out that 80% of the revenue is from the Centre and 15% from the States. This is an eye-opener for the proponents of decentralisation as the net result is that the revenue raised by panchayats is meagre even after 30 years of devolution initiatives.

### Avenues for own source of revenue

The report of the expert committee constituted by the Ministry of Panchayati Raj on own source of revenue (OSR) of rural local bodies elaborates on the details of State Acts that have incorporated tax and non-tax revenue that can be collected and utilised by panchayats. Property tax, cess on land revenue, surcharge on additional stamp duty, tolls, tax on profession, advertisement, user charges for water and sanitation and lighting are the major OSRs where panchayats can earn maximum income. Panchayats are expected to establish a conducive environment for taxation by implementing appropriate financial regulations. This includes making decisions regarding the tax and non-tax bases, determining their rates, establishing provisions for periodic revisions, defining exemption areas, and enacting effective tax management and enforcement laws for collection.

The huge potential for non-tax revenue includes fees, rent, and income from investment sales and hires charges and receipts. There are also innovative projects that can generate OSR. This covers income from rural business hubs, innovative commercial ventures, renewable energy projects, carbon credits. Corporate Social Responsibility (CSR) funds and donations.

### The role of gram sabhas

Gram sabhas have a significant role in fostering self-sufficiency and sustainable development at the grass-roots level by leveraging local resources for revenue generation. They can be engaged in planning, decision-making, and implementation of revenue-generating initiatives that range from agriculture and tourism to small-scale industries. They have the authority to impose taxes, fees, and levies, directing the funds towards local development projects, public services, and social welfare programmes. Through transparent financial management and inclusive participation, gram sabhas ensure accountability and foster community

trust, ultimately empowering villages to become economically independent and resilient. Thus, gram sabhas need to promote entrepreneurship, and foster partnerships with external stakeholders to enhance the effectiveness of revenue generation efforts.

In several States, gram panchayats lack the authority to collect taxes, while in numerous others, intermediate and district panchayats are not delegated the responsibility of tax collection. When gram panchayats collect 89% of own taxes, the intermediate panchayats collect 7% and the district panchayats a nominal amount of 5%. There is a need to demarcate OSR for the entire three-tier panchayats to ensure equitable sharing.

There are several factors behind the general aversion towards generating own income. With the increase in the allocation of Central Finance Commission (CFC) grants, panchayats are evincing less interest in the collection of OSR. The allocation for rural local bodies from the 10th and 11th CFC was ₹4,380 crore and ₹8,000 crore, respectively. But in the 14th and 15th CFCs there was a huge increase by way of allocating ₹2,00,202 and ₹2,80,733 crore, respectively. The tax collected in 2018-19 was ₹3,12,075 lakh which diminished in 2021-2022 to `₹2,71,386 lakh. The non-tax collected for the same period was ₹2,33,863 lakh and ₹2,09,864 lakh. At one time, panchayats were in competition to raise OSR for their commitment to fulfil basic needs. This has now given place to dependency on grants allocated through central and State finance commissions. Some States have the policy of incentivisation by providing matching grants but which were sparingly implemented. Panchayats also have no need of penalising defaulters as they believe that OSR has not been regarded as an income that is linked with panchayat finance.

**Overcoming the dependency syndrome**

reduces aggregate demand, limits production and investments, and leads to lower growth rates in the future. Using labour bureau data, Jean Drèze and Reetika Khera showed that while real wages of agricultural labourers grew by 6.8% between 2004-2014, they declined by 1.3% in the last decade. Using Periodic Lalour Force Survey data, a Bahutva Karnataka report shows that 34% of households earned less than the recommended daily minimum wage of ₹375 in 2022-23. Using Reserve Bank of India data, Zico Dasgupta and Srinivas Raghavendra voice concern about the sharp reduction in household savings and increased debt. In contrast to these, the richest 1% holds 40% of India's wealth.

Some commentators argue that some ineqality during growth is inevitable, and the priority instead should be towards reducing poverty. However, research by Tianyu Fan and co-authors shows that the gains from India's growth over the last two decades have been skewed towards high-income urban residents. Keeping everything else the same, there is nothing inherently special in the children of the wealthy compared to the children of the poor. The Constitution mandates equality of status and opportunity. As such the government is obliged to take steps to reduce the disparities arising from accidents of birth.

**An inheritance tax**

A wealth tax is a recurring tax on all physical and financial assets an individual owns. An inheritance tax differs from a wealth tax in two ways: it is intergenerational and levied once in a lifetime. These taxes are meant to be applied to individuals having high wealth above a threshold. When implemented well, these taxes reduce the concentration of wealth and encourage shifting investments from non-productive to productive activities. Property of the elite being bequeathed

to descendants implies that the descendants do no work to acquire it. There is no economic reason for it to be a freebie for them. Some might argue that inheritance tax will disincentivise innovations. But this disregards that innovation is needed to be competitive today and suggests that innovation is solely to propagate dynastic control of resources which is at odds with democratic ideals. On the comtrary, revenue generated from inheritance tax can be used to fund a diversified set of innovations. An advanced country like Japan has up to 55% inheritance tax. A variant of the inhentance tax, called estates duty, was levied in India between 1953-1985 but this was abolished owing to administrative costs. However, the economist Rishabh Kumar shows that this was effective in reducing the top 1% personal wealth share from 16% to 6% between 1966 and 1985.

Another approach is the land value tax (LVT): this taxes the rental value of land, without considering the property built on it. This is borne by the landowner and not the tenants. Unlike labour, land is a natural resource and is unresponsive to changes in taxes, making the LVT an efficient source of revenue. Given the role of land ownership in perpetuating feudal caste relations in rural India and the pervasive politician-builder nexus in urban India, LVT can be a useful redistributive mechanism.

Detractors claim that tax evasion among the wealthy makes these taxes impractical. However, recent research by Natasha Sarin (in the US) projects that sufficient investment in improving tax compliance can yield revenue up to 10 times the investment. Nathaniel Hendren and co-authors show that auditing the top 1% and 0.1% generated three to six times the return on investment.

Economists Jayati Ghosh and Prabhat Patnaik demonstrate that a 2% wealth tax and a 33.3% inheritance tax

only on the top 1% in India can raise an additional public expenditure of 10% of the GDP. This can be used to ensure a bouquet of socioeconomic rights for the poor like living wages, right to health, employment, and food. Given technological advancements, these are possible if there is political will.

*(Advait Moharir an independent researcher, Rajendran Narayanan teaches at Azim Premji University Bengaluru and is affiliated with LibTech India)*

**The Hindu**
**8 May, 2024**

# ഇന്ത്യൻ രാഷ്ട്രീയം സമർഥമായി തമസ്കരിച്ച ബി. ആർ. അംബേദ്കറുടെ രണ്ടു പ്രഖ്യാപനങ്ങൾ ഓർമപ്പെടുത്തുന്നത്..

സക്കറിയ

ഡോ. ബി. ആർ. അംബേദ്കറെപ്പറ്റി പറയാൻ ഇന്ത്യയിലെ രാഷ്ട്രീയ പ്പാർട്ടികൾക്ക് ആയിരം നാവുണ്ട്. അദ്ദേഹത്തിന്റെ ചില ആശയങ്ങളെ അവർ ദൈവവചനം പോലെ ഉയർത്തിപ്പിടിക്കുന്നു. എന്നാൽ, അദ്ദേഹം പറഞ്ഞ മറ്റു ചില കാര്യങ്ങളെപ്പറ്റി അവർ പാലിക്കുന്ന മൗനം ശ്രദ്ധേയമാണ്. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ അത്യാപത്കരമായ ചില വശങ്ങൾ ആ മൗനത്തിൽ അടങ്ങിയിട്ടുണ്ട് പാർട്ടികൾ മാത്രമല്ല രാഷ്ട്രീയ സ്വഭാവമുള്ള ദലിത് പ്രസ്ഥാനങ്ങൾ പോലും ആ മൗനത്തിൽ പങ്കാളികളാണ്.

ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ നിലനിൽപിനെ സംബന്ധിച്ച് അംബേദ്കറുടെ ജീവന്മരണ പ്രാധാന്യമുള്ള പ്രഖ്യാപനങ്ങളിൽ രണ്ടെണ്ണം ഇന്നു ശ്രദ്ധേയമാകുന്നത് അവയുടെ ആസൂത്രീതമായ മൂടിവയ്ക്കലിലൂടെയാണ്.

ഭരണഘടനയുടെ കരടു തയാറാക്കുന്ന സമിതിയുടെ അധ്യക്ഷനായിരുന്ന അംബദ്കർ ഭരണഘടനാ സഭയിൽ നടത്തിയ അവസാന പ്രസംഗം ഇന്ത്യൻ ജനാധിപത്യത്തിനുവേണ്ടി ഹൃദയത്തിൽ നിന്നു പറഞ്ഞ ഒട്ടറെ കാര്യങ്ങൾ കൊണ്ട് വെട്ടിത്തിളങ്ങുന്ന ഒന്നാണ്. എന്നെങ്കിലുമൊരിക്കൽ നമുക്കു ജനാധിപത്യ54ത്തെപ്പറ്റി ഒരു പാഠപുസ്തകമുണ്ടായാൽ (ഇന്നുവരെ അങ്ങനെയൊന്നില്ല എന്നോർക്കുക!) അതിന്റെ ഭാഗമായിത്തീരേണ്ട വസ്തുതകളാണ് അന്ന് അദ്ദേഹം പറഞ്ഞത്.

ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികൾ എങ്ങനെ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ഭീഷണിയായേക്കാമെന്ന ആശങ്ക ആ പ്രസംഗത്തിൽ പ്രകടിപ്പിച്ചതിനെപ്പറ്റി ഈ പംക്തിയിൽ മുൻപ് എഴിതിയിരുന്നു. ഇന്ത്യൻ രാഷ്ട്രീയം സമർത്ഥമായി തമസ്കരിച്ച രണ്ടു പ്രസ്താവനകൾ പ്രത്യക്ഷപ്പെടുന്നത് അദ്ദേഹത്തിന്റെ അതേ പ്രസംഗത്തിലാണ്. അവയെ അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ അവതരിപ്പിച്ചുകൊള്ളട്ടെ (മൊഴിമാറ്റം ലേഖകന്റേത്)

*ജനാധിപത്യത്തെ ഒരു ചട്ടക്കൂടു മാത്രമായല്ല ഒരു യാഥാർത്ഥ്യമായി നിലനിർത്താൻ എന്തു ചെയ്യണം? നമ്മുടെ സാമൂഹിക-സാമ്പത്തിക ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഭരണഘടനയ്ക്കു വിധേയമായ മാർഗങ്ങൾ സ്വീകരിക്കണം. വിപ്ളവത്തിന്റെ രക്തം പുരണ്ട മാർഗ്ഗം ഉപേക്ഷിക്കണം. സിവിൽ നിയമലംഘനവും നിസ്സഹകരണവും സത്യാഗ്രഹവും ഉപേക്ഷിക്കണം ഭരണഘടനാ വിധേയമായ മാർഗങ്ങളിലൂടെ സാമൂഹിക-സാമ്പത്തിക ലക്ഷ്യങ്ങൾ നേടാൻ വഴിയില്ലാതിരുന്നപ്പോൾ, ഭരണഘടനാപരമല്ലാത്ത മാർഗങ്ങൾ അവലംബിക്കുന്നതിൽ ന്യായമുണ്ടായിരുന്നു. പക്ഷേ ഇന്നു ഭരണഘടനാപരമായ മാർഗങ്ങൾ തുറന്നിട്ടിരിക്കുമ്പോൾ ഭരണഘടനാവിരുദ്ധമാർഗങ്ങൾക്കു ന്യായീകരണമില്ല. അവ അരാജകത്വത്തിന്റെ വ്യാകരണശാസ്ത്രമാണ്.*

*അവയെ എത്രവേഗം കൈവെടിയുന്നുവോ അത്രയും നല്ലത്.....*

ഗാന്ധിജി സ്വാതന്ത്ര്യസമരത്തിലേക്കു കൊണ്ടു വന്ന സമരമുറകളെക്കുറിച്ചുൾപ്പെടെയാണ് അംബേദ്കർ പറയുന്നത്. ജനാധിപത്യ ഇന്ത്യയിൽ അവ തുടരേണ്ട ആവശ്യമില്ല എന്നദ്ദേഹം പറയുന്നു. പക്ഷേ സ്വതന്ത്ര ഇന്ത്യയുടെമേൽ രാഷ്ട്രീയപ്പാർട്ടികൾ അടിച്ചേൽപിച്ച അന്യായങ്ങൾ നിസ്സഹക രണത്തിലേക്കും സത്യാഗ്രഹത്തിലേക്കുമല്ല അക്രമമാർഗങ്ങളിലേക്കുതന്നെ തിരിയാൻ ജനങ്ങളെ പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നതിനു നാം സാക്ഷിയാണ്. ഒപ്പം, രാഷ്ട്രീയ പ്പാർട്ടികൾ തന്നെ അവരുടെ അധികാര താൽപര്യങ്ങൾക്കുവേണ്ടി ജനങ്ങളെ ചൂഷണം ചെയ്തുകൊണ്ട് അവരെ അക്രമത്തിലേക്കും രക്തച്ചൊരിച്ചിലിലേക്കും നയിക്കുന്നു. കേരളത്തിന്റെ സ്വന്തം ഉദാഹരണങ്ങൾ ആയിരമായിരം താളുകളിൽപോലും എഴുതിത്തീരില്ല. കച്ചവട ഉൽപന്നങ്ങൾ നിർമിക്കുന്ന ഫാക്ടറിയെന്നപോലല്ല കേരളത്തെ സമരങ്ങളുടെ ഫാക്ടറിയായി പാർട്ടികൾ മാറ്റിയത് നമ്മുടെയെല്ലാം കൺമുൻപിലാണ്. 'അരാജകത്വത്തിന്റെ വ്യാകരണശാസ്ത്രം' എന്ന ഒറ്റ പ്രയോഗംകൊണ്ട് അദ്ദേഹം ഇന്നത്തെ ഇന്ത്യയിലും കേരളത്തിലും നാം അനുഭവിക്കുന്ന രാഷ്ട്രീയത്തിന്റെ സത്യം തുറന്നുവയ്ക്കുന്നു.

അംബേദ്കറുടെ രണ്ടാമത്തെ പ്രസ്താവന ആദ്യത്തേതിലും കേന്ദ്ര പ്രാധാന്യമുള്ള ഒന്നാണ്. ബ്രിട്ടിഷ് ചിന്തകനും രാഷ്ട്രമീമാംസാ പണ്ഡിതനുമായ ജോൺ സ്റ്റുവർട്ട് മില്ലിന്റെ വാക്കുകൾ എടുത്തുപറഞ്ഞുകൊണ്ടാണ് അദ്ദേഹം ആരംഭിക്കുന്നത്:

*ഒരു കാരണവശാലും നിങ്ങളുടെ പൗരസ്വാതന്ത്ര്യങ്ങൾ ഒരു മഹദ് നേതാവിന്റെ കാൽക്കൽ അർപ്പിക്കരുത്. നിങ്ങളുടെ ജനാധിപത്യസ്ഥാപനങ്ങളെ അട്ടമറിക്കാനുള്ള അധികാരം അയാളെ വിശ്വസിച്ച് അയാൾക്കു നൽകരുത്...*

തുടർന്ന് അംബേദ്കർ പറയുന്നു.

*രാജ്യസേവനത്തിനു ജീവിതം ഉഴിഞ്ഞുവച്ച മഹാവ്യക്തികളോട് നന്ദിയുണ്ടാകുന്നതിൽ തെറ്റില്ല. പക്ഷേ നന്ദിക്കു പരിധിയുണ്ട്..*

ഇവിടെ അദ്ദേഹം അയർലൻഡിലെ സ്വാതന്ത്ര്യ പ്രസ്ഥാന നേതാവ് ഡാനിയൽ ഒക്കോണല്ലിനെ ഉദ്ദരിക്കുന്നു.

*ഒരു പുരുഷനും അവന്റെ മാനം ബലികഴിച്ചു നന്ദി നൽകരുത്. ഒരു സ്ത്രീയും അവളുടെ സ്ത്രീത്വം ബലികഴിച്ചു നന്ദി നൽകരുത്. ഒരു രാഷ്ട്രവും പൗരരുടെ സ്വാതന്ത്ര്യം ബലികഴിച്ചു നന്ദി നൽകരുത്....*

അംബേദ്കർ തുടർന്നു പറയുന്ന വാക്കുകളുടെ സത്യം ജനാധിപത്യബോധമുള്ള ഏതൊരു ഇന്ത്യക്കാരനെയും നടുക്കും.

*ഒക്കോണല്ലിന്റെ മുന്നറിയിപ്പ് മറ്റേതു ലോകരാജ്യത്തെക്കാളും ഇന്ത്യയ്ക്കു ബാധകമാണ്. കാരണം ലോകത്തിലെ മറ്റേതു രാജ്യത്തെക്കാളുമേറെ ഇന്ത്യയിൽ 'ഭക്തി' അഥവാ വ്യക്തിപൂജ അഥവാ വീരാരാധന രാഷ്ട്രീയത്തിൽ വമ്പിച്ച പങ്കുവഹിക്കുന്നുണ്ട്. മതത്തിനുള്ളിൽ ഭക്തി ആത്മാവിനു മോക്ഷം നേടാനുള്ള മാർഗ്ഗമായിരിക്കാം. എന്നാൽ, രാഷ്ട്രീയത്തിൽ ഭക്തി അഥവാ വീരാരാധന*

*തകർച്ചയിലേക്കും അവസാനം സ്വേച്ഛാധിപത്യത്തിലേക്കും എത്തിക്കുമെന്നുറപ്പാണ്....*

**അവിശ്വസനീയ ഉൾക്കാഴ്ച**

അവിശ്വസനീയമാണ് ഇന്ത്യക്കാരിലേക്കും ഇന്ത്യൻ രാഷ്ട്രീയത്തിലേക്കുമുള്ള അദ്ദേഹത്തിന്റെ അതിസൂക്ഷ്മമാംവിധം കൃത്യമായ ഉൾക്കാഴ്ച.

ഗാന്ധിജിക്ക് ഈ ഉൾക്കാഴ്ചയുണ്ടായിരുന്നെങ്കിൽ ഇന്ത്യയുടെ ഭാവി മറ്റൊന്നാകുമായിരുന്നില്ലേ എന്ന് അത്ഭുതപ്പെട്ടുപോകുന്നു. സ്വേഛാധിപത്യത്തിലേക്കു വഴുതുന്ന ഇന്നത്തെ ഇന്ത്യയെ മുന്നിൽക്കണ്ടു പറഞ്ഞതുപോലെ കുറിക്കുകൊളളുന്നവയാണ് 1949 നവംബർ 25-ന് അംബേദ്കർ പറഞ്ഞ വാക്കുകൾ.

എന്നാൽ, അംബേദ്കർക്കുതന്നെ അറംപറ്റി താൻ സ്വയം വീരാരാധനയുടെ പാത്രമാകുമെന്ന് അദ്ദേഹം കരുതിയിട്ടുണ്ടാവില്ല. പക്ഷേ, ചരിത്രത്തിന്റെ നീതികൾ വേറെയാണല്ലോ.

**മലയാള മനോരമ**
**10 മേയ് 2024**

ജജജജജജ

# Protection from climate change part of right to life

***The Supreme Court of India, on April 5, recognised that citizens have a right to be free from the adverse effects of climate change, saying it is intertwined with the fundamental rights to life and equality. Here are the key arguments articulated by the three-judge bench of Chief Justice DY Chandrachud and Justices JB Pardiwala and Manoj Misra in their judgement***

India's efforts to combat climate change are manifold. Parliament has enacted the Wild Life (Protection) Act 1972, the Water (Prevention and Control of Pollution) Act 1974, the Air (Prevention and Control of Pollution) Act 1981, the Environment (Protection) Act 1986, the National Green Tribunal Act 2010, amongst others. In 2022, the Energy Conservation Act 2001 was amended to empower the Central Government to provide for a carbon credit trading scheme... Despite governmental policy and rules and regulations recognising the adverse effects of climate change and seeking to combat it, there is no single or umbrella legislation in India which relates to climate change and the attendant concerns.

However, this does not mean that the people of India do not have a right against the adverse effects of climate change.

Article 48A of the Constitution provides that the State shall endeavour to protect and improve the environment and to safeguard the forests and wild life of the country. Clause (g) of Article 51A stipulates that it shall be the duty of every citizen of India to protect and improve the natural environment including forests, lakes, rivers and wild life, and to have compassion for living creatures. Although these are not justiciable provisions of the Constitution, they are indications that the Constitution recognises the importance of the natural world. The importance of the environment, as indicated by these provisions, becomes a right in other parts of the Constitution. Article 21 recognises the right to life and personal liberty while Article 14 indicates that all persons shall have equality before law and the

equal protection of laws. These articles are important sources of the right to a clean environment and the right against the adverse effects of climate change......

Despite a plethora of decisions on the right to a clean environment, some decisions which recognise climate change as a serious threat, and national policies which seek to combat climate change, it is yet to be articulated that the people have a right against the adverse effects of climate change. This is perhaps because this right and the right to a clean environment are two sides of the same coin. As the havoc caused by climate change increases year by year, it becomes necessary to articulate this as a distinct right. It is recognised by Articles 14 and 21.

Without a clean environment which is stable and unimpacted by the vagaries of climate change, the right to life is not fully realised. The right to health (which is a part of the right to life under Article 21) is impacted due to factors such as air pollution, shifts in vector-borne diseases, rising temperatures, droughts, shortages in food supplies due to crop failure, storms, and flooding. The inability of underserved communities to adapt to climate change or cope with its effects violates the right to life as well as the right to equality. This is better understood with the help of an example. If climate change and environmental degradation lead to acute food and water shortages in a particular area, poorer communities will sufer more than richer ones. The right to equality would undoubtedly be impacted in each of these instances.

The right to equality may also be violated in ways that are more difficult to remedy.

For example, a person living in say, the Lakshadweep Islands, will be in a disadvantageous position compared to person living in say, Madhya Pradesh when sea levels rise and oceanic problems ensue. Similarly, forest dwellers or tribal and indigenous communities are at a high risk of losing not only their homes but also their culture, which is inextricably intertwined with the places they live in and the resources of that place. In

India, the tribal population in the Nicobar islands continues to lead a traditional life which is unconnected to and separate from any other part of the country or world. Indigenous communities often lead traditional lives, whose dependence on the land is of a different character from the dependence which urban populations have on the land. Traditional activities such as fishing and hunting may be impacted by climate change, affecting the source of sustenance for such people. Further, the relationship that indigenous communities have with nature may be tied to their culture or religion. The destruction of their lands and forests or their displacement from their homes may result in a permanent loss of their unique culture. In these ways too, climate change may impact the constitutional guarantee of the right to equality...

India faces a number of pressing near-term challenges that directly impact the right to a healthy environment, particularly for vulnerable and indigenous communities including forest dwellers. The lack of reliable electricity supply for many citizens not only hinders economic development but also disproportionately affects communities, including women and low-income households, further perpetuating inequalities. Therefore, the right to a healthy environment encapsulates the principle that every individual has the entitlement to live in an environment that is clean, safe, and conducive to their well-being.

**Down to Earth**
**1-15 May, 2024.**

# Era of Deprivation

Prabhat Patnaik

***Any government keen to overcome the current grim situation marked by widespread unemployment, deprivation, and growing inequality must push against the boundaries of neoliberalism by pursuing a policy that improves the lives of the working people while taxing the rich.***

The economic situation in the country today is extremely grim. It consists in the fact that the economy, through its spontaneous functioning, does not provide a level of income to the overwhelming majority of people that is enough to buy even a subsistence bundle of goods by contemporary standards.

The scale of this is unprecedented in the past 50 years and is only alleviated to some extent by government-run relief programmes such as the Mahatma Gandhi National Rural Employment Guarantee Scheme (MGNREGS) and the scheme providing 5 kg of free food grains a month to each beneficiary, which was introduced during the COVID-19 pandemic.

Besides, the casualisation of the workforce has entailed work-rationing in a period of growing unemployment; this distributes deprivation over a larger workforce and hence some what lightens the burden on each, instead of concentrating it on some. But the deprivation that would prevail in the absence of such relief schemes, and which prevails even in the presence of such schemes, is greater than at any time during the past 50 years.

This may appear to be hyperbole. An immediate objection would be raised against it. What constitutes a "subsistence bundle" is a matter of judgment, and comparing deprivation across time, defined as the inability to purchase each period's "subsistence" bundle, is even more problematic. But while several components of a "subsistence" bundle change over time with the introduction of new products, a basic component like a certain amount of food (with a certain calorific value) can be taken as a constant for every "subsistence" bundle. Average calorie intake is known to increase with real income, at least over the income

range we are considering. Deprivation, therefore, can be assessed by looking at calorie intake.

In 1973-74, when poverty estimates began in the country, the Planning Commission took 2,200 calories a person a day in rural India and 2,100 calories a person a day in urban India as benchmark figures; those unable to access these levels were considered poor. We can take the same benchmarks and assess the extent of deprivation by looking at the percentage of the population unable to access them.

The percentage of rural population below this norm in 1973-74 was 56; in 2017-18, it had increased to well over 80 per cent. For urban India, the percentage was 60 in both years. weighted average was certainly much higher 2017-18. In fact, the 2017-18 figures were so surprising that the government decided to supply them altogether. (The figures given here were worked out from whatever was briefly available.) Even the per capita rural expenditure in the terms in that year was lower than the figure find in 2011-12 by as much as 9 per cent.

The detailed results of the NSSO survey 2022-23 have not yet been published, and since this survey uses a different method from the earlier ones, its results cannot be compared with earlier ones. But given the fact that the period after 2017-18 has witnessed a pandemic, a draconian lockdown, a massive reverse migration to villages that has not been fully negated, the position that economic deprivation of the majority of the population, especially of the rural population, is more acute today than at any time during the preceding half century remains a valid one.

A HOST OF SCATTERED evidence also confirms the fact that since 2017-18, things have been no better. The National Family Health Survey-5 (NFHS) covering 2019-21 found that 57 per cent of the women surveyed suffered from anaemia compared with 53 per cent in NFHS-4, which had covered 2015-16, clearly suggesting greater nutritional deprivation.

Likewise, India's score on the Global Hunger Index has remained more or less unchanged between 2015 and 2023; since child mortality rate, one of the four variables that go into the construction of the index, has been declining continuously, it follows that the others together, which reflect nutritional deprivation more directly, have become worse.

Of course, to argue an increase in deprivation is not to suggest that people are actually "worse off" today

than half a century ago. The living standards of the people depend both on their private earnings together with state transfers towards them and on collective facilities that are available to them. We cannot, therefore, conclude from the fact of a decline in their real private earnings, or in private earnings plus state transfers, that there has been a "worsening" of their living standards. But the decline in private earnings is itself of great significance. The question is, why has it occurred?

There is a tendency to put the entire blame for it on the Narendra Modi government's capricious policies. These capricious policies, such as the mindless demonetisation, or the draconian lockdown following the COVID-19 outbreak with out providing security to tenants who could not pay rents, all of which had an adverse effect on the petty production sector including peasant agriculture, certainly played a role, but they were superimposed upon a more basic underlying trend towards mass deprivation introduced by neoliberalism.

This is borne out by the fact that the percentage of rural population accessing less than 2,200 calories had already increased from 58 in 1993-94 to 68 in 2011-12; the percentage of the urban population accessing less than 2,100 calories had already increased from 57 in 1993-94 to 65 in 2011-12.

Deprivation, in other words, had already been occurring, long before Modi appeared on the horizon. Modi's culpability lay in his even more enthusiastic pursuit of neoliberalism (to the point of introducing the three infamous farm laws in conformity with neoliberal demands); and his imposition of a set of capricious measures on top of the trends already unleashed by neoliberalism.

TWO SUCH TRENDS are important for us here. One is the crisis imposed on petty production and peasant agriculture because of the withdrawal of state support that this sector had enjoyed under the preceding *dirigiste regime* (a withdrawal that the Modi government was trying to carry forward with its farm laws).

The revival of private moneylending, the exposure of peasants growing cash crops to world market price fluctuations, the entry of multinational agribusiness and domestic monopolists into the agricultural sector where they deal directly with the peasants as in colonial times, and the privatisation of services like education and healthcare that raises the peasants' cost of living-are all symptoms of this withdrawal; its effect is a squeeze on the peasantry and their exodus to towns in search of work.

The second is the increase in the rate of growth of labour productivity in the economy because of the rapid technological-cum-structural change introduced by greater competition among producers in different countries arising from the lifting of restrictions on trade flows.

Since the rate of growth of employment in an economy is simply the excess of the rate of growth of a output over the rate of growth of labour productivity, the increase in the latter keeps down the growth of employment; even when GDP growth accelerates under neoliberalism, as is supposed to have happened in India (though the acceleration is much exaggerated), employment growth falls even below what it was under *dirigisme* and even below the natural growth rate of the workforce.

Let alone absorbing displaced peasants, the growth process does not even absorb the natural increase in the workforce. The result is a rise in the labour reserve relative to the workforce, although the form it takes is reduced employment per capita for a largely casualised workforce.

Both these tendencies characterising neoliberalism have been in operation in India; they have the effect of immiserising the working population in absolute terms, which is what we see. At the same time, the increased rate of growth of labour productivity in the midst of such immiserisation raises the share of economic surplus in the GDP, which underlies the immense increase in income and wealth inequality.

The finding of Thomas Piketty and his associates that income inequality in India-measured by the share in national income of the top 1 per cent of the population-at 22.6 per cent in 2022, was higher than at any time since 1922, when the income tax that provides the basis for such estimates was introduced, should cause no surprise. The inequality generated by neolieralism (the dirigiste regime had brought down the share of the top 1 per cent to 6 per cent of national income by 1982) exceeds even what existed under the British Raj.

SUCH AN INCREASE in inequality, which is a worldwide phenomenon not confined to India alone, reduces the level of aggregate demand at any given level of income (since the poor consume more of a unit of income than the rich). This gives rise to a tendency towards the overproduction which actually gets realised in the form of a secular stagnation, as the state under neoliberalism is prevented from taking any fiscal measures to counter this tendency (for reasons we discuss later), and monetary measures are toothless to do so.

This happens both at the global level and the Indian economy, what it means is that the growing underemployment that neoliberalism caused even in its heyday reaches its denouement in an explosion of underemployment when neoliberalism enters a period of crisis. This is what we see today.

The employment scenario does not get revealed clearly from government statistics since the concepts officially used for measuring unemployment are all utterly inadequate when unemployment takes the form of a reduction in hours of work per person within a substantially casualised workforce; besides, women's unpaid work in family enterprises is counted as employment although it is against ILO definitions.

On the other hand, data collected by the Centre for Monitoring Indian Economy, although based on the self-perception of the respondents themselves, show the rise in unemploy ment much more clearly. They show the unemployment rate remaining more or less steady between 5 and 6 per cent of the workforce between 2008 and 2019; thereafter, it increases significantly, reaching 8 per cent in March 2024.

There is, however, plenty of indirect evidence to show the seriousness of the unemployment scenario. The first relates to the demand for work under the MGNREGS.

In 2019-20, the demand was for 265.3 crore person-days, which shot up during the next two pandemic-affected years to 389.9 crore and 363.2 crore person-days respectively. But even after the pandemic had abated, this demand continued to remain much higher than in 2019-20; in 2023-24 it was 305.2 crore person-days, a 15 per cent rise from 2019-20.

THE LACK OF JOB opportunities in rural India is also reflected in wage behaviour. Between 2014-15 and 2022-23, the average money wage rate for men for all occupations, agricultural and non-agricultural, increased at a rate less than the rate of growth of the rural consumer price index and also less than the food price index. Although the difference is small, it suggests a lowering of the real wage rate. It is this increase in the labour reserve relative to the labour force, symptomatic especially of a crisis-hit neoliberalism, that underlies the acuteness of deprivation we currently observe.

In this context, when the system cannot spontaneously provide a bare subsistence income to the majority of the population and when even the relief provided by government schemes cannot fully negate this situation, the tendency is for the ascendancy of neo-fascism. This is a worldwide phenomenon in the current period of

crisis. A neoliberal-neo-fascist alliance, manifested in a partnership between the monopoly bourgeoisie integrated with globalised capital, and neo-fascist elements, comes up everywhere, shifting the discourse away from issues of material life towards "othering" a minority and generating animosity against it; its objective is to shore up the crisis-hit system and prevent any possible challenge to it.

A neo-fascist government, however, cannot overcome the crisis any more than a liberal government. Monetary policy, as already mentioned, is a blunt instrument for reviving the economy, and any effective fiscal intervention in the form of a larger government expenditure is ruled out. To be effective, it has to be financed not by taxing the working people who consume much of their income anyway, but by taxing the rich or by increasing the size of the fiscal deficit, and both these are ruled out because they are disliked by globalised finance whose writ must run.

It must run because the nation state that confronts globalised finance must "retain its confidence" in order to prevent a capital flight. With in neoliberalism, therefore, there is no solution to the crisis, overcoming it requires going beyond neoliberalism.

To start with, however, any government keen to overcome the crisis must push against the boundaries of neoliberalism by pursuing a policy that improves the lives of the working people while taxing the rich. Many have suggested in this context a programme of providing a basic minimum income to all households. But the basic minimum income scheme, notwithstanding its obvious appeal, has several limitations.

First, it gives the impression of being a charity, which violates the dignity of the people, government largesse for which they should be grateful. Second, it can be reduced or with drawn any time at the whim of the government. And third, handing over money to people scarcely improve their lives unless there are also institutions where such money can be spend without the spender being fleeced.

For all these reasons, the appropriate measure is to introduce a set of universal, constitutionally guaranteed, and justiciable economic rights, that is, a set of fundamental economic rights analogous to the fundamental political and civil rights we currently have.

A SIMPLE CALCULATION shows that the introduction of five fundamental economic rights, namely,

a right to food (everyone having access to food exactly as the below poverty line population had in the pre-pandemic period); a right to employment failing which the person should be paid a full wage, a right to free, quality education in public institutions (up to the higher secondary level); a right to free, quality healthcare through a National Health Service; and a right to a living, non-contributory, old-age pension and disability benefits, can be financed by imposing just two taxes on the top 1 per cent of the population. The first is a 2 per cent wealth tax, and the second is a one-third inheritance tax on whatever is pass down to progeny or friends.

To be sure, these taxes will meet only the financial requirements of the proposed right based welfare state; the real resources for it will have to be raised through appropriate production planning. And the details of administration of demarcation of responsibilities between the Centre and the States, have to be worked out. But a rights-based welfare state that overcome the crisis in which our economy is currently placed, and also overcomes the threat from neofascism, is perfectly feasible. If a constitutional amendment for effecting it seems difficult, then a unanimous resolution passed in both House of Parliament, as was done with the MGNREGS should do.

*(Prabhat Patnaik is Professor Emeritus, Centre for Economic Studies and Planning, Jawaharlal Nehru University.)*

**FRONTLINE**
**17 May, 2024.**

# കാട് കാലിയാക്കുന്ന യൂക്കാലിയും കൊന്നയും

ടി.പി. പത്മനാഭൻ

തെറ്റായ ഭൂവിനിയോഗം കൊണ്ടും വനനശീകരണം കൊണ്ടും പാരിസ്ഥിതികമായ തകർച്ചയും ദാരിദ്ര്യവുമനുഭവപ്പെടുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഇന്ധനവും കാലിത്തീറ്റയും പച്ചിലവളവും ആഹാരവും കൈത്തൊഴിലിനാവശ്യമായ വനോത്പന്നങ്ങൾ നൽകാനും പരിസ്ഥിതി പുനരുജ്ജീവനത്തെ ത്വരപ്പെടുത്താനുമാണ് സാമൂഹിക വനവത്കരണം (സോഷ്യൽ ഫോറസ്ട്രി) ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും നടപ്പാക്കിയത്. ലോകബാങ്ക്, കനേഡിയൻ ഡെവലപ്മെന്റ് ഏജൻസി തുടങ്ങിയ അന്താരാഷ്ട്ര സംഘടനകൾ ഇതിനായി 'സഹായധനം' നൽകി. ആദ്യമേ ഭീകരമായ അഴിമതിയിൽ മുങ്ങിപ്പോയ ഈ പദ്ധതിക്ക് വൻവിവാദവും കടുത്ത എതിർപ്പും അഭിമുഖീകരിക്കേണ്ടിവന്നു. ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുക എന്നതിൽനിന്ന് വ്യതിചലിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ, കാറ്റാടി, പൈൻ തുടങ്ങിയ വിദേശ സസ്യയിനങ്ങൾ ഏകവിളത്തോട്ടങ്ങളാക്കി വളർത്തിയെടുക്കാനാണ് പദ്ധതി ഉപയോഗപ്പെടുത്തിയത്. 1992-93 കാലത്ത് കേരളത്തിൽ 5000 ഹെക്ടർ ഭൂമിയാണ് സോഷ്യൽ ഫോറസ്ട്രി പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

85 കോടി രൂപ ചെലവാക്കാൻ ഉദ്ദേശിച്ച പദ്ധതിയിലേക്ക് വനംവകുപ്പിലെ അനേകം ഉദ്യോഗസ്ഥരെ, പ്രത്യേകിച്ച് വനസംരക്ഷണത്തിനായുള്ള സ്റ്റാഫിനെ വിട്ടുകൊടുക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വനത്തിനു ലഭിക്കാറുള്ള നാമമാത്രമായ സംരക്ഷണം പോലും അവതാളത്തിലായി. ശുഷ്കിച്ച വനങ്ങളെ ഇടതൂർന്ന വനങ്ങളാക്കാനും വന്ധ്യമായ വനഭൂമിയെ മുഴുവൻ വനവത്കരിക്കാനുമുള്ള സോഷ്യൽ ഫോറസ്ട്രിയുടെ പദ്ധതി ഇന്ന് എവിടെ എത്തിനിൽക്കുന്നെന്ന് പകൽപോലെ വ്യക്തം.

**മുളമാറി യൂക്കാലിയായി**

ഇപ്പോൾ വിവാദമാകുന്നത് കേരള വനവികസന കോർപ്പറേഷന്റെ യൂക്കാലി പദ്ധതിയാണ്. വനവികസനത്തിനായുള്ള കോർപ്പറേഷൻ, കച്ചവട-വ്യവസായിക താത്പര്യത്തിന് വനനാശത്തിനായി നിയോഗിക്കപ്പെട്ടവരാണെന്ന് പൊതുജനത്തിന് ഇപ്പോഴാണ് മനസ്സിലായത്. മരം ചതച്ച് അരച്ചെടുത്ത് അതിലെ സെല്ലുലോസ് വേർതിരിച്ചെടുക്കുന്നതാണ് പൾപ്പ്. മാവൂർ ഗ്വാളിയോർ റയോൺസിനും പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസിനും വേണ്ടിയാണ് കാട്ടിലെ മുളയും നാട്ടിലെ മൃദുമരങ്ങളും വെട്ടി കാടും നാടും വെളുപ്പിച്ചത്. മുള പെട്ടെന്ന് വളരും. സെല്ലുലോസ് സമൃദ്ധമായുണ്ടു താനും. മുള ഏതാണ്ട് തീർന്നു തുടങ്ങുമ്പോഴാണ് മുളയുടെ മേൽപ്പറഞ്ഞ ഗുണങ്ങളുള്ള യൂക്കാലിയിലേക്ക് വ്യവസായികളുടെ ശ്രദ്ധതിരിയുന്നത്. മുന്നൂറിലേറെ സ്പീഷീസുള്ള യൂക്കാലിയിൽ ഒന്നുരണ്ടിനമൊഴികെ ഭൂരിഭാഗത്തിന്റെയും ജന്മസ്ഥലം ഓസ്ട്രേലിയൻ ചതുപ്പാണ്. മൂന്നാറിലെ കണ്ണൻ ദേവൻ കമ്പനിയുടെ ചായത്തോട്ടങ്ങളിലെ ചതുപ്പ് വറ്റിക്കാനാണ് യൂക്കാലിപ്റ്റസ് ആദ്യകാലത്ത് അവിടെ വെച്ചുപിടിപ്പിച്ചത്.

ഇല വാറ്റിയെടുത്ത് തൈലമുണ്ടാക്കുന്ന ഗ്ലോബുലസ് ഇനം നീലഗിരിക്കുന്നുകളിലാണ് ആദ്യമെത്തിയത്. മഴ ധാരാളം പെയ്യുന്നിടത്ത് 135 മീറ്റർ വരെ ഉയരത്തിൽ വളരാൻപറ്റുന്ന ഗ്രാൻഡിസ് പിന്നീട് നട്ടുപിടിപ്പിക്കാൻ തുടങ്ങി. നാടിനുപറ്റുന്ന ഇനം കണ്ടെത്താനുള്ള ഗവേഷണം തുടർന്ന് അമ്പലവയലിൽ ആരംഭിച്ചു. ഉയർന്ന മഴപ്രദേശങ്ങളിൽ ഗ്രാൻഡിസും സമതലങ്ങളിൽ റിറ്റികോർണിസും ശുപാർശ ചെയ്യപ്പെട്ടു.

നാല് പൾപ്പുവ്യവസായങ്ങൾ, അവിടെയുള്ള ആയിരക്കണക്കിന് തൊഴിലാളികൾ, വ്യവസായവത്കരിക്കുക അല്ലെങ്കിൽ മരിക്കുക എന്ന മുദ്രാവാക്യമുയർന്നു. മുളവെട്ടിക്കൊടുക്കാൻ ബാംബു കോർപ്പറേഷനെയും ചുമതലപ്പെടുത്തി. മുള തീരുമെന്നുറപ്പായപ്പോൾ വെട്ടാൻ വേണ്ടി യുക്കാലി നടാൻ തുടങ്ങി. ലോകബാങ്കിൽ നിന്ന് കടമെടുത്ത സോഷ്യൽ ഫോറസ്ട്രിയിലും യൂക്കാലി വീട്ടുപടിക്കൽവരെയെത്തി.

**അപകടകാരിയായ കൊന്ന**

ഒരിടത്ത് സ്വാഭാവികമായി വളരുന്ന സസ്യം മറ്റൊരു ആവാസവ്യവസ്ഥയിൽ കൊണ്ടെത്തിക്കുകയും അത് അവിടത്തെ മണ്ണും വെള്ളവും ജൈവവൈവിധ്യവും നശിപ്പിച്ചുകൊണ്ട് പടർന്നു പിടിക്കുകയും ചെയ്യുമ്പോഴാണ് അധിനിവേശസസ്യങ്ങൾ എന്നുപറയുന്നത്. ഇതിൽ പശ്ചിമഘട്ട മലനിരകളിൽ പ്രത്യേകിച്ച് വയനാട്ടിൽ പടർന്നുപന്തലിച്ച ഇനമാണ് സ്വർണക്കൊന്ന. മഞ്ഞക്കൊന്ന, രാക്ഷസ ക്കൊന്ന എന്നൊക്കെ മറ്റുപേരുകൾ. നീലഗിരി ജൈവമണ്ഡലത്തിലെ ഏറ്റവും വിനാശകാരിയായ അധിനിവേശ സസ്യമായി സെന്ന സ്ട്രെപ്റ്റാബിലിസ് എന്ന സ്വർണക്കൊന്ന മാറിക്കഴിഞ്ഞു. വനംവകുപ്പ് ഇവ വെട്ടിമാറ്റാൻ ആരംഭിച്ചപ്പോൾ മരക്കുറ്റികളിൽനിന്ന് അനേകം പുതുനാമ്പുകളാണ് ഒന്നിച്ച് കിളിർത്തുയർന്നത്.

പത്തുമീറ്ററിലധികം ഉയരത്തിൽ വളരുന്ന സ്വർണക്കൊന്നമരങ്ങൾ അവിടങ്ങളിലെ തനത് സസ്യങ്ങളെയും വന്യജീവികളെയും വൻതോതിൽ ബാധിച്ചു. വയനാട് വന്യജീവി സങ്കേതത്തിൽനിന്ന് ഈ സസ്യം ബന്ദിപ്പൂർ, നാഗർഹോളെ ടൈഗർ റിസർവുകളിലേക്കും വ്യാപിക്കാൻ തുടങ്ങിയിരിക്കുകയാണ്. ആന, കടുവ, കാട്ടുപോത്ത്, മാൻ തുടങ്ങിയ വലിയ ജീവികളുടെ പ്രശ്നങ്ങൾമാത്രമാണ് അധിനിവേശസസ്യങ്ങളുമായി ബന്ധപ്പെടുത്തി പൊതുവേ ചർച്ച ചെയ്യുന്നത്. ലാർവാഭക്ഷണ സസ്യമില്ലാതെ വംശനാശത്തിലെത്തുന്ന പൂമ്പാറ്റകളും പുഴുക്കളെ തിന്നുന്ന പക്ഷികളും ഉരഗങ്ങളുമൊക്കെ പൊതുവേ അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്.

ഇന്ന് ആനയും മനുഷ്യരും അഭിമുഖമായിവരുന്ന ആനയിറങ്കൽ ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിലെ പുൽമേടുകളിൽ യൂക്കാലിയും പൈനും വെച്ചുപിടിപ്പിച്ചു. 410 ഹെക്ടർ പൈനും 130 ഹെക്ടർ യൂക്കാലിയും തോട്ടമായി നിൽക്കുന്ന ഇടത്താണ് 2002-ൽ ആദിവാസി ജനവിഭാഗങ്ങളെയും പാർപ്പിക്കാൻ പതിച്ചുനൽകുന്നത്.

**അന്ധമായ ദുര**

വനവികസനത്തിന്റെ പിന്നിലുള്ള അജൻഡകൂടി ആലോചിക്കണം. 1990-ൽ അഗളി വില്ലേജിലെ കട്ടേക്കാടു തൊട്ട് കുറവൻ പാടി വരെയുള്ള ശിരുവാണി പ്പുഴയുടെ തീരങ്ങളിലെ മുളങ്കാട് ആദ്യം 500 രൂപയ്ക്ക് ലേലമുറപ്പിച്ചു. പിന്നീട് ഇതിൽ സ്റ്റേ വന്നു. തുടർലേലം ചെയ്തപ്പോൾ 4,60,000 രൂപ കിട്ടി. കാട്ടിലെ തടി തേവരുടെ ആന എന്ന ചൊല്ലാണ് വന വികസനത്തിന്റെ ആപ്തവാക്യം. ഒരു ടൺ മുള മാവൂർ ഗ്വാളിയോർ റയോൺസിന് നൽകിയത് ഒന്നേകാൽ രൂപയ്ക്കാണെന്നതും ചേർത്തുപഠിക്കണം.

1980-കളിൽ ഒരു ടൺ യൂക്കാലിയുടെ ഉത്പാദനച്ചെലവ് എഴുപതുരൂപയായിരുന്നു. ഇത് പൾപ്പ് വ്യവസായികൾക്ക് നൽകിയത് പതിനൊന്ന് രൂപയ്ക്കായിരുന്നു. വ്യവസായ ത്തൊഴിലാളികളുടെ പേരിൽ ഖജനാവിന് വൻ നഷ്ടം. എന്നാൽ, ഈറ്റ ഉപയോഗിച്ച് ലക്ഷക്കണക്കിനുപേർ കൈത്തൊഴിലു കളിൽ ഏർപ്പെട്ടിരുന്നു. അവർക്ക് മുളകിട്ടാതായപ്പോൾ ആ കണ്ണുനീരിന് വിലകൊടുത്തതുമില്ല.

മനുഷ്യൻ ഇന്ന് അകപ്പെട്ടിരിക്കുന്ന പ്രതിസന്ധി പാരിസ്ഥിതിക പ്രതിസന്ധി കൂടിയാണ്. പ്രകൃതിയിൽ നിന്നുള്ള അന്യവത്കരണം ദുരന്തങ്ങൾ വിതയ്ക്കുകയേ ചെയ്യൂ.

*(പയ്യന്നൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സീക്ക് എന്ന സംഘടനയുടെ ഡയറക്ടറാണ് ലേഖകൻ)*

**മാതൃഭൂമി**
**22 മേയ് 2024.**

ഝഝഝഝ

# പണ്ഡിറ്റ് നെഹ്റു: ജനാധിപത്യഭാഷയും വ്യാകരണവും

സുധാ മേനോൻ

പ്രശസ്ത എഴുത്തുകാരനായ ഇ.എം. ഫോസ്റ്റർ, ഒരിക്കൽ ഒരു കഥയെഴുതി. ഫ്രഞ്ച് ചിന്തകനായിരുന്ന വോൾട്ടയർ പുനർജനിക്കുകയാണെങ്കിൽ, ലോകത്തിന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്ക പങ്കുവെക്കാൻ അന്നത്തെ ലോക നേതാക്കന്മാർക്ക് കത്തെഴുതുന്നതായിരുന്നു ഉള്ളടക്കം. പക്ഷേ, സ്വാതന്ത്ര്യത്തെ ക്കുറിച്ചും നീതി ബോധത്തെക്കുറിച്ചും വോൾട്ടയറിനുള്ള സംശയങ്ങൾക്ക് ഉത്തരം കണ്ടെത്താനും മാനവരാശിയെ പുരോഗതിയിലേക്ക് നയിക്കാനും ആത്മാർഥമായി ആഗ്രഹമുള്ള നേതാക്കളെ കണ്ടെത്തൽ ഒട്ടും എളുപ്പമായിരുന്നില്ല. ഓരോ രാഷ്ട്രത്തലവന്മാരുടെയും പേരുകൾ കടലാസിൽ എഴുതി വെട്ടിമാറ്റിയശേഷം വോൾട്ടയർ, ഒടുവിൽ, തനിക്കു കത്തെഴുതാൻപറ്റിയ ഒരേയൊരു നേതാവിനെ തിരഞ്ഞെടുത്തു. ആ നേതാവ് ജവാഹർലാൽ നെഹ്റുവായിരുന്നു! അളവറ്റ ആഹ്ലാദത്തോടെ, അതിലേറെ സമാധാനത്തോടെ വോൾട്ടയർ നെഹ്റുവിനു കത്തെഴുതാൻ തുടങ്ങി എന്ന് പറഞ്ഞുകൊണ്ടാണ് ഫോസ്റ്റർ കഥ അവസാനിപ്പിക്കുന്നത്.

ഇതൊരു ഭാവനമാത്രമാണെങ്കിലും ശീതയുദ്ധകാലത്തെ ഏറ്റവും പ്രതിഭാധനനും നീതിമാനുമായ ഒരാളായിരുന്നു നെഹ്റു എന്നത് ഒരു ചരിത്രവസ്തുതയാണ്. ലോകമെമ്പാടുമുള്ള ഒരുപാട് മനുഷ്യരുടെ സ്വപ്നവും പ്രതീക്ഷയും ആദർശവുമായിരുന്നു അദ്ദേഹം ആധുനികതയുടെ ഏറ്റവും ചേതോഹരമായ മനുഷ്യരൂപം.

**കരുത്തനായ കപ്പിത്താൻ**

അപകടകരമായ ഒരു കപ്പൽ യാത്രയിൽ, ചരിത്രത്തിന്റെ വിനാശകരമായ കൊടുങ്കാറ്റുകളെ കൃതഹസ്തതയോടെ നേരിട്ട കപ്പിത്താനായിട്ടാണ് ലോകചരിത്രത്തിൽ നെഹ്റുവിനെ അടയാളപ്പെടുത്തേണ്ടത് എന്ന് മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ക്ലമന്റ് ആറ്റ്ലി നിരീക്ഷിച്ചത് വെറുതെയായിരുന്നില്ല. ടാഗോർ വിശേഷിപ്പിച്ചതു പോലെ 'ചേറും ചെളിയും' നിറഞ്ഞ ഒരു ദരിദ്ര രാജ്യമായായിരുന്നു 1947-ൽ ഇന്ത്യയെ ബ്രിട്ടീഷുകാർ അവശേഷിപ്പിച്ചത്.

ക്ഷാമത്തിന്റെയും കലാപത്തിന്റെയും കടുത്തസാമ്പത്തിക പ്രതിസന്ധിയുടെയും അരാജകത്വത്തിന്റെയും വിഘടനവാദസാധ്യതകളുടെയും സാമൂഹിക രാഷ്ട്രീയ സാഹചര്യം ചൂണ്ടിക്കാട്ടിക്കൊണ്ട് ഇന്ത്യയെന്ന പുതിയരാജ്യത്തെ സമഗ്രാധിപത്യത്തിലേക്ക് നയിക്കാൻ എളുപ്പമായിരുന്നു. പക്ഷേ, പ്രതികൂലമായ ആ രാഷ്ട്രീയകാലാവസ്ഥയിലും ഏറ്റവും ശക്തമായ പ്രാതിനിധ്യ ജനാധിപത്യ

സ്ഥാപനങ്ങൾ ശ്രദ്ധാപൂർവം കെട്ടിയുയർത്തുക എന്ന നീതിപൂർണമായ മാർഗമാണ് നെഹ്റു സ്വീകരിച്ചത്. നെഹ്റു ജനാധിപത്യത്തിനു പകരം സ്വേച്ഛാധിപത്യത്തിലേക്ക് തിരിഞ്ഞിരുന്നെങ്കിൽ ഏഷ്യയുടെയും ആഫ്രിക്കയുടെയും ലോകത്തിന്റെയും ഭാവി മറ്റൊന്നാകുമായിരുന്നു. ചരിത്രം നൽകിയ തിളക്കമില്ലാത്ത അസംസ്കൃത വസ്തുക്കളിൽനിന്ന് അസാധാരണമായ മികവോടെ അദ്ദേഹം പുതിയൊരു റിപ്പബ്ലിക്കിനെ രൂപപ്പെടുത്തി.

നെഹ്റുവിനെ എക്കാലത്തും പ്രസക്തനാക്കുന്ന സുപ്രധാനകാരണം, അദ്ദേഹം ഇന്ത്യയെന്ന ആധുനികദേശരാഷ്ട്രത്തിന്റെ 'അടിസ്ഥാന വ്യാകരണം' എഴുതിയുണ്ടാക്കി എന്ന വസ്തുതയാണ്. ആ വ്യാകരണത്തിന്റെ മുകളിലാണ് ഭരണഘടനാസ്ഥാപനങ്ങളും വ്യവസായശാലകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ശാസ്ത്ര-സാങ്കേതികവിദ്യയു മൊക്കെ പണിതുയർത്തിയത്. ഒരു ഭാഷയുടെ വ്യാകരണം പാടെ പൊളിച്ചുപണിയുന്നത് എളുപ്പമല്ല. അതുകൊണ്ടാണ് നെഹ്റുവിയൻ പൈതൃകം അപനിർമിക്കാൻ ശ്രമിക്കുന്നവർക്ക് ഇപ്പോഴും അത് പൂർണമായി സാധ്യമാകാത്തതും.

ഈ വ്യാകരണം നെഹ്റുവിന്റെ മാത്രം സംഭാവനയല്ല. മറിച്ച്, അത് അന്ന് നിലനിന്നിരുന്ന ഒരുപാട് മൂല്യങ്ങളുടെ മനോഹരമായ സംയോജനമായിരുന്നു. യൂറോപ്യൻ നവോത്ഥാനത്തിന്റെയും ഫ്രഞ്ച് അമേരിക്കൻ-റഷ്യൻ വിപ്ലവങ്ങളുടെയും മൂല്യങ്ങൾ, അരിസ്റ്റോട്ടിൽ മുതൽ ബർട്രാൻഡ് റസൽവരെയുള്ള ചിന്തകരുടെ ആശയങ്ങൾ, ഫേബിയൻ സോഷ്യലിസം, റിപ്പബ്ലിക്കനിസം, പ്രാചീന ഇന്ത്യൻ സംസ്ക്കാരത്തിലെ ഉദാത്തമൂല്യങ്ങൾ, ബുദ്ധ-ജൈന-ഇസ്ലാം-സൂഫി ദർശനങ്ങൾ, ടാഗോറിന്റെ സാർവദേശീയതാസങ്കല്പം, മഹാത്മാ ഗാന്ധിയുടെ അന്ത്യോദയ, യുക്തിയിൽ അധിഷ്ഠിതമായ ശാസ്ത്രബോധം, പഞ്ചശീലം, ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ വിഭിന്നധാരകൾ തുടങ്ങിയവയൊക്കെ നെഹ്റുവിനെ സ്വാധീനിച്ചിരുന്നു. ഏതെങ്കിലും ഒരാശയത്തിന്റെ മേൽക്കോയ്മയ്ക്ക് ശ്രമിക്കുന്നതിനുപകരം അദ്ദേഹം അതിനെ എല്ലാ പുരോഗമന ആശയങ്ങളെയും ഉൾക്കൊള്ളുന്ന തുറസ്സാക്കിമാറ്റി. മാത്രമല്ല, ഈ ആശയങ്ങളെയെല്ലാം ഇന്ത്യയുടെ സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയ ഭൂമികയ്ക്ക് ഏറ്റവും അനുയോജ്യമായ മനോഹരമായ ഒരു ഭാഷയിലേക്ക് നെഹ്റു പരിവർത്തനപ്പെടുത്തി. ആ 'ഭാഷയും വ്യാകരണവു'മായിരുന്നു സ്വതന്ത്ര ഇന്ത്യയുടെ ലോകത്തോടുള്ള 'കമ്യൂണിക്കേഷൻ ടൂൾ'. ആ ഭാഷയിലൂടെയാണ് ഇന്ത്യയെ ലോകമറിഞ്ഞതും അംഗീകരിച്ചതും.

**ഗാന്ധിജിയുടെ പിൻഗാമി**

സമവായത്തിന്റെയും അഹിംസയുടെയും മതനിരപേക്ഷതയുടെയും ഈ ജനാധിപത്യഭാഷയിൽ ഏറ്റവും നന്നായി

ആശയവിനിമയം നടത്താൻ കഴിയുന്നത് നെഹ്റുവിനായിരിക്കും എന്ന് വളരെ മുമ്പേ തിരിച്ചറിഞ്ഞിരുന്ന ഒരാൾ ഗാന്ധിജിയായിരുന്നു. അതുകൊണ്ടാണ് 'എനിക്കുശേഷം എന്റെ ഭാഷയിൽ ജവഹർലാൽ സംസാരിക്കും' എന്ന് പറഞ്ഞുകൊണ്ട് 1942-ൽ വാർധയിൽവെച്ച് നെഹ്റുവിനെ അദ്ദേഹം തന്റെ പിൻഗാമിയായി പ്രഖ്യാപിച്ചത്.

ഈ 'ഭാഷയും വ്യാകരണവും' ഓരോ ഇന്ത്യക്കാരനിലും ഉണ്ടാക്കി യെടുത്തത് വൈവിധ്യങ്ങളെ അതി ലംഘിച്ചുനിൽക്കുന്ന ഒരു ഏകതാ ബോധമായിരുന്നു. ജനകീയമായ ഈ 'മഴവില്ല് ദേശീയത' ഇന്ത്യൻ സംസ്കാരത്തെ വീക്ഷിച്ചത് യുക്തി പൂർണവും ബഹുസ്വരവും ആധുനികവും പുരോഗമനാത്മകവുമായിട്ടാണ്; പഴമയിൽ നിന്നും വംശീയതയുടെ അഭിമാനത്തിൽ നിന്നും ഊർജം കണ്ടെത്തുന്ന ഒന്നായിട്ടല്ല.

ഒരിക്കൽ ഈജിപ്ഷ്യൻ പ്രസിഡന്റായ ഗമാൽ അബ്ദുൽ നാസർ ഇന്ത്യ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ ബഹുമാനാർഥം നെഹ്റു ഒരു വിരുന്നൊരുക്കി. അതിഥികൾക്കിടയിൽ ധാരാളം കമ്യൂണിസ്റ്റ് എം.പി.മാരെ കണ്ടപ്പോൾ നാസർ അമ്പരന്നുപോയി. നെഹ്റുവിന്റെ മറുപടി ഇങ്ങനെ യായിരുന്നു: 'ഗമാൽ, നിങ്ങൾ കമ്യൂണിസ്റ്റുകാരെ ജയിലിൽ ഇടുന്നു. ഞങ്ങളുടെ രാജ്യത്ത് അവർ പാർലമെന്റിൽ ഇരിക്കുന്നു'.

നൊബേൽ സമ്മാനം നേടിയ മെക്സിക്കൻ കവിയും നെഹ്റുവിന്റെ കാലത്ത് മെക്സിക്കൻ അംബാസഡറുമായിരുന്ന ഒക്റ്റാവിയൊ പാസ് പറഞ്ഞ വാക്കുകളാണ് ഈ സാഹചര്യത്തിൽ ഏറ്റവും പ്രസക്തം: 'ഏറെ അംഗീകരിക്കപ്പെട്ട രാഷ്ട്രീയനേതാവായിരുന്നിട്ടും നെഹ്റു ചരിത്രത്തിന്റെ വൈരുധ്യങ്ങളെ മൃഗീയശക്തിയാൽ ജയിക്കാമെന്ന പ്രലോഭനങ്ങളിൽ ഒരിക്കലും വീണില്ല, അമാനുഷികനായി സ്വയം പ്രതിഷ്ഠിച്ചില്ല, പകരം, വിഭിന്ന ആശയങ്ങളുടെ സമവായത്തിലും അപാരമായ മനുഷ്യ സ്വാതന്ത്ര്യത്തിലും വിശ്വസിച്ചു. ചരിത്രത്തിന്റെ താക്കോൽ തന്റെ കരങ്ങളിലാണെന്ന് അദ്ദേഹം അഹങ്കരിച്ചില്ല. രാജ്യവും ലോകവും മനുഷ്യരക്തത്താൽ കറ പിടിക്കരുത് എന്ന് നെഹ്റു അത്രമേൽ ആഗ്രഹിച്ചിരുന്നു.'

**ജനാധിപത്യത്തിന്റെ ചെറുതിരി**

ജീവിതത്തിന്റെ അവസാനകാലത്ത്, ചൈനായുദ്ധത്തിലേറ്റ തിരിച്ചടിക്കു ശേഷവും നെഹ്റുവിന് ജനാധിപത്യത്തിന്റെ അപാരസാധ്യതകളിലും സർവോപരി ഇന്ത്യൻ ജനതയുടെ കഴിവിലുമുള്ള വിശ്വാസത്തിൽ ഒട്ടും പോറലേറ്റിരുന്നില്ല. പ്രശസ്ത അമേരിക്കൻ പത്രപ്രവർത്തകനായ നോർമൻ കസിൻസ് ഇതിനെക്കുറിച്ച് ഹൃദയസ്പർശിയായി എഴുതിയിട്ടുണ്ട്. 'താങ്കളുടെ പിൻഗാമി ആരായിരിക്കും'

എന്ന കസിൻസിന്റെ ചോദ്യത്തിന് ഒരു നിമിഷം പോലും സംശയിക്കാതെ നെഹ്റു മറുപടിപറഞ്ഞു:

'സ്വന്തം രാഷ്ട്രീയഭാഗധേയം നിർണയിക്കാൻ പ്രാപ്തരായ നാനൂറ് ദശലക്ഷം ഇന്ത്യക്കാരാണ് എന്റെ പിൻഗാമികൾ. അവർ അവരുടെ നേതാവിനെ സ്വയം തിരഞ്ഞെടുത്തു കൊള്ളും'. അവർക്ക് അതിന് കഴി ഞ്ഞില്ലെങ്കിലോ എന്ന് കസിൻസ് വീണ്ടും ചോദിച്ചു. 'അവർക്ക് കഴിയും. അതിനവരെ പ്രാപ്തരാക്കാനാണ് ഞങ്ങൾ ഇത്രയും കാലം ശ്രമിച്ചത്. ആ പരീക്ഷണത്തിൽ ഇന്ത്യൻ ജനത പരാജയപ്പെടുമെന്ന ചിന്തപോലും ഹൃദയഭേദകമാണ്. അതെന്റെ പരാജയം കൂടിയായിരിക്കും'.

ആ വിശ്വാസത്തോട് നീതി പുലർത്തിക്കൊണ്ടാണ് എല്ലാ അപഭ്രംശ ങ്ങളെയും അതിജീവിച്ചുകൊണ്ട് നെഹ്റു തിരിയിട്ട ജനാധിപത്യം ഇന്ത്യയിൽ പിന്നെയും പിന്നെയും തെളിഞ്ഞു കത്തിയത്. ജനാധിപത്യത്തിന്റെ ആ ചെറുതിരി, സ്വേച്ഛാധിപത്യത്തിന്റെയും വംശീയതയുടെയും കൊടുങ്കാറ്റിൽ ഒരിക്കലും കെടാതെ സൂക്ഷിച്ചു കൊണ്ടാണ് നമ്മൾ നെഹ്റുവിന്റെ സ്മരണകളോട് നീതിപുലർത്തേണ്ടത്.

*(അഹമ്മദാബാദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന തൊഴിലവകാശ വിദഗ്ദ്ധയും ഗ്രന്ഥകാരി യുമാണ് ലേഖിക)*

**മാതൃഭൂമി**

**27 മേയ് 2024.**

ೞೞೞೞ

# Human dignity versus religious practices

P. Selvi

0n May 17, the Madurai Bench of the Madras High Court allowed the resumption of "annadhanam" (offering free food) and *"angapradakshanam"* (circumambulation) at the final resting place of Nerur Sathguru Sadasiva Brahmendral on the eve of his Jeeva Samathi day. The practice of doing *'angapradakshanam'* by rolling on the plantain leaves left behind by devotees after eating food from them, in the belief that it would offer spiritual benefit, had been in vogue for over 100 years. However, it was halted by a Division Bench order in a public interest litigation (PIL) petition in 2015.

Nine years later, Justice G.R. Swaminathan reinstated the practice by invoking Article 25(1) of the Constitution that guarantees the right to freely profess, practise, and propagate religion. The judge linked the belief of the devotees, who claim to derive spiritual benefit from such practice, to the right to privacy, a fundamental right under the Constitution. He argued that if the right to privacy includes "gender and sexual orientation", it also includes "spiritual orientation". "It should not affect the rights and freedoms belonging to others. So as long as this Rubicon is not crossed, it is not open to the State or the courts to impinge on one's action," he said.

The judge overlooked the people's movement that culminated in the judicial decisions that recognised sexual orientation, which cannot be equated with a spiritual orientation, especially as *angapradakshanam* on the plantain leaves left behind by devotees is customary and religious rather than spiritual. He cited the Mahabharata to support his decision, arguing that spiritual benefits are conferred by rolling on leftover food. He sums it up by holding that the customary practice is protected as a fundamental right under Articles 14, 19(1)(a), 19(1)(d), 21 and 25(1) of the Constitution.

Justice Swaminathan overruled the Division Bench's order on the ground that the devotees and the trustees of the Adhistanam, who were the necessary parties in the PIL petition, were neither included as parties nor heard and held the order to be a fallacy as it suffered from an egregious breach of the principles of natural justice.

വ്യക്തിയും ഭരണകൂടവും തമ്മിലുള്ള ബന്ധത്തിൽ വ്യക്തിയുടെ സ്വാതന്ത്ര്യവും പൗരാവകാശങ്ങളും സംരക്ഷിക്കുക എന്നതിൽ നിന്നാണ് ഡ്യൂ പ്രോസസ്സ് എന്ന നിയമതത്ത്വത്തിന്റെ ആവിർഭാവം . മാഗ്നാകാർട്ട എന്ന് അറിയപ്പെടുന്ന 1215 ജൂൺ 15-ലെ ഇംഗ്ലണ്ടിലെ ജോൺ രാജാവിന്റെ ചാർട്ടർ ഓഫ് ലിബർട്ടീസിലെ 39-ാം അധ്യായത്തിൽ നിന്നാണ് ഇതിന്റെ പ്രാരംഭം. രാജ്യത്തിലെ നിയമപ്രകാരം വിധി ന്യായത്തിലൂടെയല്ലാതെ ഒരു വ്യക്തിയേയും തടവിലാക്കാനോ ശിക്ഷിക്കാനോ പാടില്ല എന്ന് ഈ ചാർട്ടർ പറയുന്നു.

'Law of the land 'എന്നായിരുന്നു പ്രയോഗം. ഇത് 1225 -ൽ ഹെൻറി മൂന്നാമൻ പുനർവിളംബരം ചെയ്തു. അതിൽ ഡ്യൂ പ്രോസസ്സ് എന്നാണ് ഉപയോഗിച്ചത്.

എഡ്വേഡ് മൂന്നാമന്റെ നിയമത്തിലും ഡ്യൂ പ്രോസസ്സ് ഓഫ് ലോ എന്നാണ് ലോ ഓഫ് ദി ലാൻഡ് എന്നതിനുപകരം ഉപയോഗിച്ചത്. കൗതുകകരമായ കാര്യം മാഗ്നാകാർട്ട എന്നത് എല്ലാ 'മനുഷ്യർക്കും' ഉള്ളതായിരുന്നില്ല. സ്വേച്ഛാധിപതികളായ രാജാക്കൻമാരിൽ നിന്നും സംരക്ഷണം തേടിയ ഫ്യൂഡൽ ഭൂപ്രഭുക്കൾക്കുവേണ്ടി മാത്രമായിരുന്നു. ഭൂവകാശങ്ങളുണ്ടായിരുന്ന വരേണ്യരായ 'സ്വതന്ത്രമനുഷ്യരെ'യാണ് അന്ന് അർഥമാക്കിയിരുന്നത്. അതിന്റെ ചരിത്രപരമായ വിശദാംശങ്ങൾ ഈ ലേഖനത്തിന്റെ പരിധിക്ക് പുറത്തായ തിനാൽ അതിലേക്ക് പോകുന്നില്ല. പതിനേഴാം നൂറ്റാണ്ട് ആകുമ്പോഴേക്കും മാഗ്നാകാർട്ടയിലെ ഡ്യൂ പ്രോസസ്സ് എന്നത് നിയമത്തിന്റെ അപ്രമാദിത്വം, നിയമവാഴ്ച, അടിസ്ഥാന അവകാശങ്ങൾ, അവ പരിരക്ഷിക്കാനുള്ള കോടതികളുടെ അവകാശധികാരങ്ങൾ എന്നീ തലങ്ങളിലേക്ക് വികസിച്ചു. മാഗ്നാകാർട്ടയുടെ സ്വാധീനം ബ്രിട്ടീഷ് കോളനികളായിരുന്ന രാജ്യങ്ങൾ സ്വതന്ത്രമാവുമ്പോൾ അവിടത്തെ ഭരണഘടനാ നിർമാണത്തിൽ ആഴത്തിൽ പതിഞ്ഞതായി കാണാം. അതിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമാണ് അമേരിക്കൻ ഭരണഘടനയിലെ അഞ്ചും പതിനാലും ദേദേഗതികൾ: അമേരിക്കൻ ഭരണഘട നയെ രൂപപ്പെടുത്തിയ ഫിലാഡൽഫിയ കൺവെൻഷൻ ഭരണകൂടത്തിന്റെ ഘടനയാണ് പ്രദാനം ചെയ്തത് എങ്കിൽ പ്രഥമ യു.എസ്. കോൺഗ്രസ് കൊണ്ടുവന്ന ആദ്യത്തെ പത്ത് ഭേദഗതികൾ വ്യക്തികളുടെ അവകാശങ്ങളെക്കുറിച്ചു ള്ളതായിരുന്നു. ഇതിൽ അഞ്ചാമത്തെ ഭേദഗതി നമ്മുടെ വിഷയത്തിന് പരമപ്രധാനമാണ്. അഞ്ചാം ഭേദഗതി യനുസരിച്ച് ഡ്യൂ പ്രോസസ്സ് ഓഫ് ലോ വഴിയല്ലാതെ ഒരു വ്യക്തിയുടെ ജീവൻ, സ്വാതന്ത്ര്യം, സ്വത്ത് എന്നിവ ഫെഡറൽ ഭരണകൂടം നിഷേധിക്കാൻ പാടില്ല. ഇത് നിയമപുസ്തകത്തിൽ ഉൾപ്പെട്ടുവെങ്കിലും അമേരിക്കൻ സുപ്രീംകോടതി കാലങ്ങളോളം ഇതിനെ പരിശോധിച്ചിട്ടേയുണ്ടായിരുന്നില്ല. 1789-ൽ ബിൽ ഓഫ് റൈറ്റ്സ് നിലവിൽ വന്നിട്ട് 1855-ലാണ് ആദ്യമായി യൂ.എസ് സുപ്രീംകോടതിയിൽ Due Process വ്യാഖ്യാനിക്കപ്പെടുന്നത്. മുറൈ മുറൈ എന്ന ഈ കേസിലും പിന്നീട് 1877-ലെ കേസിലുമാണ് യു. എസ് സുപ്രീംകോടതി ഡ്യൂ പ്രോസസ്സിന്റെ മാഗ്നാകാർട്ടയിലെ തുടക്കം അംഗീകരിക്കന്നതും വിശദീകരിക്കുന്നതും. അമേരിക്കയിലെ ഫെഡറൽ ഗവൺമെന്റിന് എതിരേ ഡ്യൂ പ്രോസസ്സ് സംരക്ഷണം ലഭ്യമായപ്പോൾ സംസ്ഥാന ഗവൺമെന്റുകൾക്ക് എതിരേ അവ ലഭ്യമായിരുന്നില്ല. ഈ വൈരുധ്യവും അവ പരിഹരിക്കുന്നതിനുള്ള നീതിന്യായ ഇടപെടലുകളുമാണ് അമേരിക്കയിൽ ഡ്യൂ പ്രോസസ്സ് സങ്കല്പത്തെ വികസിപ്പിച്ചത്.

ഭരണഘടനാപരമായി പരിശോധിക്കു മ്പോൾ ഡ്യൂ പ്രോസസ്സിന് രണ്ട് തലങ്ങളുണ്ട്. അതിനെ പ്രൊസീജറൽ ഡ്യൂ പ്രോസസ്സ് എന്നും സബ്സ്റ്റാൻടീവ് ഡ്യൂ പ്രോസസ്സ് എന്നും പറയുന്നു. പ്രൊസിജറൽ ഡ്യൂ പ്രോസസ്സ് ആ പേര് സൂചിപ്പിക്കുന്നതുപോലെ, നിയമത്തിന്റെ

നിർവഹണതലമാണ് പരിശോധിക്കുന്നത്. ഒരു വ്യക്തിയുടെ ജീവിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്ന ഒരു നിയമം അതിന്റെ കൃത്യമായ മാർഗങ്ങൾ പിന്തുടരുന്നുണ്ടോ എന്ന് പരിശോധിക്കുന്നതാണ് അതിന്റെ നിർവഹണതലം. മറിച്ച് നിയമത്തിന്റെ തന്നെ സാധ്യത ഭരണഘടനാകോടതികൾ പരിശോധിക്കുന്നതാണ് അതിന്റെ നിർമാണതലം. അഭിനവ് ചന്ദ്രചൂഡ് പറയുന്ന ഒരു ഉദാഹരണത്തിലൂടെ ഇത് കൂടുതൽ വ്യക്തമാകും. പാർലമെന്റ് ക്രിമിനൽ നിയമം ഭേദഗതി ചെയ്യുന്നു. ഈ ഭേദഗതി നിയമത്തിലെ രണ്ട് വകുപ്പുകളിൽ ഒന്ന്, വൈകുന്നേരം ചായ കുടിക്കുന്നത് ശിക്ഷാർഹമായ ക്രിമിനൽ കുറ്റമാക്കുന്നു. രണ്ടാമത്തെ വകുപ്പ് ഈ കുറ്റത്തിന് വിചാരണ ചെയ്യപ്പെടുന്നയാൾക്ക് കോടതിയിൽ അഭിഭാഷകസേവനം നിഷേധിക്കുന്നു. ആദ്യത്തേത് സബ്സ്റ്റാൻടീവ് നിയമമാണെങ്കിൽ രണ്ടാമത്തെത് പ്രൊസീജറൽ നിയമമാണ്. വ്യക്തികളുടെ അവകാശം നിഷേധിക്കുന്നതിന് വ്യവസ്ഥാപിതമായ ഒരു നിയമവും ആ നിയമം പറയുന്ന നടപടിക്രമവും പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നത് പ്രൊസീജറൽ ഡ്യൂ പ്രോസസ്സ് ആവുമ്പോൾ ആ നിയമം തന്നെ സാധുവാണോ എന്ന് പരിശോധിക്കാൻ കഴിയുന്നതാണ് സബ്സ്റ്റാൻടീവ് ഡ്യൂ പ്രോസസ്സ്.

അമേരിക്കൻ നീതിന്യായ ചരിത്രത്തിൽ പിന്നീട് 'ലോച്നർ കാലം' എന്നറിയപ്പെട്ട ഏതാണ്ട് മൂന്ന് ദശകത്തോളം നിലനിൽക്കുകയും നിർവചിക്കുകയും ചെയ്ത ഒരു പ്രധാനപ്പെട്ട സബ്സ്റ്റാൻടീവ് ഡ്യൂ പ്രോസസ്സ് കേസിനെ പരിചയപ്പെടേണ്ടതുണ്ട്. ബേക്കറി മേഖലകളിൽ പണിയെടുക്കുന്ന ന്യൂയോർക്ക് സംസ്ഥാനത്തിലെ തൊഴിലാളികളെ ആഴ്ചയിൽ 60 മണിക്കൂറിലധികമോ അല്ലെങ്കിൽ ദിവസത്തിൽ പത്തുമണിക്കൂറിൽ കൂടുതലോ പണിയെടുപ്പിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള 1905-ലെ ഒരു നിയമമാണ് കേസിനാസ്പദം. തന്റെ തൊഴിലാളികളെ ഈ നിയമത്തിൽ പറഞ്ഞതിൽ കൂടുതൽ സമയം പണിയെടുപ്പിച്ചു എന്ന കുറ്റത്തിന് ജോസഫ് ലോച്ച്നർ ശിക്ഷിക്കപ്പെട്ടു. ന്യൂയോർക്കിലെ രണ്ട് അപ്പീൽ കോടതികളും ശിക്ഷ ശരിവെച്ചു. അതിനെതിരേ ലോച്ച്നർ അമേരിക്കൻ സുപ്രീംകോടതിയിൽ അപ്പീൽ പോയി. അമേരിക്കൻ സുപ്രീംകോടതി 14-ാം ഭേദഗതിയിലെ ഡ്യൂ പ്രോസസ് തത്ത്വം അനുസരിച്ച് ഈ നിയമം അസാധുവാക്കി. 5:4 അനുപാതത്തിൽ അമേരിക്കൻ സുപ്രീംകോടതി പറഞ്ഞത് തൊഴിലാളിയുമായി കരാറിൽ ഏർപ്പെടാനുള്ള അവകാശം വ്യക്തിയുടെ ലിബർട്ടിയുടെ അവകാശമാണ്. അതുകൊണ്ട് പരമാവധി തൊഴിൽ സമയം നിജപ്പെടുത്തുന്ന ഈ നിയമം ഭരണഘടനാ വിരുദ്ധമാണെന്നാണ്. ഇതിനുശേഷം വരുന്ന കാലത്തെ ലോച്ച്നർ കാലം എന്നാണ് വിശേഷിപ്പിക്കുന്നത്. ഇതിനുശേഷം ഈ വിധി ന്യായത്തിന്റെ

ചുവട് പിടിച്ച് നിരവധി നിയമങ്ങൾ ഭരണഘടനാ വിരുദ്ധമെന്ന് പ്രഖ്യാപിക്കപ്പെട്ടു. ഇതിന് ഒരു വിരാമമാകുന്നത് 1929-ലെ ഗ്രേറ്റ് ഡിപ്രഷന് ശേഷമാണ്. 1937-ൽ രണ്ടാമതും അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട റൂസ്‌വെൽട്ട് ജുഡീഷ്യറിയുടെ ഇടപെടൽ ഇല്ലാതെ പുതിയ നിയമനിർമാണങ്ങൾ നടപ്പിൽ വരുത്തുന്നതിന് പദ്ധതിയിട്ടു.

കോടതിയിൽ തനിക്ക് അനുകൂലമായ ന്യായാധിപരെ നിറയ്ക്കുക എന്നതായിരുന്നു റൂസ്‌വെൽട്ടിന്റെ പദ്ധതി (Court Packing Plan). 1869 മുതൽ അമേരിക്കൻ സുപ്രീം കോടതിയിൽ 9 ന്യായാധിപരാണ് ഉണ്ടായിരുന്നത്. 1937 ഫെബ്രുവരി 5-ന് റൂസ്‌വെൽട്ട് ഒരു പുതിയ നയം പ്രഖ്യാപിച്ചു. 70 വയസ്സിനുശേഷം ന്യായാധിപരായി തുടരാൻ ആഗ്രഹിക്കുന്ന ഓരോ ആൾക്കും തുല്യം ഒരു പുതിയ ന്യായാധിപനെക്കൂടി നിയമിക്കും. ആറുപേർ നിലവിൽ 70 കഴിഞ്ഞവരായതുകൊണ്ട് തന്നോട് ചേർന്ന് നിൽക്കുന്ന ആറുപേരെക്കൂടി റൂസ്‌വെൽട്ടിന് പുതുതായി ന്യായാധിപരായി നിയമിക്കാൻ സാധിക്കും. അതായിരുന്നു പദ്ധതി.

പക്ഷേ, റൂസ്‌വെൽട്ടിന്റെ പദ്ധതി നടപ്പായില്ല. പുതിയ ആളുകളെ നിയമിച്ച് കോടതി നിറയ്ക്കുന്നത് ഒഴിവാക്കാൻ ജസ്റ്റിസ് റോബർട്സ് തന്റെ പക്ഷം മാറുകയും ഗവൺമെന്റ് നിയമങ്ങൾ സുപ്രീകോടതി ശരിവയ്ക്കാനും തുടങ്ങി. ജസ്റ്റിസ് റോബർട്സിന്റെ മാറ്റത്തെ 'Switch in time that saved nine' എന്നാണ് പറയുന്നത്. അതിനുശേഷം മിനിമം പേജ്, നാഷണൽ ലേബർ റിലേഷൻ നിയമം തുടങ്ങി നിരവധി സാമൂഹിക ക്ഷേമ നിയമങ്ങൾ അമേരിക്കൻ സുപ്രീംകോടതി ശരിവച്ചു. ഇന്ത്യൻ ഭരണഘടനാ നിർമാണ സന്ദർഭത്തിൽ ഈ പശ്ചാത്തലവും ചരിത്രവും പരമപ്രധാനമാണ് എന്നതുകൊണ്ടാണ് സബ്സ്റ്റാൻടീവ് ഡ്യൂ പ്രോസസ്സിന്റെ അമേരിക്കയിലെ വികാസം അല്പം വിശദമായിതന്നെ പ്രതിപാദിച്ചത്.

**ഭരണഘടനാ നിർമാണ സഭയിൽ**

1946 ഡിസംബർ 9- ന് പുതുതായി രൂപവത്ക്കരിച്ച ഭരണഘടനാ നിർമ്മാണ സഭ ന്യൂഡെൽഹിയിലെ ഭരണഘടനാ ഹാളിൽ തങ്ങളുടെ ആദ്യയോഗം ചേർന്നു. ഡോ. രാജേന്ദ്രപ്രസാദിനെ പ്രസിഡന്റും ചെയർമാനുമായി തെരഞ്ഞെടുത്തു. 1946 ഡിസംബർ 13-ന് ജവഹർലാൽ നെഹ്റുവിനെ ഉദ്ദേശ്യലക്ഷ്യ പ്രമേയം അവതരിപ്പിക്കാനായി ഡോ. രാജേന്ദ്ര പ്രസാദ് ക്ഷണിച്ചു. ഈ പ്രമേയത്തിന്മേലുള്ള ചർച്ചയിലാണ് ആദ്യമായി ഡ്യൂ പ്രോസസ്സിനെക്കുറിച്ചുള്ള പ്രാധാന്യം ഉന്നയിക്കപ്പെടുന്നത്. 1946 ഡിസംബർ 17- ന് ഭരണഘടനാ നിർമാണ സഭയെ അഭിസംബോധന ചെയ്യുമ്പോൾ ഡോ. ബി. ആർ. അംബേദ്കർ അവകാശങ്ങൾ സ്ഥാപിക്കുന്നതിനും പരിരക്ഷിക്കുന്നതിനും ഈ പ്രമേയത്തിൽ ഒന്നും പറയാത്തതിനെക്കുറിച്ച് ആശങ്കപ്പെടുന്നുണ്ട്. ഭരണഘടനാ നിർമ്മാണ സഭയുടെ

മൗലികാവകാശ സബ് കമ്മിറ്റി മൗലികാവകാശങ്ങളുടെ കരട് തയ്യാറാക്കിയപ്പോൾ അതിൽ ഡ്യൂ പ്രോസസ്സ് ഉണ്ടായിരുന്നു. അനുച്ഛേദം V (4) ഒരു വ്യക്തിയുടെയും ജീവൻ, സ്വാതന്ത്ര്യം, സ്വത്ത് എന്നിവ ഡ്യൂ പ്രോസസ്സ് ഓഫ് ലോ വഴിയല്ലാതെ നിഷേധിക്കാൻ പാടില്ല എന്നാണ് ആദ്യ കരടിലെ രൂപം, മൗലികാവകാശങ്ങൾക്കായുള്ള സബ് കമ്മിറ്റി ആദ്യയോഗം ചേരുന്നത് 1947 ഫെബ്രുവരി 27 നും അതിന്റെ ചർച്ചകൾ അവസാനിപ്പിക്കുന്നത് 1947 മാർച്ച് 31 നുമാണ്. സബ്കമ്മിറ്റി തങ്ങളുടെ നിർദ്ദേശം ഡ്രാഫ്റ്റിങ് കമ്മിറ്റിക്ക് സമർപ്പിച്ചു. ഭരണഘടനയുടെ കരടിൽ ക്ലോസ് 11 ആയി സബ്കമ്മിറ്റിയുടെ നിർദ്ദേശം അതുപോലെ സ്ഥാനം പിടിച്ചു. കരട് അവതരിപ്പിച്ചതിന് ശേഷം 1947 ഏപ്രിൽ 14 -ന് കരടിലെ ഓരോ ക്ലോസുകളെയും കുറിച്ചുള്ള സബ് കമ്മിറ്റിയുടെ ചർച്ചകൾ ആരംഭിച്ചു. രണ്ടാം വായനയിൽ ഡ്യൂ പ്രോസസ്സിന് കാതലായ ആദ്യത്തെ മാറ്റം സംഭവിച്ചു. ഏപ്രിൽ 15-ന് ഈ ക്ലോസ് തിരുത്തിയെഴുതാൻ തീരുമാനിച്ചു. അതുപ്രകാരം നേരത്തേയുണ്ടായിരുന്നതിന്റെ കൂടെ നിയമത്തിന്റെ തുല്യ പരിരക്ഷ എന്ന തുല്യതാ അവകാശം കൂടി കൂട്ടിച്ചേർത്തു. ഇത് ക്ലോസ് 12 ആയി നമ്പർ ചെയ്തു. പിന്നീട് ഉപദേശക സമിതിയാണ് മൗലികാവകാശ സബ് കമ്മിറ്റിയുടെ റിപ്പോർട്ട് വിശദമായി പരിശോധിക്കുന്നത്. ഇവിടെയാണ് കാര്യമായ മാറ്റങ്ങൾ പിന്നീട് സംഭവിക്കുന്നത്.

ഉപദേശക സമിതി മുൻപാകെ സമർപ്പിച്ച ഡ്യൂ പ്രോസസ്സ് ക്ലോസിന് രണ്ട് ഭാഗങ്ങൾ ഉണ്ടായിരുന്നു. ഒന്ന് ജീവൻ, സ്വത്ത്, സ്വാതന്ത്ര്യം എന്നതിനെ സംബന്ധിച്ചും മറ്റൊരു ഭാഗം തുല്യതയുടെതും. ഡ്യൂ പ്രോസസ്സ് ക്ലോസ് നിലനിർത്തിയാൽ സാമൂഹിക ക്ഷേമ നിയമങ്ങളും കാർഷിക പരിഷ്കാരങ്ങളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനും അസ്ഥിരപ്പെടാനും സാധ്യതയുണ്ട് എന്നായിരുന്നു അംഗങ്ങളുടെ ആശങ്ക. നിരവധി ചർച്ചകൾക്ക് ശേഷം സി. രാജഗോപാലാചാരി നിർദ്ദേശിച്ച മാറ്റം ഡ്യൂ പ്രോസസ്സ് സംരക്ഷണം ജീവനും സ്വാതന്ത്ര്യത്തിനുമായി നിലനിർത്തുകയും സ്വത്ത് അതിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുക എന്നതായിരുന്നു. ഈ നിർദ്ദേശം അംബേദ്കർ ഉൾപ്പെടെ പൊതുവേ എല്ലാവർക്കും സ്വീകാര്യമായിരുന്നു. ഭരണഘടനാ നിർമ്മാണ സഭയുടെ ഉപദേശകനായിരുന്നു ഡോ. ബി.എൻ.റാവു ഇന്ത്യൻ ഭരരണഘടനയുടെ കരടിൽ ഉൾച്ചേർന്നിരുന്ന ഡ്യൂപ്രോസസ്സിൽ കാതലായ മാറ്റങ്ങൾ വരുത്തി അവസാനം നീക്കം ചെയ്യുന്നതിൽ നിർണായക പങ്ക് വഹിച്ചത് ഡോ. ബി. എൻ. റാവുവാണെന്നാണ് പരക്കെ വിശ്വസിക്കപ്പെടുന്നത്. അങ്ങനെ 1947 ഏപ്രിൽ 30-ന് അംഗീകരിച്ച ഡ്യൂ പ്രോസസ്സ് രൂപം ഇങ്ങനെയായിരുന്നു. 'ഒരു വ്യക്തിയുടെയും ജീവനും സ്വാതന്ത്ര്യവും ഡ്യൂ പ്രോസസ്സ് ഓഫ് ലോ വഴിയല്ലാതെ നിഷേധിക്കാൻ പാടില്ല, യൂണിയന് അകത്ത് ഒരാൾക്കും

തുല്യത നിഷേധിക്കാനും പാടില്ല,''. ഭരണഘടനാ നിർമ്മാണ സഭ അംഗീകരിച്ച ഈ ക്ലോസ് 9 ആയിരുന്നു. ഇതിൽ ഡ്യൂ പ്രോസസിന്റെ രണ്ടു തലങ്ങളും ഉൾച്ചേർന്നിരുന്നു.

ഭരണഘടനാ നിർമ്മാണ സഭയുടെ ഉപദേശകനായിരുന്നു ഡോ. ബി. എൻ. റാവു. ഇന്ത്യൻ ഭരണഘടനയുടെ കരടിൽ ഉൾച്ചേർന്നിരുന്ന ഡ്യൂ പ്രോസസ്സിൽ കാതലായ മാറ്റങ്ങൾ വരുത്തി അവസാനം നീക്കം ചെയ്യുന്നതിൽ നിർണായക പങ്ക് വഹിച്ചത് ഡോ. ബി. എൻ. റാവുവാണെന്നാണ് പരക്കെ വിശ്വസിക്കപ്പെടുന്നത്. 1947 ഒക്ടോബറിൽ കരട് പ്രസിദ്ധീകരിക്കുന്ന സമയത്ത് റാവു' 'libetry' എന്നതിനോടുകൂടി 'personal' എന്നുകൂടി ചേർത്തു. ലിബർട്ടിയെ പേഴ്സണൽ ലിബർട്ടി മാത്രമാക്കി ചുരുക്കിയത് വ്യക്തിസ്വാതന്ത്ര്യത്തെ വളരെയധികം പരിമിതപ്പെടുത്താൻ ഇടയാക്കി എന്ന് ഭരണഘടനാ പഠിതാക്കൾ പിന്നീട് വിലയിരുത്തിയിട്ടുണ്ട്.

ഈ സമയത്തുതന്നെ റാവു ഭരണഘടനാ നിർമ്മാണത്തെക്കുറിച്ച് നിയമജ്ഞരും ഭരണഘടനാ വിദഗ്ധരുമായി ചർച്ച ചെയ്യുന്നതിനായി അമേരിക്ക, കാനഡ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചിരുന്നു. ഇതിൽ അമേരിക്കയിൽ വെച്ച് ജസ്റ്റിസ് ഫെലിക്സ് ഫ്രാങ്ക്ഫെർട്ടറുമായി (justice Felix Frankfurter) സംസാരിക്കാൻ ഇടവന്നത് വളരെ നിർണായകമായി. ഡ്യൂ പ്രോസസ്സ് എന്ന സങ്കല്പം നിയമനിർമ്മാണ സഭയുടെ അധികാരങ്ങളെ എത്രമാത്രം പരിമിതപ്പെടുത്തുന്നു എന്ന് അദ്ദേഹം റാവുവിനെ ബോധ്യപ്പെടുത്തി. തിരിച്ചുവന്ന റാവുവിന് കരട് നിർമ്മാണ കമ്മിറ്റിയെ (Drafting committee) തന്റെ ചിന്തകൾ ബോധ്യപ്പെടുത്താൻ സാധിച്ചില്ല. കരട് കമ്മിറ്റിയിൽ അംബേദ്കർ, മുൻഷി, അയ്യർ, സാദുള്ള എന്നിവർ ഡ്യൂ പ്രോസസ്സിന് അനുകൂലമായി നിന്നു. എൻ.ജി. അയ്യങ്കാർ, ഖൈത്താൻ, മാർവാരി എന്നിവർ എതിരായും. ഡ്യൂപ്രോസസ്സ് ഒഴിവാക്കണം എങ്കിൽ അനുകൂലമായി നിൽക്കുന്ന നാലുപേരിൽ ഒരാൾ അപ്പുറത്തേക്ക് മാറണം. അയ്യങ്കാരുടെ നിരന്തരമായ പ്രേരണയിൽ അയ്യർ പ്രതികൂലികളുടെ കൂട്ടത്തിലേക്ക് മാറി. 1948 ജനുവരി 30 – ന് ഗാന്ധി ഹിന്ദു തീവ്രവാദിയുടെ വെടിയേറ്റ് കൊല്ലപ്പെട്ടപ്പോൾ വർഗീയതയെ ചെറുക്കാനുള്ള നിയമനിർമ്മാണത്തിന് ഡ്യൂപ്രോസസ്സ് ഒഴിവാക്കണം എന്ന് വ്യാപകമായി പ്രചരിപ്പിക്കപ്പെടുകയും ആ പ്രചാരണത്തിന് സ്വീകാര്യത ലഭിക്കുകയും ചെയ്തു. അങ്ങനെ ഡ്യൂ പ്രോസസ്സ് എന്നത് മാറ്റി ' according to procedure established by law' എന്നാക്കി മാറ്റി.

പക്ഷേ കരട് ഭരണഘടനാ നിർമാണ സഭയിൽ അവതരിപ്പിച്ചപ്പോൾ ശക്തമായ പ്രതിഷേധങ്ങൾ ആണ് ഉയർന്നത്. നിരവധി ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടു. കരട് കമ്മിറ്റിയിൽ ഉണ്ടായിരുന്ന കെ. എം. മുൻഷി തന്നെ പ്രതിഷേധത്തിന് നേതൃത്വം നൽകി. മുൻഷിയുടെ നിർബന്ധത്തിൽ

കരട് കമ്മിറ്റി 1948 മാർച്ചിൽ ഈ അനുച്ഛേദം പുന:പരിശോധിക്കാൻ തയ്യാറായെങ്കിലും ഡ്യൂ പ്രോസസ്സ് തിരിച്ചുകൊണ്ടുവരാൻ വിസമ്മതിച്ചു. 1948 ഡിസംബർ 13-ന് ഭേദഗതികളെല്ലാം തള്ളിക്കൊണ്ട് കരട് അതേ രൂപത്തിൽ ഭരണഘടനാ നിർമാണ സഭ അംഗീകരിച്ചു. പൊതുജന അഭിപ്രായത്തിനായി പ്രസിദ്ധീകരിച്ചപ്പോൾ ഏറ്റവും കൂടുതൽ എതിർപ്പ് ഉയർന്നതും ഈ അനുച്ഛേദത്തിനെതിരെയായിരുന്നു.

ഈ സമയങ്ങളിൽ പ്രവിശ്യകളിൽ നിലിവിലുണ്ടായിരുന്ന കരുതൽ തടങ്കൽ നിയമങ്ങളുടെ പ്രയോഗങ്ങൾ ഇത് എത്രമാത്രം മൗലികാവകാശങ്ങളുടെ നിഷേധത്തിന് അവസരം ഒരുക്കുമെന്ന് അംഗങ്ങളിൽ ഭയപ്പാടുണ്ടാക്കി. തങ്ങൾ ദുർബലപ്പെടുത്തിയ വ്യക്തിസ്വാതന്ത്ര്യത്തെ എങ്ങനെ പുന:സ്ഥാപിക്കാൻ കഴിയുമെന്ന് ചിന്തിക്കാൻ അവർ നിർബന്ധിതരായി. 1949 മേയ് മാസത്തിൽ നിരവധി അംഗങ്ങൾ ഭരണനിർവ്വഹണ വിഭാഗത്തിന് (executive) വ്യക്തികളെ തടവിലാക്കാനുള്ള അധികാരത്തെ നിയന്ത്രിക്കുന്നതിന് നിരവധി ഭേദഗതികൾ കൊണ്ടുവന്നു. ഒടുവിൽ ഭരണഘടന അവസാനമായി അംഗീകരിക്കാനുള്ള സമയം കൂടി അടുത്ത് വന്നപ്പോൾ ഒത്തുതീർപ്പെന്ന നിലയിൽ അംബേദ്കർ 1949 സെപ്തംബർ 15 -ന് 15A (ഇപ്പോൾ 22) എന്നൊരു പുതിയ അനുച്ഛേദം കൊണ്ടുവരുകയും ഭരണകൂടം കരുതൽ തടങ്കൽ വഴി വ്യക്തി സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുമ്പോൾ പാലിക്കേണ്ട നിരവധി നിബന്ധനകൾ ഏർപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഇന്ന് കാണുന്ന രൂപത്തിൽ 21, 22 അനുച്ഛേദങ്ങൾ നിലവിൽ വന്നു. അംബേദ്കറുടെ വാദങ്ങൾക്ക് അംഗങ്ങൾ വഴിപ്പെടുകയായിരുന്നു അർധ മനസ്സോടെ. ഡ്രാഫ്റ്റിങ് കമ്മിറ്റി അധ്യക്ഷൻ എന്ന നിലയിൽ കരട് അംഗങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കാൻ അംബേദ്കർ ബാധ്യസ്ഥനായിരുന്നു. അതുകൊണ്ടാണ് ഡ്യൂ പ്രോസസ്സിന് അനുകൂലമായിട്ടും അംബേദ്കറിന് തിരിച്ച് വാദിക്കേണ്ടി വന്നത്. ഇതിനെക്കുറിച്ച് ഭരണഘടനാ ചരിത്രകാരനായ ഗ്രാൻവില്ലി ഓസ്റ്റിൻ (Granville Austin) പറയുന്നത് തന്റെ വാദങ്ങൾ അംബേദ്കർ തന്നെ വിശ്വസിച്ചിരുന്നോയെന്ന് സംശയമാണെന്നാണ്.

അങ്ങനെ വ്യക്തികളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാനും തടവിലിടാനും അതിന് നിയമനിർമാണം നടത്താനും ഭരണകൂടത്തിന് അനുവാദം നൽകുന്ന അനുച്ഛേദങ്ങൾ ഭരണഘടനയിൽ തന്നെ ഉൾച്ചേർക്കപ്പെട്ടു. അത്തരം നിയമങ്ങളുടെ ഭരണഘടനാ സാധുത ചോദ്യംചെയ്യാനും അവ പരിശോധിക്കാൻ കോടതികൾക്ക് അധികാരം നൽകുന്ന ഡ്യു പ്രോസസ്സ് എന്നത് അതിന്റെ നിർവഹണ തലത്തിൽ മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു. ഭരണഘടന നിലവിൽ വന്ന് ഉടൻ തന്നെ ഈ പരിമിതി അനുഭവത്തിൽ വരുകയും ചെയ്തു. അതാണ് പ്രസിദ്ധമായ എ. കെ. ഗോപാലൻ കേസ്.

**എ. കെ. ഗോപാലൻ മുതൽ മനേക ഗാന്ധി വരെ**

മുപ്പതുകളിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലും 1951-ൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ അഖിലേന്ത്യാ കിസാൻ സഭയുടെ പ്രസിഡന്റുമായിരുന്ന എ. കെ. ഗോപാലൻ എന്ന എ.കെ.ജി നിരന്തരമായ സമരങ്ങളിലൂടെ എന്നും ജയിലിന് അകത്തും പുറത്തുമായിരുന്നു. 1950-ലെ കരുതൽ തടങ്കൽ നിയമപ്രകാരം എ.കെ.ജി.യെ തടവിലാക്കി. ഇതിനെതിരേ ഹേബിയസ് കോർപ്പസ് ഹർജി വഴി സുപ്രിംകോടതിയെ സമീപിക്കുകയായിരുന്നു. എ.കെ.ജി. 1950-ലെ കരുതൽ തടങ്കൽ നിയമം ഭരണഘടനയിലെ അഭിപ്രായ പ്രകടനത്തിനും ആശയ പ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം (അനുച്ഛേദം 19 (1) (a) സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം 19 (1) (d) ജീവിക്കാനുള്ള അവകാശം (അനു 21) എന്നിവയുടെ ലംഘനമാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഡ്യൂ പ്രോസസ്സിന്റെ നിർവ്വഹണതലം മാത്രമേ ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ളൂ എന്നതുകൊണ്ട് പാർലമെന്റിന് നിയമനിർമ്മാണ അധികാരം ഉപയോഗിച്ച് നിർമിച്ച നിയമത്തിന്റെ സാധുത സുപ്രീംകോടതി ശരിവച്ചു. ജസ്റ്റിസ് ഫസൽ അലി മാത്രം ഭൂരിപക്ഷ വിധിന്യായത്തിന് വിയോജിപ്പ് എഴുതി. അദ്ദേഹം പറഞ്ഞു സ്വാഭാവിക നീതി പൊതുനിയമത്തിന്റെ ഭാഗമാണ് അതുകൊണ്ട് നിയമങ്ങൾ അനുച്ഛേദം 21- ന് വിരുദ്ധമാകാൻ പാടില്ല എന്ന്. നിയമത്തിന്റെ പ്രയോഗം മാത്രമേ പരിശോധിക്കാൻ കഴിയൂ എന്നത് പൊതുസമൂഹത്തിൽ വലിയ വിമർശനങ്ങൾക്ക് ഇടയാക്കി. കൽക്കട്ട ഹൈക്കോടതി ജഡ്ജ് ആയിരുന്ന ജസ്റ്റിസ് സെന്നിന്റെ ഒരു വാക്യം ഉദ്ധരിച്ചുകൊണ്ട് അന്ന് ഉത്തർപ്രദേശ് ഗവർണർ ആയിരുന്ന ഹോമി മോദി രാഷ്ട്രപതി രാജേന്ദ്രപ്രസാദിന് എഴുതി "നീതിന്യായ വിഭാഗം പരിമിതമായ അധികാരം മാത്രമുള്ള നിയമ നിർമാണ സഭയായി മാറിയിരിക്കുന്നു. ഭരണ നിർവഹണ വിഭാഗം നീതിന്യായ വിഭാഗമായും മാറിയിരിക്കുന്നു. അതിന്റെ തീരുമാനം അന്തിമവും" പിന്നീട് വന്ന നിരവധി കേസുകളിലൂടെ എ.കെ. ഗോപാലൻ വിധിന്യായം സൃഷ്ടിച്ച പരിമിതികളെ മറികടക്കാനും ഡ്യൂ പ്രോസസ്സ് എന്ന തത്ത്വത്തെ വികസിപ്പിക്കാനും അതിന്റെ രണ്ട് തലങ്ങളെയും ഇന്ത്യൻ നിയമ വ്യവസ്ഥയുടെ ഭാഗമാക്കാനും സുപ്രീംകോടതി പരിശ്രമിച്ചു. അത് പൂർണ്ണതയിൽ ഏതാണ്ട് എത്തിച്ചത് മനേകാ ഗാന്ധി കേസാണ്. ഇതിനിടയിൽ സംഭവിച്ച രണ്ട് പ്രധാനപ്പെട്ട വിധിന്യായങ്ങൾ കൂടി പരിശോധിക്കേണ്ടതുണ്ട്. അവയാണ് ഇന്ത്യൻ ഭരണഘടനയുടെ അടിത്തറ ഊട്ടിയുറപ്പിച്ചു എന്ന് വിശ്വസിക്കപ്പെടുന്ന, അടിസ്ഥാന ഘടനാ

കേസ് (Basic structure case)എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേശവാനന്ദ ഭാരതി കേസും ഇന്ത്യൻ നിതിന്യായ ചരിത്രത്തിലെ എക്കാലത്തെയും കുപ്രസിദ്ധമാ ഹേബിയസ് കോർപ്പസ് കേസും.

**ഹേബിയസ്കോർപ്പസ് കേസ്**

ഇന്ത്യൻ നീതിന്യായ ചരിത്രത്തിലെ ഒട്ടും തിളക്കമില്ലാത്ത ഒഴിവാക്കപ്പെടേണ്ടിയിരുന്ന ഒരധ്യായമാണ് ഹേബിയസ് കോർപ്പസ് കേസ് (Habeas Corpus Case) എന്നുകൂടി അറിയപ്പെടുന്ന എ.ഡി.എം. ജബൽപ്പൂർ ശിവകാന്ത് ശുക്ല എന്ന കേസ്. ഒരു സമഗ്രാധിപത്യ ഭരണകൂടത്തിനു മുൻപിൽ നീതിപീഠം, ന്യായാധിപർ, അഭിഭാഷകർ, ഉദ്യോഗസ്ഥർ ഒക്കെ എങ്ങനെ പ്രതികരിക്കും എന്നതിന്റെകൂടി നിദർശനമായിരുന്നു ഈ കേസ്.

ആഭ്യന്തര പ്രശ്നങ്ങളാൽ ഇന്ത്യയുടെ സുരക്ഷയ്ക്കു ഭീഷണിയുണ്ടെന്ന കാരണത്താൽ ഇന്ദിരാഗാന്ധി ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നത് 1975 ജൂൺ 25 -നാണ്. ജൂൺ 26-ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിപക്ഷ നേതാക്കൾ തടവിലാക്കപ്പെട്ടു. ജൂൺ 27-ന് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേം 359(1)-ന് കീഴിൽ രാഷ്ട്രപതി ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. അതോടുകൂടി അനുച്ഛേദം 14, 21, 22 എന്നിവയുടെ നിഷേധത്തിനെതിരേ ജനങ്ങൾക്ക് കോടതിയെ സമീപിക്കാൻ പറ്റില്ല എന്നുവന്നു. അന്ന് പ്രാബല്യത്തിൽ ഉണ്ടായിരുന്ന നിർദയ നിയമമായിരുന്നു ആഭ്യന്തര സുരക്ഷ പരിപാലന (Maintanance of Internal Securtiy Act, 1971), ഷാ കമ്മിഷൻ റിപ്പോർട്ടിൽ പറയുന്നത് 1975-77 അടിയന്തരാവസ്ഥ ക്കാലഘട്ടത്തിൽ 1,10,806 പേർ ഒരു വിചാരണയും കൂടാതെ തടവിലാക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തിരുന്നു എന്നാണ്.

മിസപ്രകാരം തടവിലാക്കപ്പെട്ടതിനെതിരേ രാജ്യത്തെ നിരവധി ഹൈക്കോടതികളിൽ ഹേബിയസ് കോർപ്പസ് റിട്ട് ഹർജികൾ ഫയൽ ചെയ്യപ്പെട്ടു. രാഷ്ട്രപതിയുടെ ഉത്തരവ് അനുസരിച്ചാണെങ്കിൽ ഈ തടവുകളൊന്നും കോടതിയിൽ ചോദ്യംചെയ്യാൻ സാധ്യമല്ല. പക്ഷേ, രാജ്യത്തെ ഹൈക്കോടതികൾ പലതും ഉദാഹരണത്തിന് അലഹാബാദ്, ബോംബെ (നാഗ്പൂർ ബഞ്ച്) ഡൽഹി കർണാടക, മധ്യപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ ഹൈക്കോടതികൾ-തടങ്കൽ ഉത്തരവുകൾ മിസയുടെ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ, അടിസ്ഥാനമുള്ള ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണോ തടങ്കൽ ഉത്തരവുകൾ എന്നിവയെല്ലാം പരിശോധിക്കാം എന്ന ധീരമായ നിലപാടെടുത്തു. ഭരണഘടനയുടെ 14, 21, 22 എന്നീ അനുച്ഛേദങ്ങൾ (മൗലികാവകാശങ്ങൾ) രാഷ്ട്രപതി റദ്ദാക്കിയാലും മിസ നിയപ്രകാരം സാധുവാണോ ഉത്തരവുകൾ എന്ന് പരിശോധിക്കുകയും അങ്ങനെയല്ലാത്തവ റദ്ദാക്കുകയും ചെയ്തു. ഹൈക്കോടതികൾ ഇതിനെതിരയാണ് സുപ്രീംകോടതിയിൽ അപ്പീൽവന്നത്.

മിസ ഭേദഗതികൾക്ക് ശേഷം വ്യക്തികൾക്ക് ഹേബിയസ് കോർപ്പസ് ഹർജികളുമായി കോടതികളെ സമീപിക്കാനുള്ള അവകാശമില്ല എന്നതായിരുന്നു സർക്കാർ വാദങ്ങളുടെ കാതൽ. തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലോ ഉത്തമവിശ്വാസത്തിന്റെ അടിസ്ഥാനത്തിലോ അല്ല ഒരു വ്യക്തിയെ തടവിലാക്കിയത് എങ്കിൽ എന്താണ് ആ വ്യക്തിയുടെ പരിഹാരമാർഗം എന്ന ജസ്റ്റിസ് ഖന്നയുടേയും ചന്ദ്രചൂഡിന്റേയും ചോദ്യത്തിന് അഡീഷണൽ സോളിസിറ്റർ ജനറൽ രാമൻ നൽകിയ മറുപടി അത്തരം ഒരു ചോദ്യം ഉദിക്കുന്നില്ല എന്നാണ്. വ്യക്തികൾക്ക് കോടതിയെ സമീപിക്കാൻ തന്നെ അവകാശമില്ല. കോടതിയെ സമീപിച്ച് പരിശോധിച്ചാലാണല്ലോ ഉത്തരവ് ശരിയാണോ തെറ്റാണോ എന്ന് നിശ്ചയിക്കാൻ പറ്റൂ. കോടതിയെ സമീപിക്കുന്നില്ലെങ്കിൽ അത്തരം പരിശോധനയുമില്ല. തടങ്കൽ ഉത്തരവിന്റെ ശരിയും ശരികേടുമില്ല! എന്തൊരു യുക്തി! അനുച്ഛേദം 21 സ്വാതന്ത്ര്യം (Libetry) മാത്രമല്ല, ജീവിക്കാനുള്ള അവകാശം കൂടി പറയുന്നുണ്ട്. 'ഒരാളെ തെറ്റായി വെടിവെച്ചുകൊന്നാലോ' എന്ന ഖന്നയുടെ ചോദ്യത്തിന് 'അടിയന്തരാവസ്ഥ നിലനിൽക്കുന്നിടത്തോളം പരിഹാരമാർഗമില്ല' എന്നായിരുന്നു നിർൺഡേയുടെ സംശയരഹിതമായ മറുപടി! 1976 ഫെബ്രുവരി 25-ന് വിധിവന്നു. ഏവരേയും ഞെട്ടിച്ചുകൊണ്ടും നിരാശരാക്കിക്കൊണ്ടും, നാല് ന്യായാധിപരും ഭരണകൂടവാദങ്ങൾ എല്ലാം ശരിവെച്ചു. ജസ്റ്റിസ് ഖന്ന മാത്രം ധീരമായി വിയോജിച്ചു. 1975 ജൂൺ 27-ലെ രാഷ്ട്രപതിയുടെ ഉത്തരവിനുശേഷം ഒരു വ്യക്തിക്കും തടവിലിട്ടാലോ വെടിവെച്ചു കൊന്നാലോ കോടതികളെ സമീപിക്കാനുള്ള അവകാശമില്ലെന്ന് ഇന്ത്യയിലെ പരമോന്നത നീതിപീഠം വിധിയെഴുതി. ജസ്റ്റിസ് ബേഗിന്റെ പരാമർശം ഇന്ത്യയിലെ ഉന്നത നീതിപീഠത്തിന്റെ ദയനീയ ചിത്രമാണ് വരച്ചുകാട്ടുന്നത്. അദ്ദേഹം എഴുതി 'ശരിയായി പാർപ്പിച്ചും ഊട്ടിയും പരിപാലിച്ചും മാതൃനിർവിശേഷമായ മനോഭാവത്തോടെയാണ് രാഷ്ട്രം തടവുകാരെ കൈകാര്യം ചെയ്യുന്നത് എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു തങ്ങൾ ജീവിക്കുന്ന വീട് അഗ്നിക്കിരയാക്കും എന്ന് ഭീഷണിപ്പെടുത്തുന്ന കുട്ടികൾക്കെതിരേ രക്ഷിതാക്കൾക്ക് അനുയോജ്യമായ നടപടികൾ എടുക്കേണ്ടിവരുമല്ലോ!' അടിയന്തരാവസ്ഥയിൽ ഇന്ത്യൻ തടവറയിൽ എന്താണ് നടന്നത് എന്നും രക്ഷിതാക്കൾ കുട്ടികളെ പരിപാലിക്കുന്നതിനോട് അതിനെ ഉപമിച്ചുകൊണ്ട് നീതിപീഠം എത്രമാത്രം അപഹാസ്യമായാണ് ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നത് എന്നും ഓർക്കുക.

ജസ്റ്റിസ് ഖന്നയാണ് സുധീരമായി വിയോജനക്കുറിപ്പ് എഴുതിയത്. മാഗ്നാകാർട്ടയിൽ തുടങ്ങി സർ എഡ്വേർഡ് കോക്ക് (Sir Edward Coke)എന്ന നിയമ തത്ത്വചിന്തകനേയും അമേരിക്കൻ ഭരണഘടനയും

എല്ലാം ഉദ്ധരിച്ചാണ് ഖന്ന തന്റെ വിധി ന്യായം പറഞ്ഞുറപ്പിച്ചത്. അനുച്ഛേദം 21 മാത്രമല്ല ജീവിക്കാനുള്ള അവകാശത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും പ്രഭവകേന്ദ്രം. ഭരണഘടനയും അനുച്ഛേദങ്ങളും ഇല്ലെങ്കിലും ജനങ്ങൾക്ക് ഈ അവകാശമുണ്ട്. രാഷ്ട്രം ഭരണഘടനയിലൂടെ ഈ അവകാശങ്ങൾ സംരക്ഷിച്ചുകൊള്ളാം എന്ന ഉറപ്പാണ് ജനങ്ങൾക്ക് നൽകുന്നത്. ജനങ്ങൾക്ക് ഈ അവകാശ നിഷേധത്തിനെതിരേ ഹൈക്കോടതികളെ സമീപിക്കാൻ അവസരം നൽകുന്ന അനുച്ഛേദം 226 ഭരണഘടനയുടെ അവിഭാജ്യഭാഗമാണ്, ജസ്റ്റിസ് ഖന്ന തന്റെ വിധിന്യായത്തിൽ എഴുതി. അടിയന്തരാവസ്ഥ പിൻവലിച്ച് ജനതാ ഗവൺമെന്റിന്റെ കാലത്താണ് ഇന്ത്യയിലെ ഉന്നത നീതിപീഠം തങ്ങൾക്ക് സംഭവിച്ച വലിയ പിഴവ് തിരുത്തിയത്, മനേകാ ഗാന്ധി കേസിൽ അതിലേക്ക് വരുന്നതിനുമുൻപ് കേശവാനന്ദ ഭാരതിയും ഭരണ ഘടനയുടെ അടിസ്ഥാന ഘടനയുംകൂടി പരിചയപ്പെടേണ്ടതുണ്ട്.

**കേശവാനന്ദഭാരതി ഊട്ടിയുറപ്പിച്ച ഭരണഘടന**

കേശവാനന്ദ ഭാരതി കേസിൽ ഭരണഘടനയുടെ 24-ാം ഭേദഗതിയാണ് ചോദ്യം ചെയ്യപ്പെട്ടത്. പതിമൂന്നംഗ ബഞ്ചാണ് കേസ് വാദം കേട്ടത്. ഇന്ത്യൻ നീതിന്യായ ചരിത്രത്തിലെ ഏറ്റവും സുദീർഘമായ വാദവും വിധിന്യായവും. 7:6 അനുപാതത്തിൽ പ്രൊസീജറൽ ഡ്യൂ പ്രോസസ്സ് നിലവിൽവരുത്തുകയാണ് സുപ്രീംകോടതി ചെയ്തത്. നിയമ നിർമാണങ്ങൾ ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്ക് വിരുദ്ധമാവരുത് എന്ന് സുപ്രീംകോടതി വിധിച്ചു അമേരിക്കയിലെ ജസ്റ്റിസ് ഫ്രാങ്ക് ഫർട്ടർ, കാർഡോ സോ എന്നിവർ സ്വീകരിച്ച ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾ എന്ന തത്ത്വത്തിന്റെ പ്രതിഫലനമായിരുന്നു കേശവാനന്ദ ഭാരതി കേസിൽ കണ്ടത്. കേശവാനന്ദ ഭാരതി കേസോടെ കോടതികൾക്ക് നിയമത്തിന്റെ സാധുത പരിശോധിക്കുന്നതിനുള്ള അധികാരവും വ്യക്തികൾക്ക് കോടതികളെ സമീപിക്കുന്നതിനുള്ള അവകാശവും ഊട്ടിയുറപ്പിച്ചു.

**മനേകാഗാന്ധി കേസ്**

ഇന്ദിരാഗാന്ധിയുടെ സ്നുഷയായിരുന്ന മനേകാ ഗാന്ധി തന്റെ ഭർത്താവിന്റെ മരണത്തിന്റെ പിന്നാലെ ഭർതൃഗൃഹം എന്നോ പ്രധാന മന്ത്രിയുടെ വസതി എന്നോ പറയാവുന്ന ഇടത്തിൽനിന്ന് പുറത്താക്കപ്പെട്ടു. വൈകാതെ അവരുടെ പാസ്പോർട്ട് കണ്ടുകെട്ടിയതായും ഏഴ് ദിവസത്തിനകം അത് സറണ്ടർ ചെയ്യണം എന്നുമുള്ള നോട്ടീസ് അവർക്ക് പാസ്പോർട്ട് ഓഫീസിൽനിന്ന് ലഭിച്ചു. ഇതിനെയാണ് അവർ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തത്. നേരത്തേ നമ്മൾ കണ്ടതു പോലെ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം പതിന്നാലിൽ തുല്യതയിൽ ഡ്യൂ പ്രോസസ്സ് ഇല്ല. അനുച്ഛേദം 21 ജീവിക്കാനും സ്വാതന്ത്ര്യത്തിനുമുള്ള

അവകാശത്തിൽ പ്രൊസീജറൽ എന്നു പറയാവുന്ന 'നിയമത്താൽ നിർണയിക്കപ്പെട്ട നിർവഹണം' ആണുള്ളത്. മനേകാഗാന്ധി കേസിൽ സ്വേച്ഛാപരമായ നടപടി എന്നത് തുല്യതയുടെ വിപരീതമാണ് എന്ന് പറഞ്ഞു കൊണ്ട് ഏതൊരു നിയമവും നിർവഹണ വിഭാഗത്തിന്റെ പ്രവൃത്തിയും ജസ്റ്റ്, ഫെയർ, റീസണബിൾ (Just, fair and reasonable) ആയിരിക്കണം എന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചു. അതോടുകൂടി ഏതൊരു നിയമത്തിന്റെയും നിർവഹണ വിഭാഗത്തിന്റെ പ്രവൃത്തിയുടെയും സാധുത അനുച്ഛേദം 14 ഉൾപ്പെട്ടാലും ഇല്ലെങ്കിലും കോടതികൾക്ക് പരിശോധിക്കാം എന്ന് വന്നു. അതായത് നേരത്തെ ഗോപാലൻ കേസിലും ഹേബിയസ് കോർപ്പസ് കേസിലും സുപ്രീംകോടതി കാണിച്ച വിമുഖത മനേകാ ഗാന്ധി കേസിൽ തിരുത്തി. അതോടുകൂടി തത്ത്വത്തിൽ ഇന്ത്യൻ നീതിന്യായവ്യവസ്ഥയിൽ ഡ്യൂ പ്രോസസ്സിന്റെ സബ്സ്റ്റാൻറ്റീവ്, പ്രൊസീജറൽ എന്നീ രണ്ട് തലങ്ങളും നിലവിൽ വന്നു എന്നുപറയാം. പിന്നീട് വന്ന മിനർവ മിൽസ്, എസ്.ആർ. ബൊമ്മെ തുടങ്ങിയ നിരവധി കേസുകളിൽ സുപ്രിംകോടതി ഈ ടെസ്റ്റ് പരീക്ഷിക്കുന്നതും പ്രയോഗിക്കുന്നതും കാണാം.

മനേകാ ഗാന്ധിക്കുശേഷം ഇന്ത്യൻ കോടതികൾ ഡ്യൂ പ്രോസസ്സ് ക്ലോസ് ഉണ്ടായിരുന്നാൽ ഉപയോഗിക്കുന്നതിനെക്കാൾ കൂടുതലായി നീതിന്യായ അധികാരങ്ങൾ വിനിയോഗിച്ചേക്കാം എന്നൊരു ചിന്ത പലരും അഭിപ്രായപ്പെട്ടിരുന്നു. അനുച്ഛേദം 21 ജീവിക്കാനുള്ള അവകാശത്തിൽ വിദ്യാഭ്യാസവും സ്വച്ഛമായ വായുവിനും അന്തരീക്ഷത്തിനുമുള്ള അവകാശങ്ങൾ ഉൾപ്പെടെ ഏതാണ്ട് മുപ്പതോളം പുതിയ അവകാശങ്ങൾ സ്ഥാപിക്കുന്ന തരത്തിൽ ജുഡിഷ്യൽ ആക്ടിവിസം വികസിച്ചുവെങ്കിലും നിർദയ നിയമങ്ങളെ റദ്ദ് ചെയ്യുന്നതിനോ പൗരാവകാശങ്ങൾ, സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് ഈ നീതിന്യായ സങ്കല്പവികാസം സഹായിച്ചിട്ടില്ല എന്നതാണ് അനുഭവം.

**ഭീകരതയും നിയമവും**

ഇന്ത്യയിൽ നടപ്പിലാക്കിയ ഭീകരവാദ വിരുദ്ധ നിയമങ്ങളുടെ ചരിത്രം പരിശോധിക്കുക. ഇന്ദിരാഗാന്ധി വധത്തിനു ശേഷമാണ് ടാഡ നടപ്പിലാക്കുന്നത്. അന്ന് ഭീകരവാദ അന്തരീക്ഷം നിലവിലുണ്ടായിരുന്ന പഞ്ചാബിന് മാത്രമായി ഉദ്ദേശിക്കപ്പെട്ടതാണെങ്കിലും പിന്നീട് 23 സംസ്ഥാനങ്ങളിലേക്കും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുക

യായിരുന്നു. ടാഡയുടെ പ്രയോഗം എങ്ങനെയായിരുന്നു? കണക്കുകൾ പറയുന്നത് ഈ നിയമം ന്യൂനപക്ഷങ്ങൾക്ക് എതിരേയായിരുന്നു എന്നാണ്. ദേശീയ ന്യൂനപക്ഷ കമ്മിഷന്റെ കണക്കുപ്രകാരം രാജസ്ഥാനിൽ ടാഡ പ്രകാരം തടവിലാക്കപ്പെട്ട 432 പേരിൽ 409 പേരും ന്യൂനപക്ഷ മതത്തിൽപ്പെട്ടവരായിരുന്നു. 1993 ആകുമ്പോഴേക്കും ഗുജറാത്തിൽ 19, 000 പേർ ടാഡ പ്രകാരം തടവിലാവുകയും അതിൽ ഭൂരിപക്ഷവും ന്യൂനപക്ഷ മതത്തിൽപ്പെട്ടവരുമായിരുന്നു. ബിഹാറിൽ ഭൂവുടമൾക്കെതിരേ സമരം ചെയ്തവരും ഭൂമിക്കും വെള്ളത്തിനുംവേണ്ടി സമരം ചെയ്ത ദളിതരെയുമാണ് ഭീകര വാദികളാക്കി ടാഡ പ്രകാരം തടവിലിട്ടത്. അതേസമയം ദളിതരെ കൊന്നവർക്കെ തിരേ ടാഡ ചുമത്തിയതുമില്ല. മുംബൈ സ്ഫോടനക്കേസിൽ യാക്കൂബ് മേമൻ തൂക്കിലേറ്റപ്പെട്ടു. എന്നാൽ, മുംബൈ കലാപത്തിൽ ന്യൂനപക്ഷങ്ങൾക്കെതിരേ അക്രമം നടത്തിയവർ ശിക്ഷിക്കപ്പെട്ട തേയില്ല. അവയെല്ലാം തിരിച്ചറിയപ്പെടാ തെയും തെളിവുകൾ ഇല്ലാതെയും അവസാനിച്ചു. മനുഷ്യാവകാശ കമ്മിഷൻ അധ്യക്ഷൻ ആയിരുന്ന ജസ്റ്റിസ് രംഗനാഥ് മിശ്ര 1995-ൽ നിയമം പുതുക്കരുത് എന്ന് പാർലമെന്റ് അംഗങ്ങളോട് കത്തിലൂടെ അഭ്യർഥിച്ചിരുന്നു. എന്തായാലും പാർലമെന്റ് പുതുക്കാതിരുന്നതോടെ ടാഡ 1995-ൽ റദ്ദായിപ്പോയി.

2002-ൽ പുതിയൊരു ഭീകരവാദ വിരുദ്ധ നിയമം അവതരിച്ചു പോട്ട (Prevention of terrorist activities act, POTA), അമേരിക്കയിൽ വേൾഡ് ട്രേഡ് സെന്ററിന്റെ തകർച്ചയും ഇന്ത്യൻ പാർലമെന്റിന് നേരേ നടന്ന ആക്രമണവുമൊക്കെയായിരുന്നു പോട്ടയുടെ പ്രേരക ഘടകങ്ങൾ പോട്ടയും പ്രയോഗത്തിൽ വ്യത്യസ്തമായിരുന്നില്ല. 2002 ഗോധ്ര തീവണ്ടി കത്തിക്കലിൽ 62 മുസ്ലീങ്ങൾക്കെതിരേ പോട്ടോ (അന്ന് ഓർഡിനൻസ് ആയിരുന്നു) ചുമത്തി എന്നാൽ, ഗോധ്രക്കുശേഷം മുസ്ലീങ്ങൾക്ക് എതിരെ നടന്ന വംശഹത്യയെന്ന് വിളിക്കപ്പെട്ട ആക്രമണത്തിന്റെ പേരിൽ ആർക്കെതിരേയും ഭീകരവാദ വിരുദ്ധ നിയമം പ്രയോഗിച്ചില്ല. 2004 വരെ ഗുജറാത്തിൽ പോട്ട ചുമത്തിയ 280 പേരിൽ 279 പേരും മുസ്ലീങ്ങളായിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ രാഷ്ട്രീയ സമരങ്ങളിൽ ഏർപ്പെടുന്നവർ, ദളിതർ, സാമൂഹിക പ്രവർത്തകർ എന്നിവർക്കൊക്കെ എതിരെയാണ് പോട്ട ചുമത്തിയിരുന്നത്. 2004-ൽ യു.പി.എ. ഭരണകൂടം പോട്ട റദ്ദാക്കി. യു.എ.പി.എ. യിൽ ഭീകരവാദ വിരുദ്ധ വകുപ്പുകൾ ഉൾപ്പെടുത്തുന്നതിന് മുൻപുള്ള നിയമങ്ങളുടെ പ്രയോഗം ഇത്രയും ഉദാഹരിച്ചതേ നിർമാണ തലത്തിൽ മാത്രമല്ല നിർവഹണ തലത്തിലും ഇന്ത്യയിലെ ഭീകരവാദ വിരുദ്ധനിയമങ്ങൾ നീതിയുക്തമല്ല എന്ന് കാണിക്കാനാണ്. നിർഭാഗ്യവശാൽ

കർത്താർ സിങ് കേസിലൂടെയും പി.യു. സി.എൽ. കേസിലൂടെയും യഥാക്രമം ടാഡ, പോട്ട എന്നിവയുടെ ഭരണഘടനാ സാധുത ശരിവയ്ക്കുകയാണ് സുപ്രീംകോടതി ചെയ്തത്. പാർലമെന്റിന് നിയമ നിർമാണാധികാരം മാത്രം പോരാ അത് നീതിയുടെ അടിസ്ഥാനമൂല്യങ്ങളെ നിഷേധിക്കാൻ പാടില്ല എന്ന ഡ്യൂ പ്രൊസസിലെ നിർമാണതലം (substantive aspect) സുപ്രീം കോടതി അവഗണിക്കുകയായിരുന്നു.

കുറ്റാരോപണത്തിന്റെ ശരിതെറ്റുകൾ അല്ല പറയുന്നത്. പാർലമെന്റ് നിർമിച്ച ഒരു നിയമം നിലവിലുണ്ട് എന്നതുകൊണ്ട് മാത്രം അറസ്റ്റ് ചെയ്യപ്പെടുകയും കാലങ്ങളോളം ജാമ്യംപോലും നിഷേധിക്കപ്പെട്ട് തടവിൽ കഴിയേണ്ടി വരുകയും ചെയ്യുക എന്നത് നിയമത്തിന്റെ സ്പിരിറ്റ് പരിശോധിക്കുന്നതിനുള്ള അധികാരം ഭരണഘടന കോടതികൾക്ക് നൽകാത്തതുകൊണ്ടാണ്. നിയമം പാർലമെന്റ് നിർമ്മിച്ചു കഴിഞ്ഞാൽ ഭരണകൂടത്തിന് നിയമത്തിൽ നിർദേശിച്ച മാർഗങ്ങൾ പിന്തുടർന്നാൽ മാത്രം മതി നിയമം വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാവാം കോടതികൾ അവിടെ നിസ്സഹായമാവുന്നു. ഡോക്ടർ ബി.ആർ. അംബേദ്കർ ഭരണഘടനാ നിർമാണ സഭയിൽ പറഞ്ഞതുപോലെ പൗരാവകാശങ്ങൾ ആഴത്തിൽ ഉൾക്കൊണ്ട ജനാധിപത്യ തത്ത്വങ്ങൾ ആന്തരവത്കരിച്ച ഒരു സിവിൽ സമൂഹത്തെ രൂപപ്പെടുത്തുക എന്നത് മാത്രമാണ് ഭരണകൂട ഹിംസകൾക്ക് എതിരേയുള്ള ഒരേയൊരു പ്രതിരോധ മാർഗം.

**മാതൃഭൂമി ആഴ്ചപ്പതിപ്പ്**

**മേയ് 26 – ജൂൺ 1, 2024**

ᴥᴥᴥ

# Arrest, agencies and criminal courts

R. K. Vij

**The Supreme Court recently delivered two significant judgments that impact the liberty of people accused of criminal offences**

The Supreme Court did not mince words in May 2024, while delivering two significant judgments that impact the liberty of people accused of criminal offences. The first judgment says that the custody of an accused is not necessary prior to the filing of the charge sheet in certain criminal cases. If the lower courts strictly comply with the directives in this judgment, it would bring relief to investigating agencies.

The second judgment relates to informing an accused of the grounds of arrest in writing. This is a fundamental right under Article 22 of the Constitution. While this judgment was delivered in the context of special statutes- namely, the Prevention of Money Laundering Act (PMLA), 2002 and the Unlawful Activities (Prevention) Act (UAPA), 1967- it will be relevant to see whether these directives can equally be extended to provisions of the Criminal Procedure Code (CrPC) as far as communication of grounds of arrest is concerned.

## Filing of charge sheet

In Siddharth v. State of Uttar Pradesh and Another (2021), the Supreme Court held that it is unnecessary for the investigating officer (IO) to present the accused in custody at the time of filing the charge sheet if the accused has been cooperating in the investigation and if the investigation can be completed without arresting the accused. The Court held that Section 170 of the CrPC does not impose an obligation on the officer-in-charge of a police station to arrest each and every accused at the time of filing the charge sheet. Therefore, it is not justified under law for criminal courts to refuse to accept the charge sheet without the accused person being produced before them. The Court further said that if the charge sheet is not accepted for any such reason, then attention of the Sessions Judge should be drawn to these facts and a suitable order given.

This implies that in bailable cases and in those non-bailable cases in which the IO thinks that the accused will neither abscond nor disobey summons, the IO is not obliged to produce such an accused in custody while filing the charge sheet in court.

However, the reality is that the IOs sometimes struggle to file charge sheets in criminal courts. In cases of riots, when there are a large number of accused people and every accused person released on bail by the police is not present at the time of filing the charge sheet, the charge sheet is not accepted by the court. Sometimes, courts don't accept the charge sheet of cases beyond an arbitrarily fixed number in one day, or after a particular time in a day. The IOs are reluctant to complain about these issues to a Sessions Judge because this might prove counter productive for other miscellaneous works at the ground level. Though the Siddharth v. State of Uttar Pradesh Judgment was delivered more than two years ago, the situation does not seem to have changed much.

**Grounds of arrest**

In Pankaj Bansal v. Union of India and Others (2023), the Supreme Court held that the grounds of arrest must be informed in writing to the accused as a matter of course and without exception, to give true meaning and purpose to the constitutional and statutory mandate of Section 19(1) of the PMLA. Similarly, recently in Prabir Purkayastha v. State (NCT of Delhi), the Court reiterated the ratio of Bansal (supra) case and held that the provision of arrest, as far as informing grounds of arrest is concerned, is pari passu (equal footing) under the UAPA. The Court held that the 'reasons of arrest' are purely formal parameters which commonly apply to any person arrested on charge of a crime whereas the 'grounds of arrest' would be invariably personal and required to contain details which necessitated the arrest of the accused. Therefore, unless grounds of arrest are informed in writing, arrest and subsequent remand would become invalid in the eyes of law.

Importantly, Section 50(i) of the CrPC also provides that "every police officer or other person arresting any person without warrant shall forthwith communicate to him full particulars of the offence for which he is arrested or other grounds of arrest". Therefore, even for offences registered under the Indian Penal Code (IPC), an accused is required to be informed about the grounds of arrest, along with important facts of the case. The burden lies on the prosecution to prove that the statutory provisions have been complied with.

The arrest memo prepared by the IO contains a note which says “the arrested person, after being informed of the grounds of arrest and his legal right, was duly taken into custody. The arrest memo which is written separately for each accused contains inter alia all sections of offence(s) applied, date of offence, place, and time and date of arrest and is signed by the IO. It is also counter signed by the arrestee. However, there is no provision in law to provide a copy of this memo to the accused person at the time of his arrest. This becomes more relevant for those who are not named in the First Information Report.

The Court has said that the grounds of arrest must be provided in writing so that the accused person can seek legal counsel and seek bail on the basis of unambiguously stated facts of the case by the investigating agency. If that be so, the ratio of the Bansal case (supra) must equally apply to Section 50(1) of the CrPC, particularly when such a right is held to flow from Article 22 of the Constitution. It will be apposite to amend the law and provide a copy of the arrest memo with some modification to fulfil the constitutional mandate towards an accused person.

*(R. K. Viji is a former Indian Police Officer)*

**The Hindu,**
**12 June 2024**

# Parliament's changed bench strength spells more hope

K. V. Prasad

There is a great sense of expectation from the 18th Lok Sabha, with the inaugural session scheduled to commence on June 24. The hope is that the new House will be different in its working and its deliberations during its tenure. The anticipation arises from the reduced numerical presence of the governing coalition's lead partner, the Bharatiya Janata Party (BJP), and the increased strength of a combined Opposition, led by the Congress, than what it was during the previous two editions of the Lok Sabha After a hiatus of a decade, a government is a coalition, headed by the leader of the single-largest party and now dependent on crucial support from two regional alles, the Janata Dal (United) and the Telugu Desam Party. Though, technically, the BJP helmed the National Democratic Alliance government, between 2014-2024, the situation then was different as the lead party had comfort in bench strength, an element missing for the present.

**More space for the Opposition**

The verdict handed over by the people in 2004 is clear. The country requires a stronger Opposition, which can put forth views that are in contrast with the policies and programmes of the governing coalition and blunt the ability of the lead party to vigorously push its agenda without facing resistance. As new members of the 18th Lok Sabha take oath, the combined Opposition strength stands a little over 230, while the governing coalition with over 300 members, tips the scales precariously in its favour.

This change in the constitution of the new House gives rise to the hope that there would be greater accommodation on behalf of the government towards concerns of the Opposition. During the past decade, Members of Parliament opposed to the government complained that behind the wall of majority, the BJP's parliamentary managers conceded little

space. The instances often cited to back this claim were the non-acceptance, in Parliament, of notices for adjournment or discussions on issues such as the border situation since the bloody clashes with China, and attendant matters.

On the other hand, the government's insistence on performance measured in terms of productivity on legislation became a barometer for the efficacy of Parliament. While both Houses of Parliament remain the only place to legislate laws for the country, the tendency of the governing coalition's parliamentary managers to secure passage without adequate scrutiny and debate become a bone of contention with the Opposition. The sheer presence of its greater numbers permitted the government to follow the latter portion of the adage that the 'opposition can have its say, the government will have its way'.

The norm of subjecting proposed legislation to parliamentary oversight in the form of scrutiny by committees of jurisdiction became scarce. Three decades ago, Parliament decided to expand the committee system and introduced an additional layer of reading of the Bills. It served Parliament well, permitting Members across the aisle to deliberate on Bills in a non partisan and dispassionate manner and offer recommendations to fine-tune proposed legislation. The rationale of conducting committee meetings away from the public glare or providing access to the media during its deliberations was to prevent the proclivity of members to grand-stand on party lines. Unanimity was the mantra.

Committees have been transacting a load of business in examining issues and hearing suggestions from domain experts which become integral in arriving at recommendations on a subject under study. For instance, the Opposition cited the three controversial farm laves that were cleared without referral to the Committee, leading to protests and eventually forcing the government to withdraw them.

The Opposition's contention was that an examination by the committee of jurisdiction and its consultation process would have provided the

government a well-rounded view. This opportunity was missed. The system of parliamentary oversight cannot be equated to placing Bills in the public domain and inviting suggestions, which are then vetted by bureaucratic processes. The committee work begins after the Ministry concerned drafts a bill incorporating, if need be, suggestions flowing from the public.

Both Houses have separate Rules of Procedure and Conduct. While following these meticulously is expected, Parliament also functions on time-honoured conventions. For instance, when the Minister makes a suo motu statement on any issue in Rajya Sabha, the Chair can permit members to seek clarifications, a convention that is unique to the House.

While many advocate the need for a debate between contesting candidates during elections on the lines of the US presidential candidates, the unique practice of holding the elected government of the day is at play each day during Question Hour. Ministers come prepared to take questions from Members, which reflects the extent of the grasp of the subject of those seeking information and the one who is duty bound to respond. The schedule of the calendar allocates Ministries on specific days including the Prime Minister's Office. In the last 10 years, the Prime Minister has not made an intervention even as a Junior Minister has responded. Another practice given a go by is the Prime Minister making a statement after his foreign travels, a task sometimes delegated to the Minister of External Affairs.

**The post of Speaker**

The first test of the governing coalition and the combined Opposition in Parliament will be when Members of Parliament of the new Lok Sabha will be called upon to elect the Speaker and custodian of the House. The governing coalition has the numbers to place its own person even though the Opposition may seek to test the waters. However, the second test will be on the election of the Deputy Speaker, a constitutional post that remained vacant during the five year tenure of the 17th Lok Sabha. Citing convention and tradition, the Opposition expects the position to be offered to it in the current House. During the past four decades, there

have been exceptions when a member belonging to a party outside the government was elected in 1995 and then again in 2014, the All India Anna Dravida Munnetra Kazhagam's M. Thambidurai secured the honour.

As for the proceedings, the new session will offer the Opposition ample opportunity to critically evaluate the policies and programmes of the government, which will be put forth during the address of the President of India, Droupadi Murmu, to Members of both the Houses sitting together. The ensuing debate on the Motion of Thanks to the President's Address offers an opening for the Opposition to pick up and analyse threadbare issues of concern without getting hemmed by the topic being permane. In a way, the Motion can be likened to be an omnibus resolution.

Significantly, past days after the Lok Sabha results, the chief of the Rashtriya Swayamsevak Sangh Mohan Bhagwat articulated his thoughts which lay emphasis on consensus building and suggesting that the Opposition must be viewed as a political opponent and not an adversary.

**Points of friction**

In the run up to the inaugural session of the new Lok Sabha, points of friction between the governing coalition and the Opposition cropped up on two occasions. The Congress objected to the manner in which the statues of Mahatma Gandhi and B.R. Ambedkar was shifted to a newly constructed and designated spot called "Prerna Sthal" (or an inspirational place) within Parliament's precincts and also the decision to appoint BJP's Bhartruhari Mahtab as *pro tem* Speaker.

The first decision, it contended, was arrived at without due process established in Parliament, while the second decision, on the *pro tem* Speaker ignored the convention that senior most members in the current House should have been appointed to complete the formalities of the swearing-in of new Members of

Parliament. The Speaker, Om Birla, dismissed the first by stating that consultations were held and 'that there was no need to indulge in politics on this'. In the second instance, the Parliamentary Affairs Minister, Kiren Rijiju, went public criticising the Congress for politicising the appointment.

By calling on the Leader of the Opposition in the Rajya Sabha, Mallikarjun Kharge earlier, the Parliamentary Affairs Minister indicated that in parliamentary democracy, the governing coalition would follow time-honoured traditions. As day's progress and regular sessions begin, the role will require dexterity to underscore that the spirit of accommodation. While the governing, coalition should be in the forefront to take every shade of opinion along, the Opposition needs to recalibrate its strategy to extract the best by taking recourse to parliamentary tools on the anvil. And, the onus will be on all sides to maintain civility in debate.

*(K.V. Prasad Delhi based Senior Journalist)*

**The Hindu,**

**24 June 2024**

# Comments invited on draft Indian Stamp Bill, 2023

Tanvi Vipra

The Ministry of Finance released the draft Indian Stamp Bill, 2023 for public comments. It seeks to replace the Indian Stamp Act, 1899. The Act provides for the levy of stamp duty on instruments such as affidavits, bills of exchange and bonds. The draft Bill retains several provisions of the Act. Key changes include the following:

- **Duty for certain instruments to be as per market value:**

A duty is payable upon the execution of instruments such as lease agreements and bonds. The draft Bill adds that the duty on certain transactions such as renewal of mining leases or transfer of interest in an estate will be based on the market value of the instrument.

- **Exemptions:**

The Act exempts instruments that are used to sell and transfer ships from stamp duty. The draft Bill changes this to exempt instruments executed by, for, or on behalf of developers or units related to Special Economic Zones (SEZ). Developer refers to a person or state government, authorised by the central government. Unit may be set up by an entrepreneur in an SEZ.

- Under the Act, transfer in beneficial ownership of (i) securities dealt by depositories and (ii) of mutual fund units, is exempt from stamp duty. The draft Bill removes this exemption. It continues to exempt transfer of registered ownership of securities between a person and a depository from stamp duty. It also adds that strategic sale or disinvestment of any government property to another state/ central government will not be liable for stamp duty.

- **Collection of duties by private entities:** Under the draft Bill, duty levied on the sale and transfer of securities will be collected by certain entities on behalf of the state government. These include the stock exchange, depository, or an

authorised clearing corporation. They will deduct a percentage of the stamp duty as a 'facilitation charge' before transferring it to the state government. The manner of collecting the stamp duty will be determined by the central government.

- **Under-valuation of instruments:** If an instrument is considered under-valued by the registering officer, the District Collector will determine its appropriate value. Appeals against the order of the Collector can be made to the Chief Controlling Revenue Authority.

**January 2024,**
**PRS Legislative Research**

# Water (Prevention and Control of Pollution) Amendment Bill, 2024 Passed by Parliament

Tanvi Vipra

Parliament passed the Water (Prevention and Control of Pollution) Amendment Bill, 2024. It amends the Water (Prevention and Control of Pollution) Act, 1974. The Act establishes the central and state pollution control boards (CPCB and SPCBs) to prevent and control water pollution. The Bill decriminalises several violations and instead imposes penalties. It will initially apply to Himachal Pradesh, Rajasthan and the union territories. Other states may pass resolutions to extend its applicability to their states.

• **Consent exemptions for establishing industries:**

As per the Act, prior consent of the SPCB is required for establishing any industry or treatment plant, which is likely to discharge sewage into a water body, sewer or land. The Bill specifies that the central government, in consultation with the CPCB, may exempt certain categories of industrial plants from obtaining such consent. The Bill also adds that the central government may issue guidelines for the grant, refusal or cancellation of consent granted by the SPCB.

• Under the Act, establishing and operating an industry without obtaining such consent from the SPCB is punishable with imprisonment up to six years and fine. The Bill retains this. It also penalises tampering with monitoring devices used in determining whether any industry or treatment plant can be set up. The penalty will be between Rs. 10,000 and Rs. 15 lakh.

• **Discharge of polluting matter:** Under the Act, the SPCB may issue directions to immediately restrain any activity which is leading to discharge

